# ഗുരുനാഥൻ.

പുസ്തകം ൭ | 1105 ഇടവം | ലക്കം 10

## മോണ്ടിസോറിയുടെ വിദ്യാഭ്യാസരീതി.

ആധുനികവിദ്യാഭ്യാസലോകത്തിന് സുപരിചിതയായിട്ടുള്ള ഒരു സ്ത്രീരത്നമാണ് ഡാക്ടർ മറിയമോണ്ടിസ്സോറി. ഇവരുടെ ജന്മദേശം ഇററലിയാണ്· ശിശുവിദ്യാഭ്യാസസംബന്ധമായി ആരംഭിച്ച പരിഷ്കാരങ്ങൾ നിമിത്തം വിദ്യാഭ്യാസലോകത്തിൽ വിശ്രുതയായിത്തീർന്നിട്ടുള്ള ഈ വനിതാരത്നം, ഡാൾട്ടൻബോധനരീതിയുടെ പ്രാരംഭകർത്രിയും സുപ്രസിദ്ധയായ ഒരു വിദ്യാഭ്യാസപ്രവർത്തകയുമായ മിസ്സ് ഹെലൻ പാർക്കേഴ്സ്റ്റിൻെറ സമാനകാലീനയാകുന്നു. വിദ്യാഭ്യാസലോകത്തിൽ ഡാക്ടർ മോണ്ടിസ്സോറിക്കു ലഭിച്ചിട്ടുള്ള അനശ്വരയശസ്സിന് അവർ എത്രത്തോളം അർഹതയുള്ളവരാണെന്ന് നമുക്കു പരിശോധിച്ചുനോക്കാം.

അവരുടെ ജീവിതചരിത്രം പരിശോധിക്കുന്ന ഒരാൾക്ക് വിദ്യാഭ്യാസപ്രവർത്തനത്തിന് അനുകൂലമായ ഒരു ജീവിതമല്ല ആദ്യകാലത്തു് അവർ നയിച്ചിരുന്നതെന്നു സ്പഷ്ടമായി മനസ്സിലാക്കാവുന്നതാണ്, ആദ്യകാലത്തു് അവർ വൈദ്യമാണ് ഇഷ്ടപ്പെട്ടിരുന്നതു്. വൈദ്യപഠനത്തിൽ കൂടിയാണ് അവർ വിദ്യാഭ്യാസവുമായി ഇടപെട്ടതു്. ഒരു ഡാക്ടർ എന്ന നിലയിലുള്ള അവരുടെ പ്രവൃത്തികൾ മാനസികന്യൂനതകളുള്ളവരുമായി ഇടപെടുന്നതിനും അവരെ സംബന്ധിച്ച പല കാര്യങ്ങളും അറിയുന്നതിനും നല്ല അവസരം നൽകി. ഇതാണ് അവരെ മനശ്ശാസ്ത്രത്തിലേക്കും പിന്നീട് വിദ്യാഭ്യാസത്തിലേക്കും നയിച്ചതു്. വിദ്യാഭ്യാസലോകത്തിൽ കാണുന്നദൂഷ്യങ്ങളെ ദൂരീകരിക്കുന്നതിനു ശിശുവിദ്യാഭ്യാസപരിഷ്കാരം അത്യാവശ്യമാണെന്ന് അവർക്ക് ബോദ്ധ്യമായി. അതുകൊണ്ട് ഒരു ഡാക്ടർ എന്ന നിലയിൽ തനിക്കു ലഭിക്കാമായിരുന്ന ബഹുമതികളെ ഉപേക്ഷിച്ച് അവർ ശിശുവിദ്യാഭ്യാസപരിഷ്കരണത്തിൽ ഏർപ്പെട്ടു. ഡാക്ടർ മോണ്ടിസ്സോറിയെ മാനസികമായ ന്യൂനതകളുള്ള കുട്ടികൾക്കായി ഏർപ്പെടുത്തിയിരുന്ന ഒരു പാഠശാലയിൽ അദ്ധ്യാപികയായി നിയമിച്ചു. ഇവിടെവച്ചാണ് അവർ ആദ്യപരിശോധനകൾ നടത്തിയതും മന്ദബുദ്ധികളായ കുട്ടികളെ പ

രിശീലിപ്പിച്ച് അത്ഭുതകരമായ വിജയം നേടിയതും. തന്റെ രീതിയുടെ ശ്രേഷ്ഠത അവർ നല്ലവണ്ണം അറിഞ്ഞിരുന്നു.

ഡാക്ടർ മോണ്ടിസോറിയുടെ ബോധനരീതിയിലുള്ള തത്വങ്ങൾ എന്തെല്ലാമാണെന്ന് നമുക്കു പരിശോധിച്ചുനോക്കാം. അവരുടെ ഗ്രന്ഥങ്ങളിലൊന്നിലുംതന്നെ ഈ രീതിയുടെ അടിസ്ഥാനതത്വങ്ങളെന്താണെന്ന് പറയുന്നില്ലെങ്കിലും അവരുടെ പ്രയോഗത്തിൽനിന്നും നമുക്ക് ഏറക്കുറെ മനസ്സിലാക്കാവുന്നതാണ്.

മോണ്ടിസോറിവിദ്യാലയം സന്ദർശിക്കുന്ന ഒരാളെ ആകർഷിക്കുന്ന പ്രധാനസംഗതി അവിടെ കുട്ടികൾ അനുഭവിക്കുന്ന സ്വാതന്ത്ര്യമാകുന്നു. അവിടെ സമയവിവരപ്പട്ടികയില്ല; ഒരു പ്രത്യേകസമയത്തു പഠിപ്പിച്ചുതീർക്കേണ്ട പാഠപദ്ധതിയില്ല; നിയമനത്തേയോ നടത്തയേയോ സംബന്ധിക്കുന്ന കക്ശനിയമങ്ങളില്ല; നാം മനസ്സിലാക്കിയിട്ടുള്ള അർത്ഥത്തിലുള്ള ശിക്ഷകളോ സമ്മാനങ്ങളോ ഇല്ല. എങ്കിലും പരിപൂർണ്ണമായ സമാധാനവും സന്തോഷവും അവിടെ കാണാവുന്നതാണ്. വാസ്തവത്തിൽ അതു് കുട്ടികളുടെ സ്വാതന്ത്ര്യരംഗം—സ്വയംഭരണരംഗം—തന്നെയാണ്. അദ്ധ്യാപകൻ ഇടപെടുകയോ സമാധാനമായിരിക്കുവാൻ വിളിച്ചുപറയുകയോ ചെയ്യാറില്ല. ആന്തരികമായ പ്രേരണയാലെന്നപോലെ കുട്ടി തന്നത്താൻ ഇരിക്കുകയും, നില്ക്കുകയും, കളിക്കുകയും പ്രവർത്തിക്കുകയും മററുംചെയ്യുന്നു. എന്നാൽ മററുള്ളവരുടെ ആജ്ഞകൊണ്ടോ ഉപദേശംകൊണ്ടോ അല്ല അങ്ങനെ ചെയ്യുന്നതു്. കുട്ടികൾക്കു നല്കുന്ന ഈ സ്വാതന്ത്ര്യമാണ് ഡാക്ടർ മോണ്ടിസ്സോറിയുടെ ബോധനരീതിയിലെ ഏററവും പ്രധാനതത്വം.

ഈ രീതിയിലുള്ള വേറൊരു തത്വം വ്യക്തിത്വത്തോടുള്ള ബഹുമാനമാകുന്നു. ഇതു് ആദ്യത്തെ തത്വത്തിൽ അന്തർഭവിച്ചിട്ടുണ്ടെങ്കിലും ഒരു പ്രത്യേകപ്രമാണമായി വിചാരിക്കേണ്ട ആവശ്യമുണ്ട്. കുട്ടികളെ ഒന്നിച്ചിരുത്തി അദ്ധ്യയനം നടത്തുന്നതിനെപ്പററി ഈ രീതിൽ അധികമൊന്നും കാണുകയില്ല. കുട്ടികൾ ഒന്നിച്ചു കളിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്ന ചില വിനോദങ്ങൾ ഒഴിച്ചാൽ—അതും പ്രായമായ ഘട്ടത്തിലാണ്—കൂട്ടപ്രവൃത്തി ഇല്ലെന്നുതന്നെ പറയാം. ഓരോ കുട്ടിയും അയാളുടെ ഇഷ്ടംപോലെ കളിക്കയോ പ്രവർത്തിക്കയോ ചെയ്യുന്ന ഒരു സ്ഥിതിയാണ് അവിടെയുള്ളതു്. അദ്ധ്യാപിക നല്കുന്ന ഉപദേശവും മററും ഒരു കുട്ടിക്കാണ്, ഒരു കൂട്ടത്തിനല്ല. ഓരോ കുട്ടിയും തന്റെ ശക്തികളിൽകൂടി പൂർണ്ണത്വം പ്രാപിക്കുന്നു എന്നും ഒരു വ്യക്തി എന്ന നിലയിൽ വേർതിരിക്കുന്ന ആ ആന്തരികശക്തി അയാളെ മുന്നോട്ടു നയിച്ചുകൊണ്ടുപോകുന്നു എന്നും ഈ മഹതി വിശ്വസിക്കുന്നു. അതുകൊണ്ട് എല്ലാ അദ്ധ്യാപന

ശാസ്ത്രവും വ്യക്തിയെപ്പററിയുള്ള പഠനത്തെ അടിസ്ഥാനമാക്കിയിരിക്കേണ്ടതാണ്. വ്യക്തിത്വത്തിന് അതിൻെറ വൈശിഷ്ട്യങ്ങൾ പ്രകടിപ്പിക്കുന്നതിന് ധാരാളം സൌകര്യവും, തന്നത്താൻ വളരുന്നതിനും രൂപീകരിക്കുന്നതിനും ആവശ്യമായ സഹായവും നൾകേണ്ടതാണ്. വ്യക്തിത്വത്തോടുള്ള സഹകരണഭാവമാണ് കുട്ടികളുടെ വളൎച്ചക്കായി തദനുയോജ്യമായ പരിസരം ഉണ്ടാക്കിക്കൊടുക്കുന്നതിന് അവരെ പ്രേരിപ്പിച്ചത്. പരിശോധനയിൽനിന്നും പരിചയത്തിൽനിന്നും കുട്ടികളുടെ വാസനകൾ കണ്ടുപിടിക്കുന്നതിനനുവദിക്കുന്നതിനു പകരം വിദ്യാഭ്യാസം അവൎക്ക് സജ്ജീകൃതമായ ഒരു പരിസരം ഉണ്ടാക്കിക്കൊടുക്കണമെന്നും, ആ പരിസരം വ്യക്തിത്വവളൎച്ചക്ക് അനുഗുണമായിരിക്കണമെന്നുമാണ് അവർ അഭിപ്രായപ്പെടുന്നത്. ഇതാണ് അവരുടെ പ്രവൎത്തനപദ്ധതിയുടെ രഹസ്യം. ഇത് പ്രായംകുറഞ്ഞ കുട്ടികളുടെ ബോധനവിഷയത്തിൽ അവരുടെ മുൻഗാമികളായിരുന്ന സെഗിൻ ഇററാർഡ് എന്നിവരുടെ പരിശ്രമഫലത്തെപ്പററിയുള്ള ദീൎഘകാലത്തെ പഠിപ്പിൻേറയും പരിശോധനയുടേയും ഫലമാകുന്നു.

അവരുടെ രീതിയിലുള്ള വേറൊരു തത്വം കുട്ടികൾ തന്നത്താൻ വിദ്യാഭ്യാസം ചെയ്യുന്നതിലുള്ള വിശ്വാസമാകുന്നു. ആദ്യത്തെ രണ്ടു പ്രമാണങ്ങളിലുള്ള വിശ്വാസത്തിൽനിന്നും, അധ്യാപകൻ കുട്ടികൾക്കുവേണ്ടി മുഴുവനും പ്രവൎത്തിക്കരുതെന്നും വളരെ കുറച്ചുമാത്രമെ ചെയ്യാവു എന്നും, ചിലസമയങ്ങളിൽമാത്രം ആവശ്യമുള്ള ഉപദേശമോ പ്രോത്സാഹനമൊ മാത്രമെ നൾകാവു എന്നും ആവശ്യമുള്ള വസ്തുക്കൾ തയാർചെയ്തുകൊടുക്കണമെന്നും അവർ മനസ്സിലാക്കി. എന്നാൽ സ്വശക്തികളെ ശരിയായി പ്രകടിപ്പിക്കുന്നതിനു വേണ്ട സൌകര്യം നൾകണം. അധ്യാപകൻെറ അനാവശ്യമായ ഇടപാടിൽനിന്നും മൃഗീയമായ നിയന്ത്രണത്തിൽനിന്നും അവരെ സ്വതന്ത്രരാക്കണം. മോണ്ടിസോറിയുടെ പ്രവൎത്തനപദ്ധതി 'തന്നത്താൻ തെററുതിരുത്തുക' എന്ന പ്രമാണത്തെയാണ് പ്രധാനമായി ആസ്പദമാക്കിയിരിക്കുന്നത്. പ്രവൎത്തനപദ്ധതിതന്നെ തെററുകൾ ചൂണ്ടിക്കാണിച്ച് കുട്ടികളെക്കൊണ്ട് തെററുകൾ തന്നത്താൻ തിരുത്തിക്കുന്നു. തന്നിമിത്തം ആത്മവിശ്വാസം എന്ന ഗുണമുണ്ടാകുന്നു. അത് ജീവിതവിജയത്തിന് അത്യന്താപേക്ഷിതമാണല്ലൊ.

ഡാക്ടർ മോണ്ടിസോറിയുടെ രീതിയിൽ കാണുന്ന വേറൊരു തത്വം പഞ്ചേന്ദ്രിയപരിശീലനത്തിനു നൾകപ്പെട്ടിരിക്കുന്ന പ്രാധാന്യമാകുന്നു. ബുദ്ധിശക്തിയെ പോഷിപ്പിക്കുന്നതിനു വിജയകരമായ മാൎഗ്ഗമെന്ന നിലയിൽ പഞ്ചേന്ദ്രിയപരിശീലനത്തിൻെറ മഹിമയെ എല്ലാ മനശ്ശാസ്ത്രജ്ഞന്മാരും ഏകകണ്ഠമായി സമ്മതിക്കുന്നുണ്ട്. വിദുഷിയായ ഈ വിദ്യാ

ഭ്യാസപ്രവൎത്തക അവരുടെ അധ്യാപനരീതിയിൽ ഇതിനെ വേണ്ടപോലെ വിനിയോഗിക്കുന്നുണ്ട്.

ഇതിൽനിന്നെല്ലാം ഡാക്ടർ മോണ്ടിസോറിയുടെ വിദ്യാഭ്യാസരീതിയിലുള്ള മൂലതത്വങ്ങൾ എന്തെല്ലാമെന്നും അവർ വിദ്യാഭ്യാസത്തിനായി എന്തു പ്രവൎത്തിച്ചിട്ടുണ്ടെന്നും നമുക്ക് മനസ്സിലാക്കാമല്ലോ. ഈ മഹിളയുടെ വിദ്യാഭ്യാസപ്രവൎത്തനത്തിനുമുമ്പ് ഫ്റോബലിന്റെ കിൻറർഗാട്ടൻ സമ്പ്രദായമാണ് കുട്ടികളെ മുഖ്യമായിപരിശീലിപ്പിച്ചിരുന്നത്. ഫ്റോബൽ തന്റെ രീതിയിൽ കാലാതീതനായിരുന്നെങ്കിലും—അദ്ദേഹത്തിന്റെ കിൻറർ ഗാട്ടൻ നാനാരാജ്യങ്ങളിലും പ്രചരിച്ചിട്ടുണ്ടെങ്കിലും—അദ്ദേഹത്തിന്റെ രീതിയിൽ അല്പം ആത്മീയവിചാരം ഉണ്ട്. ഒരു സാധാരണമനുഷ്യൻ ഫ്റോബലിന്റെ രീതിയെ മോണ്ടിസോറിയുടെ രീതിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഒന്നാമത്തേതു് രണ്ടാമത്തേതിൽനിന്നും പൂൎണ്ണത്വം പ്രാപിച്ചതായ ഒന്നായിട്ടെ വിചാരിക്കയുള്ളു. എന്നാൽ ഒരു വിദ്യാഭ്യാസപ്രസക്തന് രണ്ടുംതമ്മിലുള്ള യഥാൎത്ഥവ്യത്യാസം സ്പഷ്ടമായി കാണാവുന്നതാണ്. ഫ്റോബൽ തത്വശാസ്ത്രത്തെ അടിസ്ഥാനമാക്കി പ്രവൎത്തിക്കുന്നു. എന്നാൽ മോണ്ടിസോറി മനശ്ശാസ്ത്രത്തെ ആസ്പദമാക്കിയാണ് പ്രവൎത്തിക്കുന്നതു്. ഈ തത്വങ്ങൾ അനുസരിച്ചുതന്നെ പ്രവൎത്തിക്കുന്ന വേറൊരു വിദ്യാഭ്യാസപ്രവൎത്തക ഡാൾട്ടൻരീതിയുടെ നിൎമ്മാതാവായ മിസ്സ് ഹെലൻ പാൎക്കേഴ്സ്റ്റ് ആകുന്നു. എന്നാൽ അവരുടെ രീതി പ്രായമാകുന്നതിനുമുമ്പു കൗമാരദശയിലുള്ളവൎക്ക് വേണ്ടിയുള്ളതാണ്. അതു് കേവലം ശിശുക്കളിൽ പ്രയോഗിക്കാവുന്നതല്ല. എന്നാൽ ഈ രണ്ടു രീതികളുംതമ്മിൽ സ്പഷ്ടമായ ചില സാമ്യതകൾ ഉണ്ട്. ഡാൾട്ടൻസമ്പ്രദായം പരിശോധിക്കുമ്പോൾ മിസ്സ് ഹെലൻപാൎക്കേഴ്സ്റ്റും സ്വാതന്ത്ര്യത്തിന് അതിപ്രാധാന്യം നൾകുന്നുണ്ടെന്നു കാണാവുന്നതാണ്. ഒരു പ്രത്യേകവിഷയം പഠിക്കുന്നതിന് തനിക്കിഷ്ടമുള്ള സമയവും വേഗതയും നിശ്ചയിക്കുവാനുള്ള സ്വാതന്ത്ര്യം ഒരു കുട്ടിക്കുണ്ടായിരിക്കണമെന്നാണ് അവരുടേയും അഭിമതം. ഒരു സമയവിവരപ്പട്ടിക അയാളെ "ഇന്നസമയത്തു ഇന്നതെ പ്രവൎത്തിക്കാവൂ" എന്നു നിയന്ത്രിച്ചുകൂടാ. മോണ്ടിസോറിയെപ്പോലെ പാൎക്കേഴ്സ്റ്റും വ്യക്തിത്വത്തെ ബഹുമാനിക്കുന്നുണ്ട്. അവരുടെ പ്രവൎത്തനരീതി തന്നത്താൻ കുട്ടികൾ വിദ്യാഭ്യാസം ചെയ്യണമെന്നുള്ള മോണ്ടിസോറിയുടെ രീതിയുടെ ഒരു പ്രതിഫലനം മാത്രമെയാകുന്നുള്ളു. ഇതിൽനിന്നും വിദ്യാഭ്യാസത്തിൽ ഇവൎക്കുള്ള സ്ഥാനം നമുക്കു നിൎണ്ണയിക്കാവുന്നതാണല്ലൊ. മിസ്സ് പാൎക്കേഴ്സ്റ്റ്, മോണ്ടിസോറിയുടെ തത്വങ്ങളെത്തന്നെ പ്രയോഗപരിധി വിശാലമാക്കി പ്രവൃത്തിരൂപത്തിൽ വരുത്തുന്നതെയുള്ളു. ഈയിടെ മോണ്ടിസോറി അവരുടെ രീതി പ്രായമായ കുട്ടികളിലും പ്രയോഗിച്ചുനോ

ക്കിയിട്ടുണ്ട്. പ്രാഥമികപാഠശാലകളിൽ ധാരാളമായി ഉപയോഗിക്കുന്ന ഡാൽടൺരീതിയും ചില സൽഫലങ്ങളെ പ്രദാനം ചെയ്യുന്നുണ്ട്. കിൻറർഗാർട്ടൻസമ്പ്രദായത്തിനു യാഥാസ്ഥിതികന്മാർ സർവ്വപ്രാധാന്യം നൽകുമെങ്കിലും, പുരോഗമനമാർഗ്ഗത്തിൽകൂടി സഞ്ചരിക്കുന്ന വിദ്യാഭ്യാസപ്രവർത്തകന്മാർ പ്രാഥമികപാഠശാലകളിൽ മോണ്ടിസോറിയുടെ രീതി പ്രയോഗിച്ചുനോക്കുന്നതിനായിരിക്കും അധികം ഇഷ്ടപ്പെടുന്നത്. ആ പ്രായം കഴിഞ്ഞിട്ടുള്ള ഘട്ടത്തിൽ ഡാൽടൺസമ്പ്രദായം അവർ പ്രയോഗിച്ചുനോക്കുന്നതായിരിക്കും. പ്രമാണത്തിലും പ്രയോഗത്തിലും ഡാക്ടർ മോണ്ടിസോറി മിസ്സ് ഹെലൻ പാർക്കേഴ്സ്റ്റിൻെറ പുരോഗാമിയാണെന്നു പറയുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. അല്ലെങ്കിൽ രണ്ടു സഹോദരിമാരുടേയും പരിഷ്കാരങ്ങൾ പരസ്പരബന്ധമുള്ളതെന്നും ഇളയ സഹോദരി മൂത്ത സഹോദരി ആരംഭിച്ച പ്രവൃത്തിയെ പൂർണ്ണമാക്കുന്നു എന്നും വിചാരിക്കാം. എന്തുകൊണ്ടെന്നാൽ മോണ്ടിസോറിവിദ്യാലയത്തിൽ പഠിച്ച കുട്ടികളിൽ തൻെറ രീതി പ്രയോഗിക്കുമ്പോഴാണ് അത് കൂടുതൽ വിജയകരമായിക്കാണുന്നതെന്ന് പാർക്കേഴ്സ്റ്റ് തന്നെ സമ്മതിക്കുന്നുണ്ട്, മോണ്ടിസോറി കുട്ടികളെ ഡാൽടൺസമ്പ്രദായത്തിനു തയ്യാറാക്കുകയാണു ചെയ്യുന്നത്. ഈ രണ്ടു സഹോദരിമാരും എല്ലാ വിദ്യാഭ്യാസപ്രവർത്തകന്മാരുടേയും സ്നേഹബഹുമാനങ്ങൾക്കു അർഹതയുള്ളവരാണെന്നുള്ളതിനു സംശയമില്ല. ഇവരുടെ രീതികൾ വിദ്യാഭ്യാസലോകത്തിനു അഭംഗുരമായ ഭാവിയെ പ്രദാനം ചെയ്യട്ടെ. ഉത്തമമായ വിദ്യാഭ്യാസം നാട്ടിലെല്ലാം പ്രചരിക്കുമാറാകട്ടെ.

# അവരോധത്തിൽനിന്ന് അരങ്ങത്തേക്ക്.

(ആർ. ഈശ്വരപിള്ള ബി. ഏ.)

നാം നമ്മുടെ കണ്ണുകളെ വിദൂരമായ പൂർവ്വകാലത്തിലേക്കു തിരിക്കുന്നതായാൽ ലോകചരിത്രത്തിൻെറ പ്രഭാതത്തിലെ ധൂസരകിരണങ്ങളിൽകൂടി അനേകം ഉത്തമസ്ത്രീകളുടെ അവ്യക്തങ്ങളായ ഛായകൾ നമുക്ക് ദൃഷ്ടിഗോചരമായി ഭവിക്കുന്നതാണ്. ഇവർ പുരാതനത്വത്തിനു സഹജമായ ഒരു ജ്യോതിർമയപരിവേഷത്തോടുകൂടിയാണ് നമ്മുടെ മുമ്പിൽ നില്ക്കുന്നത്. ഇവർ യഥാർത്ഥത്തിൽ ജീവിച്ചിരുന്നവരൊ കവികളുടേയൊ പ

രാണകർത്താക്കളുടേയൊ ഭാവനാസൃഷ്ടികളോ എന്നു ഇപ്പോൾ തീർച്ചയാക്കു വാൻ സാധിക്കയില്ല. അതു് എങ്ങിനെയിരുന്നാലും നമ്മുടെ പ്രപിതാമഹന്മാൎക്കു് ഈ വിഷയത്തിൽ ഉൽകൃഷ്ടങ്ങളായിരുന്ന ആദൎശങ്ങളുണ്ടായിരുന്നു എന്നും സ്ത്രീകൾ ജനമദ്ധ്യത്തിൽ ഒരു മാന്യസ്ഥാനം വഹിച്ചിരുന്നു എന്നും ഇതിൽനിന്നും സ്പഷ്ടമാകുന്നുണ്ടു്. പാശ്ചാത്യപൌരസ്ത്യകവികളും പുരാണകർത്താക്കന്മാരും അവരുടെ കൃതികളെ അവിടവിടെ സുചരിത്രകളും ഗുണവതികളുമായ സ്ത്രീകളുടെ രമ്യങ്ങളായ ചിത്രങ്ങൾകൊണ്ടു സുപ്രസന്നങ്ങളാക്കീട്ടുണ്ടെന്നും നമുക്കറിയാം. അവയെ പലപ്പോഴും ബാഹ്യരേഖയിൽ മാത്രമെ വരച്ചിട്ടുള്ളു എങ്കിലും അവയിൽനിന്നു നമുക്കു് പ്രത്യക്ഷത്തിൽ ഗ്രഹിക്കാൻ സാധിക്കുന്നതിലധികം അനുമാനംകൊണ്ടു് മനസ്സിലാക്കാവുന്നതാണു്. ഇപ്രകാരമുള്ള ഉത്തമാദൎശങ്ങൾ കവിഹൃദയത്തിൽ പ്രതിഫലിക്കണമെങ്കിൽ അവയ്ക്കടിസ്ഥാനമായ യഥാൎത്ഥവസ്തുക്കളുണ്ടാകാതിരിക്കാൻ തരമില്ല. സാവിത്രി, പാഞ്ചാലി, ഹെല്ലൻ, സീത, പെനിലോപ്പി, താര, മണ്ഡോദരി മുതലായവർ കേവലം നിശ്ചേഷ്ടകളായ സത്വങ്ങൾ മാത്രമല്ലായിരുന്നു. അവരുടെ അന്യാദൃശമായ പ്രേരണാശക്തികൊണ്ടു പുരുഷന്മാരുടെ പ്രവൃത്തികളേയും ലോകഗതിയെത്തന്നെയും ഏറക്കുറെ നിയമനം ചെയ്തിട്ടുള്ളതായി ചരിത്രംകൊണ്ടു കാണാവുന്നതാണു്. എത്രയൊ ഗൌരവതരങ്ങളായ ലോകസംഭവങ്ങൾ ഇവരുമായിട്ടു സംബന്ധിക്കപ്പെട്ടിരിക്കുന്നു. ഏതായാലും പൂൎവകാലത്തു് സ്ത്രീകൾ ലോകദൃഷ്ടിയിൽ ഒരു മാന്യസ്ഥാനം വഹിച്ചിരുന്നു എന്നും സ്ത്രീത്വത്തിനു് അനന്യസാധാരണമായ മഹത്വം കല്പിക്കപ്പെട്ടിരുന്നു എന്നുമുള്ളതിനു സംശയമില്ല. എന്നാൽ ഇടക്കാലത്തിൽ ഈ വിഷയത്തിൽ ഒരു മാററം സംഭവിച്ചതായി വിചാരിക്കാൻ കാരണമുണ്ടു്. ലോകത്തിൽ ഏവിടെയും പാശ്ചാത്യപൌരസ്ത്യരാജ്യങ്ങളിൽ മിക്കവയിലും—ഭാരതത്തിൽ പ്രത്യേകിച്ചും—സ്ത്രീകളുടെ നിലക്കു് ഇടക്കാലത്തു് അല്പം ഇടിവുതട്ടിയതായിക്കാണുന്നുണ്ടു്. എന്നാൽ പാശ്ചാത്യരാജ്യങ്ങളിൽ സ്ത്രീകൾക്കു സാമുദായികവിഷയത്തിൽ ഏറക്കുറെ സ്വാതന്ത്ര്യമുണ്ടായിരുന്നു എന്നു പറയാം. മററു കാൎയ്യങ്ങളിൽ അവിടേയും ഭാരതത്തിലേപ്പോലെ ദ്വിതീയസ്ഥാനമെ സ്ത്രീകൾക്കു നൾകപ്പെട്ടിരുന്നുള്ളു. മററവകാശങ്ങളെ സമ്പാദിക്കുന്നതിനു് അവിടെയും നിരന്തരമായ ഒരുതരം സൌഹൃദയസമരംതന്നെ വേണ്ടിവന്നു. നമ്മുടെ ഭാരതഖണ്ഡത്തിൽ സ്ത്രീത്വത്തിനു സംഭവിച്ച ഇടിവു ഇനിയും നിശ്ശേഷം തീൎന്നതായിപ്പറവാൻ തരമില്ല. എന്നാൽ ഇവരും സ്വാതന്ത്ര്യപന്ഥാവിൽ ഇപ്പോൾ കുറച്ചുദൂരം പോയിക്കഴിഞ്ഞു. ഇങ്ങിനെ സ്ത്രീകളെ സംബന്ധിച്ചു പൂൎവകാലത്തുണ്ടായിരുന്ന ഉൽകൃഷ്ടഗണനക്കു് ഊനം വരുവാൻ പല കാരണങ്ങളുമുണ്ടായിരിക്കാം. പുരുഷന്മാരുടെ അതിയായ അധികാരഭ്രമം ഇതിന്നു സൎവലോക

സാമാന്യമായ ഒരു കാരണമാണെന്നുവേണം പറവാൻ. യുദ്ധങ്ങളും മററു കലഹങ്ങളും സാധാരണയായി ലോകത്തിൽ വൎദ്ധിച്ചതോടുകൂടി പുരുഷന്മാൎക്കു ഗൌരവം കൂടിയും അതിൽ പങ്കുകൊള്ളുവാൻ സാധിക്കാതിരുന്ന സ്ത്രീകൾക്കു അതു കുറഞ്ഞും വന്നിരിക്കാം. അക്കാലത്തു ധൈൎയ്യം, ശൌൎയ്യം, പൌരുഷം മുതലായ സാംയുഗീനഗുണങ്ങൾക്കായിരുന്നു ലോകദൃഷ്ടിയിൽ മാററു കൂടിയിരുന്നതു്. സ്ത്രീകൾക്കുംമററും സഹജങ്ങളായ പ്രശാന്തഗുണങ്ങൾക്കു സമുദായമദ്ധ്യത്തിൽ രണ്ടാമത്തെ സ്ഥാനം മാത്രമെ നൽകപ്പെട്ടിരുന്നുള്ളു. ധൈൎയ്യം മുതലായ സാംയുഗീനഗുണങ്ങളില്ലാത്ത പുരുഷന്മാരേയും ചില ജാതിക്കാരേയും സ്ത്രൈണജാതിക്കാരെന്ന ആക്ഷേപസൂചകമായ പേരു നൽകി സ്ത്രീകൾക്കു തുല്യമായി ഗണിക്കപ്പെട്ടിരുന്നു. ഇതു സ്ത്രീകളുടെ നിലയെ താഴ്ത്തുന്നതായ ഒരു സംഗതിയായിരുന്നു. അക്കാലത്തു വിദ്യാഭ്യാസം മിക്കവാറും ആയുധാഭ്യാസവുമായി ഘടിപ്പിക്കപ്പെട്ടിരുന്നതുകൊണ്ടു് അതും വേണ്ടതുപോലെ സ്ത്രീകൾക്കു ലഭിച്ചില്ല, ഇങ്ങിനെ സ്ത്രീകളുടെ സ്ഥിതി അല്പം അനാശാസ്യമായി ഭവിച്ചു. ഭാരതത്തിൽ ഇതിനുംപുറമെ സ്ത്രീകളുടെ നിലയെ ഉയൎത്താതിരിക്കുന്നതിനു മററു കാരണങ്ങളുമുണ്ടായിരുന്നു. “ജാതിവിഭാഗം” മനുഷ്യരിൽ ഒരു വ്യാവൎത്തനബുദ്ധി ജനിപ്പിക്കുന്നതു സഹജമാണു്. ഈ സ്വഭാവം നിമിത്തം പുരുഷന്മാർ സങ്കുചിതബുദ്ധികളായി ഭവിച്ചു സ്ത്രീകളെ ഒരു പ്രത്യേക വൎഗ്ഗക്കാരെന്ന നിലയിൽ വിചാരിക്കുന്നതിനിടയായി. ലോകകാൎയ്യങ്ങളുടെ വൎദ്ധനയോടുകൂടി കൃത്യവിഭജനത്തിൻെറ ആവശ്യവും നേരിട്ടു. സാമുദായികവും മതപരവുമായ കാൎയ്യങ്ങളെ നിയമംകൊണ്ടു വ്യവസ്ഥപ്പെടുത്തേണ്ടതായുമിരുന്നു. ജാതിസംഘടനകൊണ്ടുതന്നെ വന്നുകൂടിയ സങ്കുചിതമായ ലോകാവലോകനശീലത്തോടുകൂടിയാണു് നിയമങ്ങൾ നിൎമ്മിക്കപ്പെട്ടതും ആചാരങ്ങളെ സ്വീകരിച്ചതും. ഇതിൽ പുരുഷന്മാർതന്നെ സ്ത്രീകളേയും പ്രതിനിധീകരിച്ചിരുന്നു. ഇവയോടുകൂടി സ്വാതന്ത്ര്യം വേണ്ടതാണെന്നു വിചാരിക്കുന്നതിൽ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു സ്ത്രീകളെസംബന്ധിച്ചുള്ള അന്നത്തെ നിയമങ്ങളൊക്കെയും സമുദായമദ്ധ്യേ അവരുടെ പ്രാധാന്യത്തെ കുറക്കുന്നവയായിത്തന്നെ ഇരുന്നു. അവൎക്കു അന്തൎവ്വത്നീത്വം-പ്രസവം-ശിശുസംരക്ഷണം-മുതലായ ഭാരങ്ങളുണ്ടായിരുന്നതുകൊണ്ടും അറ കാശവാദങ്ങളും മററും പുറപ്പെടുവിക്കുന്നതിനും സ്ഥാപിക്കുന്നതിനും സൌകൎയ്യവുമില്ലായിരുന്നു. സ്വാതന്ത്ര്യമാണെങ്കിൽ അവരോധത്തിൻെറ ചുററുമുള്ള ഭിത്തികൾകൊണ്ടു നിയന്ത്രിക്കപ്പെട്ടിരുന്നു. വിദ്യാഭ്യാസമില്ലാതിരുന്നതിനാൽ എല്ലാം ‘തലയിലെഴുത്താ’ണെന്നു വിചാരിച്ചു അവരും അടങ്ങിയിരുന്നു. എന്നാൽ എത്ര ദീൎഘമായ രാത്രിക്കും ഒരവസാനമില്ലാതെ വരാൻ തരമില്ലല്ലോ. സ്ത്രീകളുടെ ദുരവസ്ഥക്കും അവസാനമുണ്ടായി. അപരിഷ്കൃതകാലത്തു സ്ത്രീ

കൾക്കു പുരുഷന്മാരോടൊപ്പം പ്രാധാന്യം നൽകാതിരുന്നതിനു ഇതുപോലെ പല കാരണങ്ങളുമുണ്ടായിരുന്നു എന്നു വന്നേക്കാം. എന്നാൽ പരിഷ്കാരം വൎദ്ധിക്കയും സമുദായസ്ഥിതി സുരക്ഷിതമായിത്തീരുകയും ചെയ്തതിനു ശേഷവും പഴയ മനസ്ഥിതിയെ നീട്ടിക്കൊണ്ടു പോകണമെന്നുള്ള വിചാരമൊ നിർബന്ധമൊ വല്ലവൎക്കുമുണ്ടെങ്കിൽ അതു അവരുടെ ഹ്രസ്വവീക്ഷണത്തേയും സംകുചിതബുദ്ധിയേയുമാണ് സൂചിപ്പിക്കുന്നതു്. എന്നാൽ ഭാഗ്യവശാൽ ഇന്നു അപ്രകാരമുള്ളവർ വളരെ കുറഞ്ഞാണു വരുന്നതു്. മനുഷ്യവൎഗ്ഗത്തിന്റെ പുരോഗതി അതിന്റെ അൎദ്ധഭാഗത്തെമാത്രം ആശ്രയിച്ചല്ല ഇരിക്കുന്നതെന്നു മനസ്സിലാക്കാനുള്ള ഉദാരബുദ്ധി മിക്കവൎക്കും ഉണ്ടായിത്തുടങ്ങീട്ടുണ്ടു്. ഇന്നു ലോകത്തിലുള്ള എല്ലാ വൎഗ്ഗക്കാരും കണ്ണുതുറന്നു ചുററും നോക്കിത്തുടങ്ങീട്ടുള്ള കാലമാണ്. അവരവൎക്കു ജന്മസിദ്ധങ്ങളായ എന്തെല്ലാം അവകാശങ്ങളുണ്ടെന്നും അവയിൽ എന്തെല്ലാം അന്യായമായി അപഹരിക്കപ്പെട്ടിട്ടുണ്ടെന്നും അവയെ വീണ്ടെടുക്കുന്നതിനുള്ള വഴികൾ എന്തെല്ലാമാണെന്നും ഇന്നു എല്ലാ വൎഗ്ഗക്കാരും വ്യക്തികളും അന്വേഷിച്ചുകൊണ്ടിരിക്കയാണ്. ഈ മനസ്ഥിതി അവരോധങ്ങളിലേക്കും പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു. സ്ത്രീകൾക്കു സ്വാതന്ത്ര്യം പാടില്ല; വേദാദ്ധ്യയനം പാടില്ല; വീട്ടിനുവെളിക്കു പൊയ്ക്കൂടാ എന്നുംമററും വിധിച്ചിട്ടുണ്ടെങ്കിൽ അവ കേവലം അൎത്ഥമില്ലാത്ത മൃതാക്ഷരങ്ങൾ മാത്രമായിട്ടാണു ഇന്നു ഗണിക്കപ്പെട്ടുവരുന്നതു്. മനുഷ്യരെ സൃഷ്ടിച്ചപ്പോൾ അവരിൽ അൎദ്ധഭാഗക്കാൎക്കുമാത്രം തലച്ചോറു നൽകിയതായി വിചാരിപ്പാൻ കാരണമില്ല. വിപരീതമായ പരിതസ്ഥിതികളുണ്ടായിരുന്നിട്ടും, സ്ത്രീകൾ അവരുടെ സ്വഭാവഗുണത്തേയും ബുദ്ധിവൈഭവത്തേയും മഹത്വത്തേയും പ്രദൎശിപ്പിക്കാതിരുന്നിട്ടില്ലെന്നുള്ള വസ്തുതതന്നെ മേൽപറഞ്ഞ സംഗതിയെ നിഷേധിക്കുന്നു. ചരിത്രത്തിന്റെ വശങ്ങൾ വരി വിട്ടുകളയാതെ വായിക്കുന്നതായാൽ സ്ത്രീകൾക്കു പുരുഷന്മാരോടൊപ്പമൊ അവരെ കവിഞ്ഞൊ ബുദ്ധിസാമൎത്ഥ്യവും ശ്രേഷ്ഠതയുമുണ്ടായിരുന്നതായി പ്രത്യക്ഷപ്പെടുന്നതാണ്. എന്നാൽ പല പ്രതിബന്ധങ്ങൾനിമിത്തം ഈവക ഗുണങ്ങളെ എല്ലാപ്പോഴും പ്രത്യക്ഷപ്പെടുത്തുന്നതിനു സൌകൎയ്യമില്ലാതിരുന്നിരിക്കാം. വിദ്യാഭ്യാസം ആദ്യകാലത്തു പുരുഷന്മാൎക്കുമാത്രം ലഭിച്ചിരുന്നതുകൊണ്ടു ജ്ഞാനവിഷയത്തിലൊമററൊ അല്പം വ്യത്യാസമുണ്ടായിരുന്നിരിക്കാം. ഈ ന്യൂനതക്കും ഉത്തരവാദിത്വം പുരുഷന്മാരാണു വഹിക്കുന്നതു. നിഷേധിക്കപ്പെട്ടിരുന്ന സ്വാതന്ത്ര്യവും വിദ്യാഭ്യാസവും ലഭിച്ചതോടുകൂടി അവരുടെ സ്വഭാവഗുണങ്ങളും ബുദ്ധിവൈഭവവും ക്രമേണ വെളിപ്പെട്ടുതുടങ്ങി. ഇന്നു ഈ വിഷയങ്ങളിൽ ഇവർ പുരുഷന്മാരോടു സമമായൊ അഥവാ പലപ്പോഴും അവരെ കവിഞ്ഞൊ ആണു നില്ക്കുന്നതെന്നു ഏതു കാദാചില്ക്കവീക്ഷകനുംകൂടി

കാണാവുന്നതാണ്. ഒരിക്കൽ പൌരുഷേയം മാത്രമായിരുന്ന വിദ്യാഭ്യാസം ഇന്നു മാനുഷമായിത്തീർന്നിട്ടുണ്ട്. സർവ്വജനീനമായ വിദ്യാഭ്യാസമാണ് ഇന്നു രാജ്യതന്ത്രജ്ഞന്മാരുടെ പരമോദ്ദേശ്യം. ഭാവിലോകത്തെ രൂപവൽക്കരിക്കുന്നതിനുള്ള പ്രധാനമാർഗ്ഗം വിദ്യാഭ്യാസമാണല്ലൊ. അതിൻെറ ഒരു വലിയ ഭാഗം ഇന്നു സ്ത്രീകളുടെ കയ്യിലാണ് സ്ഥിതിചെയ്യുന്നതു്. വെളിച്ചത്തിറങ്ങാൻ പാടില്ലെന്നു വിധിക്കപ്പെട്ടിരുന്ന സ്ത്രീകളാണ് ഇന്നു ലോകത്തിനു വിളക്കുകൊളുത്തുന്നതു്. പുരുഷന്മാർ ഉപേക്ഷയിൽ തള്ളിയിരുന്ന ലോകത്തിൻെറ അനേകം കോണുകളും മൂലകളും ഇവർ ഇന്നു പ്രദീപ്തങ്ങളാക്കീട്ടുണ്ട്. പുരുഷന്മാരുടെ വക്രവൃത്തിയോടു കൂടിയ ചിന്തയെ വിഷമിപ്പിച്ചുകൊണ്ടിരുന്ന പല കാര്യങ്ങളും ഇവരുടെ ഋജുബുദ്ധി നിവൃത്തി സമ്പാദിച്ചുകൊടുത്തിട്ടുണ്ട്. വിദ്യാഭ്യാസത്തിൻെറ അഭാവംനിമിത്തം സുപ്തപ്രായങ്ങളായിക്കിടന്നിരുന്ന അനേകം ഗുണങ്ങൾ ഇപ്പോൾ സ്ത്രീകളിൽ പ്രബുദ്ധങ്ങളായി ഭവിച്ചിട്ടുണ്ട്. അനുകമ്പ, ഔദാര്യം, ത്യാഗശീലം, സമഭാവന, ഭൂതദയ, മുതലായവ ഇന്നു സ്ത്രീകളിൽ സവിശേഷം ശോഭിക്കുന്നു. ലോകത്തിൽ അവരുടെ സ്ഥാനവും കൃത്യവും എന്തെല്ലാമെന്ന് അവർ ഗ്രഹിച്ചുതുടങ്ങി. ഇന്ന് ഏതു പ്രവൃത്തിയിലാണ സ്ത്രീകൾ പിന്നോക്കം നില്ക്കുന്നതു്?. ഗൃഹസേവനം, സമുദായസേവനം, രാജ്യസേവനം, സാഹിത്യം, വ്യവസായം, ഉദ്യോഗം, സംഗീതം, ചിത്രക്രിയ, പത്രപ്രവർത്തനം, പ്രസംഗം, വൈദ്യം, പരിചര്യ, മുതലായ വിഷയങ്ങളിൽ ലോകത്തിൽ എവിടെയും ഇന്നു സ്ത്രീകൾ നമ്മെ ലജ്ജിപ്പിക്കത്തക്കവണ്ണം അനന്യസാധാരണമായ പ്രശസ്തിയും വിജയവും നേടിവരുന്നു. കാലക്രമേണ പല സ്ഥാനങ്ങളിൽ നിന്നും നാം ഒഴിയേണ്ടതായും വന്നേക്കാം. ഒരു മത്സരഭാവമുള്ളതായി ഇപ്പോൾതന്നെ സൂക്ഷിച്ചുനോക്കിയാൽ കാണ്മാനുണ്ടെങ്കിലും അതു് ഏറക്കുറെ സൌഹാർദ്ദസമ്മിളിതമായിട്ടാണിരിക്കുന്നതു്. അതു് ഇരുകക്ഷികളുടേയും ആദർശങ്ങളും വീക്ഷണകോണങ്ങളും ഏകീഭവിക്കുമ്പോൾ മാഞ്ഞുപോകുന്നതാണ്. ലോകത്തിൻെറ യഥാർത്ഥമായ ക്ഷേമവും പുരോഗതിയും ഇരുകൂട്ടരുടേയും പരസ്പരസഹകരണത്തെയാണ് ആശ്രയിച്ചിരിക്കുന്നതെന്നുള്ള ബോധം ജനിക്കുമ്പോൾ അഭിപ്രായവ്യത്യാസങ്ങളും തെററിദ്ധാരണകളും നിശ്ശേഷം മാഞ്ഞുപോകുന്നതാണ്. ഒരു ഭാഗത്തു പ്രബുദ്ധമായ സ്ത്രീത്വബോധവും മറുഭാഗത്തു് ഉദാരമായ കൃത്യബോധവും ഇപ്പോൾതന്നെ കണ്ടുതുടങ്ങീട്ടുണ്ട്. ഇതു് ഒരു ശുഭോദർക്കചിഹ്നമാണ്. ഏതായാലും ഇനി ഒന്നിലും ഇവർ പിന്നോക്കം നില്ക്കുമെന്നു വിചാരിക്കുവാൻ വഴിയില്ല. പുതിയ പ്രവൃത്തിമാർഗ്ഗങ്ങൾ കൈവശപ്പെട്ടു വരുംതോറും ഇവരുടെ യഥാർത്ഥമഹത്വവും ശക്തിയും പ്രയോജനവും ഉത്തരോത്തരം വർദ്ധിച്ചുവരുന്നതിനേ തരമുള്ളു. സ്ത്രീപ്രസ്ഥാനരംഗം ആരംഭിച്ചുകഴിഞ്ഞു. ഇനി അ

തിനെ തടുക്കാൻ സാധിക്കയില്ല. "തൊട്ടിലാട്ടുന്നകൈതന്നെ വിഷ്ടപത്തെ ഭരിപ്പതും" എന്നു പണ്ടു് ആരോ സ്ത്രീകളുടെ ദൂരാധിരൂഢശക്തിയെപ്പററി പറഞ്ഞിട്ടുള്ളതു് ഇതുവരെ യഥാൎത്ഥമായിപ്പരിണമിച്ചിട്ടില്ലെങ്കിൽ അചിരേണ അങ്ങിനെ വരുമെന്നുതന്നെ വിശ്വസിക്കാം. അന്നു സ്ത്രീകളുടെ നിലയെന്തു്?. ഇന്നു അവരുടെ നിലയെന്തു്?. "നസ്ത്രീസ്വാതന്ത്ര്യമൎഹതി" എന്നൊ 'സ്ത്രീണാംശുശ്രൂഷാബലം' എന്നൊ 'സ്ത്രീ ഒരു പരസ്പരവിരുദ്ധോക്തിയാണു എന്നൊ 'സ്ത്രീകൾവിശ്വസ്തകളല്ലെ'ന്നൊ 'സ്ത്രീകൾ ചപലകളാണെ'ന്നൊമററൊ അഭിപ്രായമുണ്ടായാൽ തന്നെയും അതുവല്ല അരണ്യത്തിൻെറ മദ്ധ്യത്തിലൊ വിജനസ്ഥലത്തൊ മററൊ ഇരുന്നു പറയുകയൊ എഴുതുകയൊ ചെയ്യാമെന്നല്ലാതെ ജനസമക്ഷം ഇങ്ങിനെ പറവാൻ ഇന്നു് ആൎക്കുംതന്നെ ധൈൎയ്യമുണ്ടാകുമെന്നുതോന്നുന്നില്ല. ഒരിക്കൽ അബലകൾ എന്നു കല്പിക്കപ്പെട്ടിരുന്ന സ്ത്രീകൾ ഇന്നു ലോകത്തിൽ ഒരു ഗണനീയമായ ശക്തിയായിത്തീൎന്നിട്ടുണ്ടു്. ജീവിതത്തിൻെറ വിവിധസരണികളിലും ഇവർ ഇന്നു സഞ്ചരിച്ചുതുടങ്ങീട്ടുണ്ടു്. ദീൎഘകാലത്തെ അസമത്വവും അവശതയുംനിമിത്തം വന്നുകൂടിയ കാലനഷ്ടത്തെ പരിഹരിക്കുന്നതിന് അവർ തീവ്രയത്നം ചെയ്തുവരുന്നു മനസ്സിൻെറ ഐകാഗ്ര്യത്തിനുവേണ്ടി പല സ്ത്രീകളും വിവാഹബന്ധത്തെത്തന്നെ ഉപേക്ഷിച്ചിരിക്കയാണു്. സഹനശക്തിക്കെന്നതുപോലെ ത്യാഗശീലത്തിനും അവർ പ്രാപ്തകളാണെന്നു തെളിയിച്ചുവരുന്നു. അസമത്വത്തിലും അസ്വാതന്ത്ര്യത്തിലും അവർ വളരെക്കാലം അകപ്പെട്ടു വലഞ്ഞു എങ്കിലും അവരുടെ സ്വഭാവഗുണം പ്രസുപ്തമായിരുന്നതല്ലാതെ നിശ്ശേഷം നശിച്ചിട്ടില്ലെന്നു് ഇതുകൊണ്ടു നിശ്ചയിക്കാം. വിദ്യാഭ്യാസവിഷയത്തിൽ ഇന്നു ലോകത്തിൽ എവിടെ നോക്കിയാലും സ്ത്രീകൾ പുരുഷന്മാരോടു തുല്യമൊ അവരിൽ കൂടുതലായൊ വിജയവും പ്രശസ്തിയും സമ്പാദിച്ചുവരുന്നു. അവൎക്കില്ലെന്നു വിധിച്ചിരുന്ന ബുദ്ധിവൈഭവവും പ്രതിഭാശക്തിയും അവർ ഈ വഴിക്കു പ്രത്യക്ഷപ്പെടുത്തിത്തുടങ്ങി. വിദ്യ അഭ്യസിക്കുന്നതിൽ മാത്രമല്ല വിദ്യ അഭ്യസിപ്പിക്കുന്ന വിഷയത്തിലും ഇവൎക്കു പ്രത്യേകവാസനയുണ്ടു്. ബാലബുദ്ധിയുടെ വികാരചേഷ്ടാവൈചിത്ര്യത്തെ ഗ്രഹിക്കുന്നതിനും അവയ്ക്കനുരൂപമായ വിധത്തിൽ പോഷണശിക്ഷണങ്ങൾ ചെയ്യുന്നതിനും ഇവൎക്കു് അപുരുഷസാമാന്യമായ വൈഭവമുണ്ടു്. പാശ്ചാത്യരാജ്യങ്ങളിൽ പ്രാഥമികവിദ്യാലയങ്ങൾ മിക്കതും സ്ത്രീകളാണു നടത്തിവരുന്നതു്, ഉയൎന്നതരം സ്ത്രീവിദ്യാലയങ്ങൾ എല്ലാം ഇന്നു് അവരാണു ഭരിക്കുന്നതു്. പുരുഷന്മാരുടെ അഭ്യസനരീതി മിക്കവാറും വിരസമായിത്തീൎന്നിട്ടുണ്ടു്. നേരെ മറിച്ചു എത്രയും സരസമായ രീതിയിലാണു് സ്ത്രീകൾ അഭ്യസനം നടത്തിവരുന്നതു്. അതുകൊണ്ടു് അവരുടെ അഭ്യസനം കൂടുതൽ ഫലപ്രദമായിട്ടാണു് കണ്ടുവരുന്നതു്. ഏതായാലും ഈ ജോലിക്കു അവർ ഒട്ടും പിന്നോക്കമല്ലെന്നു ബോദ്ധ്യപ്പെടുത്തിക്കഴിഞ്ഞു.

അതിദുർഘടവും അതിപ്രധാനവുമായ ഗൃഹഭരണവിഷയത്തിൽ ഇവർ നിരതിശയമായ സാമത്ഥ്യം പ്രദർശിപ്പിക്കുന്നുണ്ട്. ഗൃഹങ്ങൾ എല്ലാ രാജ്യക്കാരുടേയും ഐശ്വര്യത്തിന്റെ ബീജപ്രരോഹജനനികളാണല്ലൊ. അവരുടെ ഭരണം വഹിക്കുന്ന കൈകൾക്ക എന്തു മഹത്വമുണ്ടെന്നു പറയേണ്ട ആവശ്യമില്ലല്ലൊ. "ഏതു രാജ്യക്കാരുടേയും ഒന്നാമത്തെ ചിന്താവിഷയം അവരുടെ ഗൃഹങ്ങളായിരിക്കുന്നിടത്തോളം അവരുടെ രണ്ടാമത്തേയും മൂന്നാമത്തേയും ചിന്താവിഷയം എന്താണെന്നു അന്വേഷിക്കേണ്ട ആവശ്യമെയില്ല" എന്നുള്ള മഹദ്വാക്യം ഗൃഹത്തിന്റെയും അതിനെ ഭരിക്കുന്നവരുടേയും മാഹാത്മ്യത്തെയല്ലയൊ സൂചിപ്പിക്കുന്നത്?. ഒരു രാജ്യനിവാസികളുടെ ഉൽക്കർഷാപകർഷങ്ങൾ നിയോജകമണ്ഡലങ്ങളിൽ വെച്ചല്ല, ഗൃഹങ്ങളിൽവെച്ചാണ തീർച്ചയാകുന്നതെന്നു പറഞ്ഞിട്ടുള്ളതിന്റെ ഗൂഢാത്ഥവും ഇതുതന്നെയാണ്. സുചരിതകളായ സ്ത്രീകളുടെ പ്രേരണാശക്തി ലോകക്ഷേമവിഷയത്തിൽ എത്ര ദൂരത്തോളം എത്തുന്നു എന്നു ആലോചിച്ചുനോക്കുക. ഗൃഹങ്ങൾ ലോകത്തിൽ നിരന്തരം ഒഴുകിക്കൊണ്ടിരിക്കുന്ന സൽഗുണപ്രവാഹങ്ങളുടെ പ്രസ്രവണങ്ങളാണ. അവ മാലിന്യം പററാതെ സ്ത്രീകളാൽ സുരക്ഷിതങ്ങളുമാണ്. ഭാവിലോകത്തെ സൃഷ്ടിക്കുന്നതു വാസ്തവത്തിൽ നിയമകർത്താക്കന്മാരല്ല, ഗൃഹജനങ്ങൾ തന്നെയാണ്. മുൻപു പറഞ്ഞതുപോലെ ലോകക്ഷേമം ശയിക്കുന്ന ദോലികയെ ചലിപ്പിക്കുന്നതു ഇവരുടെ കൈകൾ തന്നെയാണ്. പുരുഷന്മാർ ഭരണസമിതികളേയും നിയമസഭകളേയും മററും സൃഷ്ടിക്കുന്നു. എന്നാൽ പുരുഷന്മാരെ സൃഷ്ടിക്കുന്നതും സംഹരിക്കുന്നതും ഗൃഹങ്ങൾ തന്നെയാണ്. ഇതുകൊണ്ടു സ്ത്രീകളുടെ കൃത്യവും നിലയും എത്ര മഹത്വമുള്ളതാണെന്നു അനുമാനിക്കാവുന്നതാണ്. അവർ ഈ കൃത്യം ശരിയായി നിവ്വഹിച്ചില്ലെങ്കിൽ ലോകത്തിന്റെ സ്ഥിതി എന്തായിരിക്കുമെന്നു ഊഹിക്കയാണ് പറയുന്നതിനേക്കാൾ എളുപ്പം. എന്നാൽ സ്ത്രീകളുടെ ചുമതല ഇത്രയുംകൊണ്ടു അവസാനിച്ചു എന്നു വിചാരിക്കുന്നത് അബദ്ധമാണ്. ഇതാണ് മനുഷ്യവർഗ്ഗത്തിനു വന്നിട്ടുള്ള ഒരു വലുതായ അബദ്ധം.

ഇന്നു സമുദായസേവനത്തിലും സ്ത്രീകൾ ഒരപ്രധാനമല്ലാത്ത ഭാഗം വഹിക്കുന്നുണ്ട്. ചികിത്സ, ആതുരശുശ്രൂഷ, ബാലപരിചരണം, ശുചീകരണം, ബാലമൃത്യുനിവാരണം, സൂതികർമ്മം മുതലായി സുഖജീവിതത്തിന് അതിപ്രധാനങ്ങളും, ആവശ്യങ്ങളുമായ സാമുദായികസേവനത്തിൽ പുരുഷന്മാരല്ല സ്ത്രീകളാണ് സശ്രദ്ധം പ്രവർത്തിച്ചുവരുന്നതു്. സമുദായങ്ങളെ ബാധിച്ചിരിക്കുന്ന അനാചാരങ്ങളെ ദൂരീകരിക്കുന്നതിനും പരോക്ഷമായും പ്രത്യക്ഷമായും ഇവർ വേലചെയ്തുവരുന്നു. പുരുഷന്മാരെ സംബന്ധിച്ചു സ്വാത്ഥത കൂടിയും ദീനദയാലുത്വം കുറഞ്ഞും ധനേച്ഛ വദ്ധിച്ചുമി

രിക്കുന്ന ഇക്കാലത്ത് ഇതുപോലെ ത്യാഗശീലകളായി പ്രവർത്തിക്കുന്ന സ്ത്രീകൾ ഇല്ലാതിരുന്നു എങ്കിൽ മനുഷ്യസമുദായത്തിന്റെ കഷ്ടത എന്തുമാത്രമായിരിക്കുമെന്നു പറവാൻ പ്രയാസമാണ്. സമുദായത്തെ ബാധിച്ചിരുന്ന എത്രയോ വ്രണങ്ങൾ ഇവരുടെ ശുശ്രൂഷാപരമായ ഔഷധം കൊണ്ടു ഭേദപ്പെട്ടിരിക്കുന്നു. അലക്സാണ്ടർപോപ്പ് എന്ന കവി പറയുന്നതുപോലെ—"——വല്ലാതല്ലൽ പിണഞ്ഞാൽ ഭവതികൾ പരദൈവങ്ങൾ പൊയ്യല്ല പുംസാം." രാഷ്ട്രീയസേവനത്തിലാണെങ്കിൽ സ്ത്രീകൾ പദാൽപദം അതിലും മുന്നോട്ടു കയറിവരികയാണ്. അതിനുചുറ്റും ഭദ്രമായി ഉറപ്പിച്ചിരിക്കുന്ന പ്രകാരത്തിൽ അവിടവിടെ രന്ധ്രങ്ങളുണ്ടാക്കി അകത്തു കടന്ന് ഓരോരോ സ്ഥാപനങ്ങൾ കൈവശപ്പെടുത്തിത്തുടങ്ങി. പല ചുമതലപ്പെട്ട ഉദ്യോഗങ്ങളും പ്രതിനിധിസഭകളിലെ അംഗിത്വവും ഇന്നു നമ്മുടെ സഹോദരിമാർ പ്രശസ്തമായ രീതിയിൽ വഹിച്ചുവരുന്നുണ്ട്. എത്രയും ചുമതലയും ഗൌരവവുമുള്ള അദ്ധ്യക്ഷസ്ഥാനം വാക്സാമർത്ഥ്യവും സൂക്ഷ്മമായ ഗ്രഹണശക്തിയും വേണ്ടതായ അഭിഭാഷകവൃത്തി ലോകജ്ഞാനം നിയമജ്ഞാനം വാശിത്വം എല്ലാ കാര്യങ്ങളിലും പ്രായോഗികദൃഷ്ടി മുതലായവ അവശ്യം വേണ്ടതായ ഭരണനിയമസമിതികളിലെ അംഗിത്വം മുതലായവ ഇവർ സമ്പാദിച്ചുകഴിഞ്ഞു. രാജ്യഭരണവും ഇല്ലെന്നില്ല ഗൃഹങ്ങളുടേയോ അവരോധങ്ങളുടേയൊ ഉള്ളിലിരുന്നു ക്ഷമ സഹനശക്തി സ്വാതന്ത്ര്യബുദ്ധി അനുസരണം അനഹങ്കാരം മുതലായി ലോകവ്യാപാരത്തിൽ സദാ ഉപയുക്തങ്ങളായ ഗുണങ്ങൾ സമ്പാദിച്ചുംകൊണ്ടാണ് ഇന്നിവർ ലോകരംഗത്തിൽ ഇറങ്ങിയിരിക്കുന്നത്.

സ്ത്രീകളുടെ ഉൽക്കർഷപ്രാപ്തിക്കായി ഇന്നു ലോകത്തിൽ സ്ത്രീകളുടെ നേതൃത്വത്തിൽ പല നവീനപ്രസ്ഥാനങ്ങളും ആരംഭിച്ചിട്ടുണ്ട്. അവൎക്ക് ആലോചിക്കുന്നതിനും ആലോചനയെ രൂപവൽക്കരിക്കുന്നതിനും അതിനെ പ്രയോഗത്തിൽ വരുത്തുവാനും പ്രാപ്തിയുണ്ടെന്ന് അവർ തെളിയിച്ചുകഴിഞ്ഞു. സ്ത്രീകൾക്കുപ്രത്യേകം സർവ്വകലാശാലയും ഉണ്ടായിത്തുടങ്ങി. സർവ്വലോകവ്യാപ്തിയുള്ള ഒരു യുവതീജനസംഘവും ഇന്നുണ്ട്. പലവിധത്തിലും അവൎക്കുണ്ടായിട്ടുള്ള സമയനഷ്ടത്തെ പരിഹരിക്കുന്നതിന് അവർ പ്രയത്നം ചെയ്തുവരുന്നു.

വിശിഷ്ടകലകളിൽ സ്ത്രീകളുടെ ഇന്നത്തെ നില എന്താണെന്നു നോക്കുക. സാഹിത്യശാലേയത്തിൽ എത്രയോ സ്ത്രീകൾ ഇന്നു വിജയപൂർവ്വം പരിശ്രമം ചെയ്തുവരുന്നുണ്ട്. സ്ത്രീസാഹിത്യത്തിനു മാധുര്യവും അസ്വാദ്യതയും പ്രത്യേകമുണ്ട്. സ്ത്രീഹൃദയം അധികവും വികാരാത്മകമാകകൊണ്ടു മനുഷ്യന്റ ഹൃദയാകർഷകങ്ങളായമൃദുലവികാരവിശേഷങ്ങളെ ഉത്തേജിപ്പിക്കുന്നതിനും ചിത്രീകരിക്കുന്നതിനും അവൎക്കു പ്രത്യേകവാസനയുണ്ട്.

സ്ത്രീകൾ എഴുതുന്ന ആഖ്യായികകളും മററും അധികം രസാവഹങ്ങളും അനുഭവസിദ്ധങ്ങളുമായിക്കാണുന്നതു് ഈ കാരണംകൊണ്ടാണ്. മനുഷ്യസ്വഭാവത്തിന്റെ മൃദുലവശത്തെ ചിത്രീകരിക്കുന്നതിന് ഇവൾക്ക് അധികം വൈഭവമുണ്ട്. ഇന്നു ലോകത്തിൽ എവിടെയും—ഭാരതത്തിലും കേരളത്തിലും തന്നെ—കവയിത്രികളും ആഖ്യായികാകർത്രികളുമായി എത്രയോ വനിതാരത്നങ്ങൾ ശോഭിക്കുന്നുണ്ട്. ഈ വിഷയത്തിൽ അവരുടെ തൂലികക്കു പ്രത്യേകശക്തിയുണ്ട്. സംഗീതത്തിലും ചിത്രക്രിയയിലും ഇതുപോലെ തന്നെയാണ്. അവരുടെ ശബ്ദംതന്നെ പുരുഷന്മാരെ അപേക്ഷിച്ചു മൃദുലവും മധുരവുമാണല്ലോ. അതുകൊണ്ടു സംഗീതവിഷയത്തിൽ അവർ അദ്വിതീയകളാണ്. സ്ത്രീകൾതന്നെ പ്രകൃതി വരച്ചിട്ടുള്ള വിശിഷ്ടചിത്രങ്ങളാണ്. അവൾക്ക് പുരുഷന്മാരെ അതിശയിക്കുന്നതായ സൌന്ദര്യബോധവുമുണ്ടെന്നുള്ളതിനു തക്കമില്ല. നമ്മുടെ ഇന്നത്തെ സ്ത്രീകളുടെയിടയിലും ചിത്രലേഖകർ ഒട്ടും കുറവല്ല. കലാവിദ്യകളുടെ അധിഷ്ഠാനദേവത തന്നെ ഒരു സ്ത്രീയാണല്ലോ.

ഇങ്ങിനെ ഇനിയുംപലതും സ്ത്രീകളെസംബന്ധിച്ചു പറവാനുണ്ട്. വിസ്തരഭയംകൊണ്ട് അതിനിപ്പോൾ തുനിയുന്നില്ല. ചുരുക്കിപ്പറയുന്നതായാൽ സ്ത്രീകൾ ഇന്നു പ്രകൃതി നിശ്ചയിച്ചിട്ടുള്ളതും ഇതുവരെ അവരിൽനിന്നും മറയ്ക്കപ്പെട്ടിരുന്നതുമായ സ്ഥാനങ്ങളിൽ പ്രവേശിക്കാൻ ഉദ്യമിച്ചുവരികയാണ്. ഒരിക്കൽ അവരോധങ്ങളുടെ ഉള്ളിലും അസ്വതന്ത്രതയുടെ നടുവിലും മൂടുപടത്തിന്റെ മറയിലും വിദ്യാഭ്യാസത്തിന്റെ പിറകിലും മനുഷ്യവർഗ്ഗത്തിന്റെ പാർശ്ഃവിഭാഗത്തിലും അടുപ്പിന്റെ ചുവട്ടിലും ദാസ്യവൃത്തിയുടെ സമീപത്തും കിടന്നു കഷ്ടപ്പെട്ടുവന്ന സഹോദരിമാർ ഒരു സുദീർഘമായ ശിക്ഷാകാലം കഴിഞ്ഞു് ഇന്നിതാ ഉൽബുദ്ധമായ സ്ത്രീത്വബോധത്തോടും വിദ്യാഭ്യാസജന്യങ്ങളായ ആത്മാഭിമാനം നവീനാദർശങ്ങൾ വിശാലമായ ലോകാവലോകനം ബുദ്ധിവൈഭവം ഇവയോടുംകൂടി മേഘവിനിർമ്മുക്തനായ പൂർണ്ണചന്ദ്രനെപ്പോലെ ലോകരംഗത്തെ പ്രകാശിപ്പിച്ചുതുടങ്ങിയിരിക്കുന്നു. ജീവിതത്തിന്റെ വിവിധപ്രദേശങ്ങളേയും അവർ അവരുടെ സാന്നിദ്ധ്യംകൊണ്ടും നാനാമുഖങ്ങളായ നിസ്സ്വാർത്ഥസേവനംകൊണ്ടും ജാജ്വല്യമാനങ്ങളാക്കിവരികയാണ്. ഇന്നു സ്ത്രീകൾ വേഡ്സ്വത്ത് പറയുന്നതുപോലെ അവരുടെ സുസ്ഥിരമായ യുക്തി, നിയന്ത്രിതമായ മനശ്ശക്തി, സഹനശക്തി വിവേകം, കരുണ സാമർത്ഥ്യം ഇവകൊണ്ടു ലോകത്തെ ഉപദേശിക്കുന്നതിനും ആശ്വസിപ്പിക്കുന്നതിനും നയിക്കുന്നതിനും പ്രാപ്തകളായിട്ടാണിരിക്കുന്നതു്. സ്ത്രീകൾക്കു ദോഷങ്ങളില്ലെന്നല്ല പറയുന്നതു്. അവ മനുഷ്യസഹജങ്ങളാകകൊണ്ടു് അവരെമാത്രം കുററപ്പെടുത്തുന്നതു യുക്തമല്ല. അല്പദോഷമുണ്ടെങ്കിൽ അതു ഗുണങ്ങളുടെ ആധി

ക്യത്തിൽ മങ്ങിപ്പോകുന്നു. അവൎക്കുള്ള അല്പദോഷങ്ങൾ അവരുടെ വിശി
ഷ്ടഗുണങ്ങളെ സവിശേഷം പ്രകാശിപ്പിക്കുന്നതിന്നുമാത്രം ഉദ്ദേശിക്കപ്പെ
ട്ടിട്ടുള്ളവയാണ്. ഏതുവൎഗ്ഗത്തിലും ദോഷം മാത്രം കാണുന്ന ദൃഷ്ടിക്കു
കോട്ടമൊ വക്രതയൊ ഇല്ലാതെ വരികയില്ല. പുരുഷന്മാർ സ്ത്രീകളെ ദൂ
ഷിക്കുന്നതു കണ്ണാടിഗൃഹത്തിലുള്ളവർ അന്യന്മാരെ കല്ലെറിയുന്നതുപോലെ
യായേക്കാം. എന്നാൽ ഇന്നത്തെ ലോകസ്ഥിതി നോക്കുന്നതായാൽ മനു
ഷ്യവൎഗ്ഗത്തിന്റെ ഭിന്നത്വമല്ല ഒത്തൊരുമിച്ചുള്ള ശ്രമമാണ് ആവശ്യമാ
യിരിക്കുന്നതു്. ഇരുകൂട്ടരും ഈ വാസ്തവം ഗ്രഹിച്ചു പ്രവൎത്തിച്ചുകാണുന്നതു്
ആശ്വാസജനകംതന്നെയാണ്. സ്ത്രീകളില്ലാതിരുന്നുവെങ്കിൽ ലോകസ്ഥി
തി എന്തായിരിക്കുമായിരുന്നു! അവർ ലോകമാൎഗ്ഗങ്ങളിൽ പുഷ്പം വിരിക്കു
ന്നു. രോഗശയ്യയെ മൃദുലമാക്കുന്നു. സന്താപത്തിനു ശീതോപചാരം ചെ
യ്യുന്നു. ദുൎഘടങ്ങൾക്കു നിവൃത്തിയുണ്ടാക്കുന്നു. വിപത്തുകളുടെ കാൎക്ക
ശ്യം കുറയ്ക്കുന്നു. ഗൃഹങ്ങളെ സ്വൎഗ്ഗങ്ങളാക്കുന്നു. ജീവിതത്തെ പരിശു
ദ്ധവും ആസ്വാദ്യവുമാക്കുന്നു. ഇവിടെ ഞാൻ വരച്ച ചിത്രത്തിനു പക്ഷെ
നിറം കുറച്ചു കൂടിപ്പോയിയെന്ന് ഒരാക്ഷേപം പറയുമായിരിക്കും. എ
ന്നാൽ പരാങ്മുഖമായിരിക്കുന്ന ലോകദൃഷ്ടിയെ ഇങ്ങോട്ടു് ആകൎഷിക്കു
ന്നതിനു ഇത്രയും അത്യാവശ്യമാണെന്നു വിചാരിക്കുന്നു.

# വിദ്യാഭ്യാസപ്രവൎത്തനം.

(ജി. രാമൻമേനോൻ എം. എ., ബി. എൽ)

൧൧൦൮-ലും ൧൧൦൯ ലുംകൂടി ഏഴെട്ടുമാസം ഞാൻ മലയാ ഉപദ്വീ
പിൽ പലേടത്തും സഞ്ചരിച്ചു. ഇതിന്നിടയിൽ മററുകാൎയ്യങ്ങളുടെ കൂട്ട
ത്തിൽ, അവിടത്തെ വിദ്യാഭ്യാസപ്രവൎത്തനത്തെക്കുറിച്ചും ചില സംഗതി
കൾ എന്റെ ശ്രദ്ധയിൽ പെട്ടു. തിരുവിതാംകൂറിലേയും പൊതുവേ ഇൻ
ഡ്യയിലേയും വിദ്യാഭ്യാസരീതിയിൽ ഉള്ള ചില പ്രധാനന്യൂനതകൾ മല
യായിലും ഉണ്ട്. രാജ്യത്തിലെ പ്രമാണികളും ഭരണാധികാരികളും ആയ
യൂറോപ്യന്മാരിൽ ഉൾപ്പെടാത്ത മററുചില ജാതിക്കാരാണ് കൈകൊണ്ടു
ള്ള പ്രയത്നത്തിൽ, അധികഭാഗവും ചെയ്യുന്നതു്, എന്ന കാരണത്താൽ,
പ്രമാണികൾക്ക് ഇത്തരം പ്രയത്നത്തേക്കുറിച്ചു് ഏറക്കുറെ പുച്ഛരസമാണു

ള്ളതു്. ഇതുനിമിത്തം യൂറോപ്യന്മാരുടെ ഇമസ്തന്മാരും മററുമായ മററുജാതിക്കാരിൽ സാമാന്യം വിദ്യാഭ്യാസമുള്ളവരുടെയിടയിലും ഈ പച്ഛരസം വ്യാപിച്ചിരിക്കുന്നു. ഈ ന്യൂനതതന്നെ ഇതേകാരണത്താൽ ഇൻഡ്യയിലും ഉണ്ടു്. രണ്ടു രാജ്യങ്ങളിലേയും വിദ്യാഭ്യാസം ചെറുപ്പക്കാരുടെയിടയിൽ ഈ ഭീമമായ ന്യൂനതയെ വദ്ധിപ്പിച്ചുവരുന്നു. ഞാൻ മലയായിലെ ചില വിദ്യാശാലകളിൽ പഠിക്കുന്ന ചില വിദ്യാർത്ഥികളുടെ പഠിത്തം പരിശോധിച്ചുനോക്കിയതിൽ, അതു സാധാരണമായി തിരുവിതാംകൂറിലേക്കാൾ വളരെ കായ്യക്ഷമതയും ഭമന്മയും ഉള്ളതാണെന്നു് എനിക്കു ബോധ്യപ്പെട്ടു. പഠിത്തം തുടങ്ങിട്ടു് ഒന്നോരണ്ടോ വഷം മാത്രമായിട്ടുള്ള മലയായിലെ പല മലയാളിവിദ്യാത്ഥികളും ഇംഗ്ലീഷുഭാഷ സംസാരിക്കുന്നതിലും, ആ ഭാഷയിലുള്ള സംഭാഷണങ്ങൾ മുതലായവ മനസ്സിലാക്കുന്നതിലും, ചെറിയ വാചകങ്ങൾ സ്വന്തമായി നിമ്മിച്ചു് എഴുതുന്നതിലും, സാധാരണവസ്തുക്കളെക്കുറിച്ചുള്ള പരിജ്ഞാനത്തിലും, അത്രയുംകാലം, ഇവിടെ ഇംഗ്ലീഷു പള്ളിക്കൂടങ്ങളിൽ പഠിച്ചിട്ടുള്ള വിദ്യാർത്ഥികളേക്കാൾ വളരെയധികം മീതെയാണു്. അസാമാന്യബുദ്ധിശക്തിയുള്ള ചുരുക്കംചില വിദ്യാത്ഥികളുടെ വിഷയത്തിൽ മാത്രമല്ല, ഈ മേന്മ പ്രത്യക്ഷപ്പെട്ടുന്നതെന്നും, അവിടത്തെ വിദ്യാശാലകളിൽ കുട്ടികളുടെ പഠിത്തവിഷയത്തിൽ വാധ്യാന്മാക്കുള്ള നിഷ്കൃഷ്യും, അദ്ധ്യയനരീതിയുടെ സ്വാഭാവികതയും കൊണ്ടാണു് ഈ നൽഫലമുണ്ടാകുന്നതെന്നും എനിക്കു ബോധ്യപ്പെട്ടു. മലയായിലെ വാധ്യാന്മാക്കു് ഇവിടത്തെ വാധ്യാന്മാരേക്കാൾ കൂടുതൽ ബുദ്ധിശക്തിയോ ബോധനസാമത്ഥ്യമൊ ഉള്ളതുകൊണ്ടല്ലാ, നമ്മുടെ വിദ്യാശാലകളിലെ പഠിത്തത്തിൻെറ ഫലം മലയായിലേതിനേക്കാൾ മോശമായിരിക്കുന്നതു്. പിന്നെയെന്താണിതിനു കാരണമെന്നു വായനക്കാർ ചോദിക്കുമല്ലോ. മലയായിൽ പരിശോധനോദ്യോഗസ്ഥന്മാരും മററു ഗവണ്മെണ്ടു മേധാവികളും വാധ്യാന്മാരുടെ പ്രവൃത്തിസ്വാതന്ത്ര്യത്തിൽ അധികമായി കൈകടത്തീട്ടില്ല. അവിടെ അധ്യാപകന്മാർ കുട്ടികളുടെ രക്ഷാകത്താക്കന്മാരുടെ നല്ല അഭിപ്രായം സമ്പാദിക്കാനാണു്, അധികം ശ്രമിക്കേണ്ടിയിരിക്കുന്നതു്. അങ്ങനെ ശ്രമിക്കാത്ത വാധ്യാന്മാരുടെ പള്ളിക്കൂടങ്ങളിൽനിന്നു കുട്ടികളെ രക്ഷാകത്താക്കന്മാർ മററു പള്ളിക്കൂടങ്ങളിലേക്കയക്കും. തിരുവിതാംകൂറിലും ഇൻഡ്യായിൽ പൊതുവേയും അധ്യാപകന്മാരുടെ പ്രധാനജോലി കുട്ടികളെ പഠിപ്പിക്കുന്നതല്ലെന്നും, സക്കാരുദ്യോഗസ്ഥന്മാരെ തൃപ്തിപ്പെടുത്തുകയും, അവരാവശ്യപ്പെട്ടുന്ന കണക്കുകളും റിക്കാട്ടുകളും വയ്ക്കുയും, എഴുത്തുകുത്തുകൾ നടത്തുകയും ആണെന്നു കുപ്രസിദ്ധമാണല്ലൊ. മലയായിൽ, വിദ്യാഭ്യാസവകുപ്പിൻെറ ഇത്തരത്തിലുള്ള പിടിത്തം ഇതു മുറുകീട്ടില്ലാത്തതുതന്നെയാണു്, അവിടത്തെ പഠിത്തം ഇവിട

ത്തേതിനേക്കാൾ മെച്ചമായിരിക്കുന്നതിനുള്ള പ്രധാനകാരണം. ഇവിടെയും ഡിപ്പാർട്ടുമെൻറിൻെറ ചട്ടങ്ങളെ കുറേ കുറയ്ക്കുകയും, അദ്ധ്യാപകന്മാർക്കും, കുട്ടികളുടെ രക്ഷാകർത്താക്കന്മാർക്ക് അദ്ധ്യാപകന്മാരുടെമേൽ കുറെ സ്വാധീനശക്തി പ്രയോഗിക്കാൻ മാർഗ്ഗം നല്കുകയും ചെയ്താൽ, കുട്ടികളുടെ പഠിത്തം ഇപ്പോഴത്തേക്കാൾ തൃപ്തികരമാകും. ഇപ്പോൾ ഇവിടെ വാദ്ധ്യാന്മാർക്ക് കുട്ടികളെ പഠിപ്പിക്കാൻ സമയവും സൌകര്യവും ആവശ്യവും കുറവാണെന്ന് ഈ വിഷയത്തിൽ കുറച്ചെങ്കിലും പരിചയമുള്ള നിഷ്പക്ഷബുദ്ധികളെല്ലാവരും സമ്മതിക്കുന്നുണ്ട്. കുറെവർഷങ്ങൾക്കു മുമ്പ്, ബ്രിട്ടണിലെ ചില യുദ്ധവിദഗ്ദ്ധന്മാർ സൈന്യത്തിൻെറ ഉദ്ദേശം രാജ്യരക്ഷക്കുവേണ്ടി യുദ്ധംചെയ്യുകയാണെന്നുള്ള പ്രാഥമികവസ്തുതയെ വിസ്മരിച്ചതുപോലെ തിരുവിതാംകൂറിലെ ചില വിദ്യാഭ്യാസവിദഗ്ദ്ധന്മാർ, വിദ്യാഭ്യാസത്തിൻെറ ഉദ്ദേശം കുട്ടികളെ പഠിപ്പിക്കുകയാണെന്നുള്ള കാര്യം മറന്നുകൊണ്ടാണ്, വിദ്യാഭ്യാസവകുപ്പിൻെറ നയത്തേയും പ്രവൎത്തനത്തേയും രൂപാന്തരപ്പെടുത്തിയത്. ഈ രീതിതന്നെ ഇപ്പോഴും നടക്കുന്നു. ഇവിടെ മിക്ക പള്ളിക്കൂടങ്ങളിലും ഇപ്പോൾ കുട്ടികളെ പഠിപ്പിക്കയല്ല, ഒരു ക്രമവുമില്ലാതെ കുറേ ശ്ശെ പരീക്ഷിക്ക മാത്രമാണു ചെയ്യുന്നത്. കുട്ടികൾക്കു പഠിത്തത്തിൽ കുറച്ചെങ്കിലും തൃപ്തികരമായ അഭിവൃദ്ധിയുണ്ടാകണമെങ്കിൽ, അവരെ വീട്ടിൽ വച്ചു സ്കൂൾ ഒഴിവുള്ള സമയങ്ങളിൽ പഠിപ്പിക്കുന്നതിനു രക്ഷാകർത്താക്കന്മാർ ഏർപ്പാടുചെയ്യേണ്ടിയിരിക്കുന്നു. ൧-ാം ക്ലാസിലെ കുട്ടികൾക്കുപോലും വീട്ടുപാഠങ്ങൾ നല്കുന്നതിലും, ൨-ാം, ൩-ാം ക്ലാസ്സുകളിലെ വിദ്യാർത്ഥികളെക്കൊണ്ടുപോലും നോട്ടുപുസ്തകങ്ങളിൽ നോട്ടുകൾ എഴുതിക്കുന്നതിലും അദ്ധ്യാപകന്മാർ ബദ്ധശ്രദ്ധരായിരിക്കുന്നു. വാദ്ധ്യാന്മാരും മേലധികാരികളെ കാണിക്കാൻ പാഠനോട്ടുകൾ തയ്യാറാക്കുന്നുണ്ട്. എന്നാൽ, അവയനുസരിച്ചൊ, മററുവിധത്തിലൊ കുട്ടികളെ പഠിപ്പിക്കുന്നതു ചുരുക്കംതന്നെ. അവരുടെ സമയമധികവും, റിക്കാർട്ടുകൾ തയ്യാറാക്കുന്നതിലും, എഴുത്തുകുത്തു നടത്തുന്നതിലും, മേലധികാരികളോടു സമാധാനം പറയുന്നതിലുമാണ് ചിലവാകുന്നത്. ഇതിൻെറയൊക്കെ സ്വാഭാവികഫലമാണ്, കുട്ടികളുടെ പഠിത്തത്തിൻെറ മോശസ്ഥിതി.

ഈ ന്യൂനതയെ പരിഹരിക്കുന്നതിനുള്ള മാർഗ്ഗമെന്താണെന്നു മുമ്പു ചുരുക്കമായി പ്രസ്താവിച്ചിട്ടുണ്ടല്ലോ. വിദ്യാഭ്യാസവകുപ്പിൻെറ നിയന്ത്രണത്തിൽ കുട്ടികളുടെ രക്ഷാകർത്താക്കളായ സാമാന്യജനങ്ങൾക്ക് അധികാരം നല്കണം. കുട്ടികൾക്കു വിദ്യാഭ്യാസമുണ്ടാകുന്നതിനുള്ള സൌകര്യങ്ങൾ വർദ്ധിപ്പിക്കണം, അവർ സർക്കാരിൻെറ അധീനത്തിലുള്ള വിദ്യാശാലകളിൽ പോകണമെന്നുള്ള നിർബന്ധമില്ല, ആവശ്യകമായിട്ടുള്ളത്. ഗൃഹത്തിലൊ മററൊ വച്ചു സ്വകാര്യമായി പഠിത്തം നടത്തുന്നവരേയും, സ

ക്കാരോ, വിദ്യാഭ്യാസവകുപ്പോ നടത്തുന്ന പരീക്ഷകളിൽ ചേരാൻ അനുവദിച്ച്, യഥാൎത്ഥവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കണം. പരീക്ഷകളുടെ സ്വഭാവം മാററണം. പരീക്ഷകളേയും, പൊതുവേ ഗവൎമ്മെണ്ടിന്റെ വിദ്യാഭ്യാസത്തെയും, നിയന്ത്രിക്കേണ്ടതു കുട്ടികളെ പഠിപ്പിക്കുന്നവരല്ല; വിശാലമായ ലോകപരിചയവും, സന്മാൎഗ്ഗനിഷ്ഠയും, മാനസികശാസ്ത്രാദികളിൽ പരിജ്ഞാനവുമുള്ള ജീവിതവിദഗ്ദ്ധന്മാരാണ്. ഈ ഭേദഗതികൾ നടപ്പാക്കുന്നതിനു വിദ്യാഭ്യാസവകുപ്പിനെ നിയന്ത്രിക്കാൻ മേല്പറഞ്ഞ ഗുണങ്ങളുള്ള ഏതാനും അനുദ്യോഗസ്ഥന്മാർ കൂടെ അടങ്ങിയ ഒരു ഭരണബോർഡിനെ നിയമിക്കണം. വിദ്യാഭ്യാസപരിഷ്കാരത്തെക്കുറിച്ച് ഞാൻ കുറച്ചു മുമ്പു ചില പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖനത്തിൽ, വിദ്യാഭ്യാസവകുപ്പിനെ ജനപ്രതിനിധികളോട് ഉത്തരവാദിത്വവും മുമ്പറഞ്ഞ ഗുണങ്ങളുമുള്ള ഒരു ഉപമന്ത്രിയുടെ കീഴിലാക്കുകയൊ, ഇതിനു തല്ക്കാലം നിവൃത്തിയില്ലാത്തപക്ഷം, അതിനെ മേൽപറഞ്ഞ തരത്തിലുള്ള ഒരു ഭരണബോർഡിന്റെ കീഴിലാക്കുകയൊ ചെയ്യണമെന്നു പ്രസ്താവിച്ചിരുന്നു. എന്നാൽ, ജനപ്രതിനിധികളോട് ഉത്തരവാദിത്വമുള്ള ഒരു ഉപമന്ത്രിയെ നിയമിച്ചാലും കാൎയ്യനടപ്പിന് ഒരു വിദ്യാഭ്യാസബോർഡു ആവശ്യകമാണ്. ജനപ്രതിനിധികളോട് ഉത്തരവാദിത്വമുള്ള ഉപമന്ത്രിയെ നിയമിച്ചാൽ, ആവശ്യമുള്ള ഭരണബോർഡിനെ നിയമിക്കുന്നതിനു വേണ്ട നടപടികൾ അദ്ദേഹം നടത്തിക്കൊള്ളുമെന്നു വിശ്വസിക്കാൻ ന്യായമുള്ളതുകൊണ്ടു മാത്രമാണ്, ആ പരിഷ്കാരം നടപ്പാക്കിയാൽ മതിയാകുമെന്നു ഞാൻ അഭിപ്രായപ്പെട്ടതു്. എത്ര സമൎത്ഥനും സദുദ്ദേശസംയുക്തനുമായ ആൾക്കും വിദ്യാഭ്യാസവകുപ്പിന്റെ പ്രവൎത്തനത്തെ ഒരു ഭരണബോർഡിന്റെ സഹായംകൂടാതെ ശരിയായി നടത്താൻ ഈ കാലത്തു സാധിക്കുമെന്നു് തോന്നുന്നില്ല.

# പരിക്ഷയും ഫലവും.

(എം. രാമവൎമ്മതമ്പാൻ ബി. എ., എൽ. ടി.)

ഈയാണ്ടത്തെ സ്കൂൾഫൈനൽ പരീക്ഷാഫലം തീരെ തൃപ്തികരമായിരുന്നില്ല എന്നു ജനങ്ങൾ ബഹളംകൂട്ടി. ജനാധിപത്യകാലമായ ഇന്നു ഇങ്ങിനെയുള്ള ബഹളം കേവലം നിഷ്ഫലമായിക്കലാശിക്കയില്ലല്ലോ. ര

ണ്ടാമതും ഒരു ലിസ്റ്റുവന്നിരിക്കുന്നു. ഈ അരിപ്പിൽ കുറേക്കൂടി സാധുക്കൾ കരകേറിപ്പോയി. ജനങ്ങൾ തൃപ്തിപ്പെട്ടടങ്ങി. തോററവരായി ഇനിയും വളരെപേരില്ലേ.? അവക്കുവേണ്ടിയും ഒരു ബഹളം കൂട്ടരുതേ, കൂട്ടേണ്ട.? ഏഃ അതു ശരിയല്ല. നാം ബഹളംകൂട്ടി; ഗവൺമെണ്ടു നമ്മെ മാനിച്ചു; അതുകൊട്ട് ഒന്നുകൂടിപരീക്ഷിച്ചു കുറേപേരെ ജയിപ്പിച്ചില്ലേ;? ഇനിയും ചോദിക്കുന്നതു മര്യാദയല്ല, തോററ കുട്ടികൾക്ക് ഒരു കൊല്ലം ആയുസ്സു പോയില്ലേ.? അവരും ഒരു വർഷം തങ്ങളാലായവണ്ണം വാദ്ധ്യാന്മാരുടെ ഉപദേശം അനുസരിച്ചു പഠിച്ചവരല്ലേ.? പരീക്ഷക്കുപോയി ജയിക്കാൻ യോഗ്യരാണെന്നു വദ്ധ്യാന്മാർ സമ്മതിച്ചു അയച്ചവരല്ലേ.? കുറേപ്പേരെ കൂടി രണ്ടാമതു ജയിപ്പിച്ചതു് ഏതു തോതുവച്ചാണ്?. അധികം തോൽവിയുള്ള വിഷയത്തിലെ കടലാസുകൾ വീണ്ടും നോക്കിയാണത്രെ. നോക്കിയപ്പോൾ ചില പരീക്ഷകന്മാരുടെ നോട്ടം അശ്രദ്ധാപൂരിതമായിരുന്നു. അവക്ക് ഇനി ഉത്തരക്കടലാസു കൊടുക്കാൻപാടില്ലെന്നു വിധിച്ചു എന്നു കേൾക്കുന്നു. ശരി. ഇനിയും തോററുനില്ക്കുന്നവരിൽ അവർ തോററവിഷയങ്ങളിലെ കടലാസു വീണ്ടും നോക്കിയാൽ കുറേക്കൂടി ജയിക്കയില്ലേ.? ജയിച്ചേക്കാം. പക്ഷെ അതൊക്കെ പ്രയാസമാണ്. അരിയുടെ വേവു നോക്കുന്നതു് ഓരോ അരിയും ഞെക്കിനോക്കി അല്ലല്ലോ. അഞ്ചാറു വററു എടുത്തു് ആകപ്പാടെ ഒന്നു ഞെക്കിനോക്കുകയല്ലെ പതിവ്?. ശരി. അതെ. ഭാവിപൌരന്മാരാകാനുള്ള യുവചൈതന്യങ്ങളെ പരീക്ഷാകലത്തിലിട്ടു വാദ്ധ്യാന്മാരുടെ ശാസനത്തീയുകത്തിച്ച് ഫുവ്വം ദിവസസമയം പാഠവിഷയങ്ങളായ വെള്ളം ഒഴിച്ചു വേവിക്കുക. അവസാനത്തിൽ ഒരു പരീക്ഷകൻ വന്നു കുറെ വററു എടുത്തു് ഞെക്കിനോക്കുക. കുറെ വെന്തു, കുറെ വെന്തില്ല, വെന്തതും വേകാത്തതും രണ്ടു പാത്രത്തിലാക്കി. വെന്തതിൽ വേകാത്തതും, വേകാത്തതിൽ വെന്തതും കാണും. എങ്കിലും നമുക്കു തണ്ഡുലന്യായമെ സാദ്ധ്യമാകു. ഈ നയത്തിനോടുള്ള അതിപരിചയംമൂലം അതിൻെറ അനീതിയിൽ നമുക്ക് അവജ്ഞയും വരുന്നു. എന്താ, പോരേ. ശിവശിവ, ഈ യുവതേജോവധത്തിനു ആരാണുത്തരം പറയേണ്ടതു്?. ഞാൻ ഒന്നുരണ്ടു ചോദ്യങ്ങൾ ചോദിക്കട്ടെ. പക്ഷെ ചോദിക്കുന്നതിനു മുമ്പിൽ ഗൌരവമായ കാര്യം പറയുമ്പോൾ ഫലിതമെന്നു നാട്യത്തിൽ ചില അല്പന്മാർ കുതക്കങ്ങൾ ഉണ്ടാക്കുന്നതു സാധാരണമാണ്. അതു വരാതിരിക്കാൻ ഒരു വാക്ക് ഇവിടെ പറയണം. ഇതു് എഴുതുന്ന ആളെ സംഹരിച്ചുകഴിഞ്ഞു എന്നു നടിച്ചു തെളിഞ്ഞു് അവർ എന്നോടു ചോദിക്കുന്നതു 'നിങ്ങളും അദ്ധ്യാപകനായിരുന്നില്ലേ, പരീക്ഷകനായിരുന്നില്ലേ, കുട്ടികളെ തോല്പിക്കയും ജയിപ്പിക്കയും ചെയ്തിട്ടില്ലേ, ഇപ്പോൾ വയസ്സായി ഇതിനൊന്നും ശക്തിയില്ലാതായപ്പോഴാണോ അനാവശ്യമായി

ആളുകളെ അവർ അവരവരുടെ ജോലിചെയ്യുമ്പോഴും ഉപദ്രവിക്കുന്നതു്"?. അല്ലയോ പ്രശ്നകർത്താവെ! നിങ്ങൾ പറയുന്നതൊക്കെ ശരി. ഒടുവിലത്തെ വാചകമൊഴിച്ചു എൻെറ അനുഭവം എന്നിൽ തോന്നിക്കുന്ന പശ്ചാത്താപവും സങ്കടവും കൊണ്ടു മാത്രമാണു് ഈ ലേഖനം എഴുതുവാൻ ഞാൻ പുറപ്പെടുന്നതു്. അദ്ധ്യാപകന്മാരും പരീക്ഷകന്മാരും അല്ല എൻെറ വിമർശനത്തിൻെറ ലാക്കു്. അവർ പരീക്ഷാസമ്പ്രദായത്തിലെ ചട്ടുകങ്ങൾ മാത്രമാണു്. ആ സമ്പ്രദായത്തെപ്പററിയാണു് ഞാൻ ഇവിടെ ആലോചിക്കുക്കുന്നതു്. അതിനാൽ മേല്പറഞ്ഞ ചോദ്യങ്ങൾ ചോദിച്ചു് 'ഞാൻ അയാളുടെ തലക്കിട്ടു കൊടുത്തു ഒന്നു്' എന്ന കൃതാർത്ഥതനേടി പത്രസ്ഥലം മെനക്കെടുത്തരുതേ.?

ഞാൻ ഒന്നുരണ്ടു ചോദ്യങ്ങൾ ചോദിച്ചുകൊള്ളട്ടെ.

ഓരോ വിഷയത്തിലെ ചോദ്യങ്ങൾക്കും ൧൦൦ മാർക്കുകൾ വച്ചിട്ടുണ്ടല്ലോ. ഈനൂറു എന്താണു്?. ഉത്തരത്തിൽ ഏതാനും സംഗതികൾ വ്യക്തമായി നിർദ്ദേശിച്ചു അവയ്ക്കു് ഈ മാർക്കുകൾ വീതിച്ചുകൊടുത്തിരിക്കയാണൊ?. അതൊ ഉത്തരക്കടലാസു വായിക്കുമ്പോൾ തോന്നുന്ന ഭ്രമോദയം പോലെ ഒരു സംഖ്യ അവിടെ ഇടുന്നോ?. സാധാരണ രണ്ടാമതു പറഞ്ഞ തരത്തിലല്ലെ കടലാസു നോക്കുക.?

ഈ ഭ്രമോദയം തോന്നുക പല സംഗതികളേയും ആശ്രയിച്ചിരിക്കയില്ലെ.? പരീക്ഷകൻെറ ഉത്സാഹവും തദഭാവവും മാർക്കിനെ ബാധിക്കയില്ലെ.? കുട്ടിയുടെ കൈയെഴുത്തും ഉത്തരംപറയുന്ന രീതിയും കാര്യങ്ങളല്ലെ.? കുറെ കടലാസുകൾ നോക്കുമ്പോൾ ഒരേ സംഗതികൾക്കു് ഒരേ മാർക്കു കിട്ടുന്നുണ്ടോ?, ആദ്യം നോക്കുന്ന ഉത്തരക്കടലാസുകൾ നിർഭാഗ്യവാന്മാരുടെയാവുകയില്ല.? പരീക്ഷകനു ദഹനമില്ലാതെ അയാൾ ശുണ്ഠിപിടിച്ചിരിക്കുമ്പോൾ കയ്യിൽ അകപ്പെടുന്ന കടലാസിൻെറ ഉടമസ്ഥൻ നിർഭാഗ്യവാനാകയില്ലെ? ഇതൊക്കെ ശരിപ്പെടുത്താവുന്നതാണൊ? ഇങ്ങിനെ പല ഘടകങ്ങളുടെ വിവിധവിഭിന്നപ്രവൃത്തികളുടെ ഫലങ്ങളേയാണു് തണ്ഡുലന്യായേന കുട്ടികളുടെ കടലാസിൽ ചില അക്കങ്ങളായി കുറിയ്ക്കുന്നതു്. ഒരേ കടലാസുതന്നെ മൂന്നുനാലുപേർ നോക്കിയാൽ ഫലമെങ്ങിനെയിരിക്കും? ഒന്നുരണ്ടു വർഷങ്ങൾക്കു മുമ്പിൽ തിരുവിതാംകോട്ടയിനിന്നു കാളേജുലക്ചറന്മാർ ഈ പരീക്ഷയുടെ കഴമ്പു പരിശോധിക്കാനായി രണ്ടുമൂന്നു ഉത്തരക്കടലാസു് ചില പരീക്ഷകന്മാരെക്കൊണ്ടു മാർക്കിടുവിച്ചു വരുത്തി. വീണ്ടും അവരെക്കൊണ്ടു് മാററിമാററി നോക്കിച്ചു. ഒരേകടലാസുതന്നെ ഒന്നിലധികം പ്രാവശ്യം നോക്കിച്ചു. ഫലം, ഒരേ ഉത്തരത്തിനു പരീക്ഷകന്മാർ കൊടുത്ത മാർക്കുകൾ മുപ്പതിനും എഴുപതഞ്ചിനും മദ്ധ്യെ ചാഞ്ചാടിക്കൊണ്ടിരുന്നുവെന്നത്രെ. ഒരേ പരീക്ഷകൻതന്നെ

ഒരു ഉത്തരം രണ്ടോ മൂന്നോ തവണ നോക്കി; മാൎക്ക ൩൦ മുതൽ ൭൦ വരെയുള്ള എടയ്ക്കു ചാഞ്ചാടിക്കൊണ്ടിരുന്നുവത്രെ. ഇവരുടെ അന്വേഷണഫലം പ്രസിദ്ധംചെയ്യാഞ്ഞതു് കഷ്ടംതന്നെ. ഇത്ര അനിയന്ത്രിതമായ ഒരു യോഗ്യതാനിൎണ്ണയസമ്പ്രദായം വേറെയുണ്ടോ?

രണ്ടാമതു് കടലാസുകൾ നോക്കിക്കണ്ട ഫലമാണു് ശരിയായ ഫലമെന്നു് എങ്ങിനെ നിശ്ചയിക്കാം?

ആദ്യം പരീക്ഷിച്ച ആൾതന്നെ വേറെ മാൎക്ക കൊടുത്തു എന്നു വരരുതെ? അഥവാ രണ്ടാമതു് നോക്കണമെങ്കിൽതന്നെ എല്ലാ കുട്ടികളുടേയും എല്ലാ വിഷയങ്ങളിലെ കടലാസുകളും നോക്കണ്ടേ? എന്നാൽതന്നെ എന്തുഫലം? മൂന്നാമതു് നോക്കിയാൽ ആദ്യത്തെ രണ്ടു മാൎക്കകളും തെററി എന്നു വരരുതെ? യാദൃച്ഛിക നോട്ടത്തിനു് യഥേഷ്ടം നിൎബാധമായി നൃത്തം ചെയ്യാൻ പരീക്ഷയേക്കാൾ നല്ലതായ വേറൊരു രംഗം മനുഷ്യനു ഊഹിക്കാൻ കഴിയുമൊ?

ഇന്നത്തെ അദ്ധ്യാപകന്മാരും രക്ഷാകൎത്താക്കന്മാരും അദ്ധ്യേതാക്കൾതന്നെയും ഒരു ൪൦ ശതമാനം പേരെങ്കിലും ജയിച്ചാൽ കൃതാൎത്ഥരായി. ബാക്കി അറുപതു ശതമാനം പേരെയും നിൎദ്ദയമായി, ഒരു ചിന്തകൂടി കൂടാതെ അവജ്ഞയിൽ വിടുന്നതു മഹാപാപമല്ലെ?

ഒരാണ്ടിൽ ൭൦ ശതമാനം, രണ്ടാംകൊല്ലം ൧൧ ശതമാനം, മൂന്നാംകൊല്ലം ൩൪ ശതമാനം, നാലാംകൊല്ലം ൬൦ ശതമാനം ഇങ്ങനെ ജയിക്കുന്നു; ഒരേ അദ്ധ്യാപകന്മാർ പഠിപ്പിക്കുന്നു; ഒരേ രീതിയിൽ പഠിപ്പിക്കുന്നു; ഒരേ യോഗ്യതയുള്ള കുട്ടികളെ പഠിപ്പിക്കുന്നു; ഓരോ തോതിലുള്ള പുസ്തകങ്ങൾ; ഒരേ വിഷയം; പിന്നെയും ഈ ഭീമമായ വ്യത്യാസം കാണുന്നതിനു 'തോന്ന്യാസം' എന്നല്ലാതെ എന്താണു് പറയേണ്ടതു്? ഈ രീതിയിൽ, ഈ പരീക്ഷാരീതിയെപ്പററി, കുററവും കുറവും പറഞ്ഞു പോവുകയാണെങ്കിൽ ഒരു പുസ്തകമെഴുതിയാലും തീരുകയില്ല.

ഈ സാധുവധം, അല്ല യുവതേജോവധം കുറക്കാൻ, അഥവാ ഇല്ലാതാക്കാൻ വഴിയെന്താണു്? ഒന്നാമതായി ബുദ്ധിമാന്മാർ ഇതിനെപ്പററി ഗാഢമായി ഒരു കൂടിയാലോചന നടത്തണം. അവരും അവരുടെ അനുഭവങ്ങൾ വച്ചുകൊണ്ടു് തൃപ്തിപ്പെടാതെ തുറന്നബുദ്ധിയോടുകൂടി ഈ സംഗതിയെപ്പററി ആലോചിക്കണം. അതിനു് അതി നിഷ്കൃഷ്ടയോടെ ചിന്താശീലന്മാരും, നിൎഭയമായി ചിന്തിക്കാവുന്നവരുമായ കുറെപ്പേരെ തിരഞ്ഞെടുത്തു് ഒരു സമിതിചേൎത്തു് അവരോടു് ഇതിനെപ്പററി ഗാഢമായി ആലോചിച്ചു റിപ്പോൎട്ടുചെയ്യാൻ പറയണം. മദ്രാസിലങ്ങിനെയാണു്, ബംഗാളിലങ്ങിനെയാണു്; ഇംഗ്ലണ്ടിലങ്ങിനെയാണു് എന്നൊക്കെ പറയാതെ ലോകത്തിൽ എവിടെയെങ്ങിനെയായാലും ഇവിടെ പുതിയതായി ഒ

രു സമ്പ്രദായം വേണ്ടിവന്നാൽ തുടങ്ങാമെന്നു കരുതി പ്രവൎത്തിക്കണം. പല ദിക്കുകളിലും സാധുവധം നടപ്പുണ്ടെന്നുവച്ച് ഇവിടെ അതു് നിറുത്തൽ ചെയ്തുകൂടാ എന്നു ശഠിക്കരുതു്. ഇങ്ങിനെ ഒരു കമ്മിററി ഗാഢമായി ആലോചിച്ചാൽ ഫലമുണ്ടാകുമെന്നാണ് തോന്നുന്നതു്.

സ്കൂളുകളിലും കാളേജുകളിലും നിന്നു കിട്ടുന്ന സമ്മതപത്രം ഒരുദ്യോഗത്തിനും ഒരുവനെ യോഗ്യനാക്കരുതു്. ഓരോ ഉദ്യോഗത്തിനും യോഗ്യത നിശ്ചയിക്കാൻ വേറവേറെ പരീക്ഷ വേണമെങ്കിൽ നടത്തട്ടെ; വിദ്യാലയങ്ങളിൽ പരീക്ഷകളുള്ള സ്ഥാനം വാദ്ധ്യാർ പഠിപ്പിച്ചതു കുട്ടി ഗ്രഹിച്ചോ എന്നറിയാൻ മാത്രമാണ്. ഗ്രഹിച്ചില്ലെങ്കിൽ വീണ്ടും പറഞ്ഞുകൊടുത്തോ മററു വിധേനയൊ കുട്ടിയെ ഗ്രഹിപ്പിക്കയാണ് വേണ്ടതു്. വാദ്ധ്യാരുടെ കടമ ശിഷ്യനെ പഠിപ്പിക്കയാണ്. അയാൾക്കു കുട്ടികൾ കൊടുക്കാൻ കഴിയുന്ന സൎട്ടിഫിക്കെററ്, താൻ പഠിപ്പിച്ച വിഷയം പഠിക്കാൻ കുട്ടിക്കു യോഗ്യതയുണ്ട്, ഇതിൽ കൂടുതൽ ജ്ഞാനം സമ്പാദിക്കാൻ കുട്ടിക്കു അവസരം കൊടുക്കാം എന്നു പറയുക മാത്രമാകണം.

ഈ അഭിപ്രായംതന്നെ തണ്ഡുലന്യായപ്രകാരമല്ല രൂപീകരിക്കേണ്ടതു്. ഓരോ അദ്ധ്യാപകനും ഓരോ കുട്ടിയുടേയും അദ്ധ്യയനം സൂക്ഷിച്ച് അവന്റെ കുറവുകളെ നേരിട്ടറിഞ്ഞുവേണം ഈ അഭിപ്രായം ഉണ്ടാക്കാൻ. ഇതു അസാദ്ധ്യമല്ലെന്ന് എന്റെ അനുഭവങ്ങളിൽ ചിലതു പറയുന്നുണ്ട്. അവയിൽ ഒന്നുരണ്ടെണ്ണം പറയാം

സ്കൂൾലീവിംഗ് പരീക്ഷ തുടങ്ങിയ ആണ്ടിൽ ക്ലാസ്സു മാൎക്കുകൊടുക്കാനുള്ള ഉപദേശങ്ങൾ വളരെ താമസിച്ചായിരുന്നു കിട്ടിയതു്. സൎട്ടിഫിക്കെററിൽ ക്ലാസ്സുമാൎക്കുകൾ ചേൎക്കയുംവേണം. ഞാൻ എന്റെ സഹായാദ്ധ്യാപകന്മാരെയും കൂട്ടിച്ചേൎത്തു് ഓരോ കുട്ടിയുടേയും യോഗ്യത അയാളുടെ മനസ്സിൽ പതിഞ്ഞിട്ടുള്ളതു് അനുസരിച്ചു മാൎക്കിടുവാൻ പറഞ്ഞു. ഞങ്ങൾ അങ്ങിനെ ചെയ്തു. ഡാക്ടർ മിച്ചൽ എല്ലാ സ്കൂളുകളിലേയും ക്ലാസ്സുമാൎക്കുകളേയും പബ്ളിക്ക് പരീക്ഷാമാൎക്കുകളേയും താരതമ്യപ്പെടുത്തിപരീക്ഷിച്ചുനോക്കി. പ്രത്യേക കടലാസുകൾ കൊടുത്ത പല ഹെഡ്മാസ്റ്ററന്മാരും മാൎക്കുകൊടുത്തിരുന്നു. ഡാക്ടർ മിച്ചൽ എന്നോടു പറഞ്ഞതു് എന്റെ സ്കൂളിലെ ക്ലാസ്സുമാൎക്ക് വളരെ ഏറെതൃപ്തികരമായിരുന്നു എന്നായിരുന്നു. ഇതുകൊണ്ട് ഒരു എഴുത്തുപരീക്ഷയുംകൂടി കൂടാതെ യോഗ്യത നിശ്ചയിക്കാമെന്നു വരുന്നില്ലെ? പിന്നെ പ്രത്യേകംക്ലാസ്സു ചാൎജ്ജുള്ള അദ്ധ്യാപകന്മാരോട് ഒടുവിലത്തെ ആറുമാസങ്ങളിലും ഹാജർ രജിസ്റ്ററിൽനോക്കി കുട്ടി മേൽക്ലാസ്സിലേക്കു പോകാൻ അൎഹിക്കുന്നുണ്ടൊ എന്നു ചോദിച്ചു. ഞാൻ ഓരോ അടയാളവും കുറിച്ചു. ഒരുമാസത്തിൽ കുറിച്ചതു് അദ്ധ്യാപകനെ അടുത്ത മാസത്തിൽ അറിയിക്കയില്ല. ഇതിന്റെ ഫലം ഓരോ ക

ട്ടിയുടെ യോഗ്യതയെ പ്രത്യേകം നോക്കി അറിയാൻ അദ്ധ്യാപകനാവശ്യം നേരിട്ട എന്നുള്ളതാണ്, അദ്ദേഹം ജയിക്കുമെന്നു പറഞ്ഞ കുട്ടികളിൽ ൻൻ ശതമാനവും ജയിച്ചു എന്നുവേണം പറവാൻ.

കാളേജുക്ലാസിൽ മോശമാണെന്നു അധ്യാപകൻ വിധി എഴുതിയ കുട്ടികളെ പ്രത്യേകം ശ്രദ്ധിച്ച് അനുനാഷിച്ചതിൻെറ ഫലമായി അവരൊക്കെ ജയിച്ചുകണ്ടിട്ടുണ്ട്. സസ്നേഹം, സശ്രദ്ധം, ഓരോ കുട്ടിയേയും അറിഞ്ഞു പഠിപ്പിക്കുന്ന അദ്ധ്യാപകൻെറ അഭിപ്രായം പതിനായിരം എഴുത്തുപരീക്ഷകളേക്കാൾ കുട്ടിയുടെ യോഗ്യതയെ സംബന്ധിച്ചു ശരിയായ ഒരു മാനദണ്ഡമാണ്.

ഇത്ര വിപുലവും അത്യാവശ്യവുമായ കാര്യം അദ്ധ്യാപകന്മാർ ആലോചനാവിഷയമാക്കി അവർ അഭിപ്രായം പ്രകടിപ്പിച്ചു കാണുവാൻ ആഗ്രഹിച്ചുകൊണ്ട്, തല്ക്കാലം കുറെഏറെ വൈമനസ്യത്തോടുകൂടി, വിരമിക്കുന്നു.

# കൃഷിയെപ്പററി പഠിക്കേണ്ട ആവശ്യം

(സി. ജി. അനന്തൻപിള്ള ബി. എ.)

നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൻെറ ന്യൂനതകളേയും പരാജയത്തേയും പററി പ്രസംഗപീഠങ്ങളിൽനിന്നും ഉച്ചൈസ്തരം ഉൽഘോഷിക്കയും പത്രപംക്തികളിൽ കശനമായി വിമർശിക്കുകയും ചെയ്യുന്നതു് സർവ്വസാധാരണമായിത്തീന്നിട്ടുണ്ട്. ഇന്ന് നമുക്കു ലഭിക്കുന്ന വിദ്യാഭ്യാസം നാനാപ്രകാരേണയും അപൂർണ്ണമായ ഒന്നാകുന്നു. അതു് ദേശീയമായ ഒന്നല്ല. നമ്മുടെ ദേശത്തിൻെറ സ്ഥിതിഗതികളേയൊ, വിദ്യാഭ്യാസംകൊണ്ട് ദേശീയമായി ഉണ്ടാകേണ്ട അഭിവൃദ്ധിയേയൊ പുരസ്കരിച്ചുള്ള ഒരു വിദ്യാഭ്യാസസമ്പ്രദായമല്ല ഇന്ന് ഇവിടെ നടപ്പിലിരിക്കുന്നതു്. വിദേശഭാഷയിൽ വിദ്യാഭ്യാസം നൽകുന്ന ഏകരാജ്യം ലോകത്തിൽ ഇൻഡ്യ മാത്രമെയുള്ളു എന്ന് ഇൻഡ്യാക്കാരും ലോകരും മനസ്സിലാക്കിയിട്ടുണ്ടെങ്കിലും അതിൻെറ പരിഹാരത്തിനായി പറയത്തക്ക യാതൊരു പ്രവൃത്തിയും ചെയ്തിട്ടില്ല. നമ്മുടെ രാജ്യത്തിലെ ജനങ്ങളിൽ എൺപതു ശതമാനവും കൃഷിചെയ്തു ഉപജീവനം കഴിക്കുന്നവരാണ്. ഇൻഡ്യ പ്രധാനമായി ഒരു കൃഷകരാജ്യമാണ്. കൃഷകന്മാരെക്കൊണ്ട് നിറഞ്ഞിട്ടുള്ള ഗ്രാമങ്ങൾ

ആണ് ഇൻഡ്യയിൽ ധാരാളമായുള്ളത്. ഓരോ ദിവസം ചെല്ലുംതോറും ഇൻഡ്യ ക്ഷാമത്തിനും സാമ്പത്തികാധഃപ്പതനത്തിനും കൂടുതൽ വശഗയായിത്തീരുന്നു. ബ്രിട്ടീഷുകാരുടെ ആഗമനത്തിനു ശേഷമാണ് ഇൻഡ്യയിൽ ക്ഷാമം വർദ്ധിച്ചിട്ടുള്ളതെന്ന് ഒരു പ്രസിദ്ധ ചരിത്രകാരനായ 'ഡിഗ്ബി'സകാരണം തെളിയിച്ചിട്ടുണ്ട്. അതു് കൃഷകന്മാരുടെ തൊഴിലില്ലായ്മകൊണ്ടും വിദേശയേറിയ പല കുടിൽവ്യവസായങ്ങളുടെ നാശംകൊണ്ടും സംഭവിച്ചിട്ടുള്ളതാകുന്നു എന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. ആധുനിക വ്യവസായത്തിൻെറ മാതാവെന്നു പറയുന്ന യൂറോപ്പുഖണ്ഡം കാട്ടാളന്മാരുടെ വാസസ്ഥലമായിരുന്ന കാലത്ത് -പുരാതനകാലത്ത്- ഇൻഡ്യ അവളുടെ രാജാക്കന്മാരുടെ ധനത്തിനും പല തരത്തിലുള്ള വ്യവസായങ്ങൾക്കും സുപ്രസിദ്ധയായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി എത്ര ശോചനീയമായിരിക്കുന്നു! എൺപതുശതമാനം ജനങ്ങളും കൃഷകവൃത്തിയിലേർപ്പെട്ട് കാലയാപനം ചെയ്യുന്ന നമ്മുടെ രാജ്യത്തിൽ കൃഷി ഒരു നിർബന്ധിത വിഷയമായി പഠിപ്പിക്കുന്ന പാഠശാലകൾ കൈവിരലുകൾകൊണ്ട് എണ്ണാനുണ്ടോ? ഇതു് അത്യത്ഭുതകരമായ ഒരു സംഗതിയല്ലേ? അൻപതുകൊല്ലംകൊണ്ട് അഭൂതപൂർവമായവിധത്തിൽ അഭിവൃദ്ധി പ്രാപിച്ച ജപ്പാൻ വിദ്യാഭ്യാസനയത്തിൽ ഒരു മാററം വരുത്തുകയാണ് ചെയ്തതു്. കൃഷിയുടെ പ്രാധാന്യതയും ആവശ്യകതയും മനസ്സിലാക്കി അവർ അനേകായിരം കാർഷികവിദ്യാലയങ്ങൾ നാടിൻെറ നാനാഭാഗങ്ങളിലും നിർമ്മിച്ചു. ജർമ്മനി ഡെൻമാർക്ക്, ഫിൻലാൻറ് എന്നീ രാജ്യങ്ങളും കാർഷികകാര്യങ്ങളിൽ വരുത്തിയ പരിഷ്കാരങ്ങൾ നമ്മുടെ ശ്രദ്ധക്കു വിഷയീഭവിക്കേണ്ടതാണ്.

യഥാർത്ഥമായ ദേശീയവിദ്യാഭ്യാസത്തിൻെറ ആദർശം എല്ലാവർക്കും സമമായ വിദ്യാഭ്യാസം ലഭിക്കുകയല്ല. പ്രകൃതിദത്തമായ അനവധി ജോലികളും ശക്തികളും വൈശേഷതകളും പ്രവൃത്തിരൂപത്തിൽ വരുത്തുന്നതിന് വ്യക്തിപരത്തെ കഴിവുള്ളിടത്തോളം പോഷിപ്പിക്കുകയാകുന്നു. അതു് മുഴുവൻജനങ്ങളുടേയും വിദ്യാഭ്യാസത്തെ ആസ്പദമാക്കിയിട്ടുള്ളതായിരിക്കണം. അതു് മനുഷ്യവർഗ്ഗത്തിൻെറ സർവ്വജനീനവിദ്യാഭ്യാസത്തിൻെറ ഒരു ഭാഗവുമായിരിക്കണം.

ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം നമ്മുടെ പൂർവ്വികരുടെ ജോലിയിൽനിന്നും നമ്മെ ബഹിഷ്കരിച്ചിരിക്കുന്നു! വിദ്യാഭ്യാസത്തിൻെറ ഫലം ഓരോ പിതാവിനേക്കാൾ ഉത്തമന്മാരായ പുത്രന്മാരടങ്ങിയിട്ടുള്ള ഒരു ഭാവിജനപരമ്പര സൃഷ്ടിക്കുന്നതായിരിക്കണം. പൂർവ്വികരുടെ തൊഴിലിൽനിന്നും ഭ്രഷ്ടരായ ഒരു ജനക്കൂട്ടത്തെ സൃഷ്ടിക്കുന്നതിനായിരിക്കരുത്. ഇന്നു വിദ്യാഭ്യാസം നൾകുന്നത് മാതാപിതാക്കന്മാരേയൊ, വ്യക്തികളുടെ ഭാവിയേയൊ നോക്കിയിട്ടല്ല. ഒരു കച്ചവടക്കാരൻെറ ബിരുദധാരിയായ പു

ത്രൻ അരി അളന്നു കൊടുക്കുന്നതു് അന്തസ്സിനു കുറവായിട്ടു കരുതുന്നു. ഒരു കൃഷിക്കാരന്റെ ബിരുദധാരിയായ പുത്രൻ നിലം ഉഴവുന്നതു് നിന്ദ്യമായി വിചാരിക്കുന്നു. ഒരിക്കൽ ഒരു കാർഷികകലാശാല ആരംഭിച്ചപ്പോൾ അവിടെ കുട്ടികൾ ശരിയായ പ്രവേശനം നൾകുന്നതിനുമുമ്പു് അവരെ പരിശോധിക്കുന്നതിനായി ഒരു വേല കൊടുത്തു. അവരിൽ പല തരക്കാരായ വിദ്യാൎത്ഥികളുണ്ടായിരുന്നു. കുട്ടികളോടു് വളം ശേഖരിച്ചിരുന്ന കുഴികൾ തുറക്കുവാനും, വളം തലയിൽവച്ചു ചുമക്കുവാനും, വണ്ടിയിൽ കയററുവാനും മററും അധികൃതന്മാർ ആവശ്യപ്പെട്ടു. ഇതു് അവരുടെ അന്തസ്സിനെ ഒന്നു സ്പർശിച്ചു. വേലചെയ്യുവാൻ മടിച്ചവരെ പുറത്താക്കി. ചിലർ കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ വിദ്യാലയം വെടിഞ്ഞു. മററുചിലർ ഒഴിവുകാലംവരെ അവിടെ നിന്നു എങ്കിലും, ഒഴിവിനു വീട്ടിൽപോയതിനു ശേഷം അങ്ങോട്ടു കടന്നതേയില്ല. വിദ്യാലയത്തിലെ ഹാജർ വളരെ കുറഞ്ഞു എന്നു പറയേണ്ടതില്ലല്ലൊ. ഇതിൽനിന്നും അവർ പ്രയത്നമാഹാത്മ്യം എത്രത്തോളം മനസ്സിലാക്കിയിരുന്നു എന്നു് വ്യക്തമാകുന്നുണ്ടു്. നമ്മളിൽ മിക്കവരും കർഷകന്മാരെ എളിയവരായിട്ടാണു് കരുതിവരുന്നതു്. നാം ഇന്നു് ഒരു പ്രവൎത്തകലോകത്തിലാണു് ജീവിക്കുന്നതു്. നമുക്കു ഭക്ഷണം ആവശ്യമാണു്. മാനസികമൊ, ശാസ്ത്രീയമൊ, കായികമൊ ആയ എല്ലാ പ്രവൃത്തിയുടേയും അടിസ്ഥാനം വയറാണു്. നമുക്കു് ശക്തിയും ചൊടിയും നൾകുന്നതു് വയറാണു്. വയറു് പട്ടിണിയായാൽ ശരീരത്തിലെ മററവയവങ്ങൾ ജോലിചെയ്യുകയില്ല. തലച്ചോറുപോലും ജോലിചെയ്യുകയില്ല. വയറിനേയും ശരീരത്തിലെ മററു അവയവങ്ങളേയും സംബന്ധിച്ച കഥ എല്ലാവൎക്കും അറിയാവുന്നതാണല്ലൊ. ഭയങ്കരങ്ങളായ യുദ്ധങ്ങൾ അവസാനിപ്പിക്കുന്നതിനുപോലും പട്ടിണി ഒരു ദിവ്യൌഷധമാണു്. നമ്മുടെ ശത്രുവിനു ഭക്ഷണപദാൎത്ഥങ്ങൾ കിട്ടുന്നതിനനുവദിക്കാതെ, പട്ടിണിയിട്ടാൽ അയാൾ കീഴടങ്ങുമെന്നുള്ളതിനു സംശയമില്ല. അവരുടെ കോട്ടയുടെ നാലു ഭിത്തികൾക്കുള്ളിലിരുന്നു ഭക്ഷണസാധനം നിൎമ്മിക്കുവാൻ സാധിക്കുന്നതല്ലല്ലൊ.

ഈ ഭക്ഷണകാൎയ്യം യുദ്ധകാലത്തുണ്ടാകുന്ന ഒരു വിഷമത മാത്രമല്ല. ശാസ്ത്രീയമായ രീതിയിൽ കൃഷിചെയ്യുന്നതിലുള്ള ഉപേക്ഷയും തന്നിമിത്തം ഭൂമിയിൽനിന്നു കുറച്ചുമാത്രം വിളവു ലഭിക്കുന്നതും ഒരു ദേശത്തിന്റെ ഭക്ഷണവിഷയത്തിൽ വലിയ വിഷമത ഉണ്ടാക്കാറുണ്ടു്. കൃഷിയിൽ വിനിയോഗിക്കുന്ന പ്രയത്നം നൾകുന്നതുപോലെയുള്ള ആദായം യാതൊരു വ്യവസായവും നൾകുന്നതല്ലെന്നാണു് വിദഗ്ദ്ധാഭിപ്രായം. എന്തുകൊണ്ടെന്നാൽ കൃഷിയിൽ പ്രകൃതിശക്തികളാണു വേലചെയ്യുന്നതു്. അവിടെ മനുഷ്യനു ചെയ്വാനുള്ളതു് അനുകൂലസ്ഥിതിഗതികൾ ഉണ്ടാക്കുകയും പ്രകൃതിശക്തിക

ളുടെ സ്വച്ഛന്ദവിഹാരത്തിനു സ്വാതന്ത്ര്യം നൾകുകയുമാകുന്നു. വ്യവസായത്തിൽ ഭൂരിഭാഗം ജോലിയും നാംതന്നെ ചെയ്യേണ്ടിയിരിക്കുന്നു. എന്നാൽ കൃഷിയിൽ ഭൂരിഭാഗം ജോലിയും നമുക്കുവേണ്ടി പ്രകൃതിചെയ്യുന്നു.

കൃഷിശാസ്ത്രപഠനത്തിൽ, നല്ല വിത്തുകൾ ശേഖരിക്കുന്നതെങ്ങിനെ, നിലം ഉഴവുന്നതെങ്ങിനെ, ഏതുതരത്തിലുള്ള വളമാണ് ഉപയോഗിക്കേണ്ടതു് എന്നിവ മാത്രമല്ല ഉൾപ്പെടുന്നതു്. മൃഗങ്ങളെ വളത്തി സൂക്ഷിക്കേണ്ട വിഷയവും അതിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. പാൽക്കട്ടിയുണ്ടാക്കുക, കോഴിവളത്തൽ എന്നിവ പഠിപ്പിക്കേണ്ടതാണ്. കന്നുകാലികളെ വളത്തുന്നതിലും, പാൽക്കട്ടിയുണ്ടാക്കുന്നതിലും, പാല്, തൈര്, നെയ്യ് എന്നീ വ്യവസായങ്ങളിലും ഡെൻമാക്ക് അനിതരസാധാരണമായ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ട്. വിദ്യാത്ഥിമന്ദിരങ്ങളുള്ള എല്ലാ പാഠശാലകളിലും കന്നുകാലികളെ വളത്തുന്നതിനും അവയെ കറക്കുന്നതിനും തൈർ വെണ്ണ മുതലായവ ഉണ്ടാക്കുന്നതിനും കുട്ടികളെ പഠിപ്പിക്കുകയും ചെയ്യേണ്ടതാണ്.

വിദ്യാലയങ്ങളിലെ പാഠപദ്ധതിയിൽ കൃഷിക്ക് ഒരു പ്രധാനസ്ഥാനം നൾകിയിട്ടുള്ള രാജ്യങ്ങൾ കൃഷിയിൽ അത്ഭുതപൂവ്വമായി അഭിവൃദ്ധിപ്രാപിച്ചിട്ടുണ്ട്. ജപ്പാൻ, ജമ്മനി, ഡെൻമാക്ക്, ഫിലിപ്പയിൻ ദ്വീപുകൾ, അമേരിക്കയിലെ ഐക്യരാജ്യങ്ങൾ മുതലായവ ഇതിന് ഉദാഹരണങ്ങളാണ്. ഇൻഡ്യയിലെ കഷകന്മാക്കു പൂവ്വികരിൽനിന്നും ലഭിച്ചിട്ടുള്ള അറിവു മാത്രമെയുള്ളൂ. ഓരോരുത്തരും പ്രത്യേകംപ്രത്യേകമാണ് ജോലിചെയ്യുന്നതു്. പരസ്പരം സഹകരണമില്ല. സഹകരിച്ചു പ്രവത്തിക്കാതെ ഒററക്കു പ്രവത്തിക്കുന്ന കർഷകന്മാക്ക് പരാജയമെ ഉണ്ടാകയുള്ളു എന്നാണ് ധനതത്വശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ഏകദേശം അൻപതു സംവത്സരങ്ങൾക്കു മുമ്പു് ജപ്പാനിലേയും സ്ഥിതി ഇതുതന്നെയായിരുന്നു. സാമാന്യജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസം പ്രചരിച്ചിരുന്നില്ല. കാഷികാഭ്യസനം പ്രത്യേകം നൾകപ്പെട്ടിരുന്നില്ല. എന്നാൽ ജപ്പാൻകാർ ഇതു മനസ്സിലാക്കുകയും, വിദ്യാഭ്യാസം പ്രചരിപ്പിക്കുകയും, കാർഷികാഭ്യസനത്തിന് പ്രത്യേകം സ്ഥാനംനൾകി കാർഷികപാഠശാലകൾ ശതംകണക്കിനു ഉണ്ടാക്കുകയും ചെയ്തു. അവക്ക് വിജയവും ലഭിച്ചു. ജപ്പാൻകാരുടെ അഭിവൃദ്ധി ആരെയാണ് ഇന്നു വിസ്മയഭരിതരാക്കാത്തതു്?. നാം ഇക്കായ്യത്തിൽ അവരെ അനുകരിച്ചു്, അവരുടെ പ്രവൃത്തിമാർഗ്ഗങ്ങളിൽക്കൂടി സഞ്ചരിച്ചു്, സൽഫലങ്ങൾ നേടേണ്ടതല്ലെ.? ജപ്പാൻകാർ അവരുടെ വിദ്യാഭ്യാസനയത്തിൽ വരുത്തിയ മാററവും, കൃഷിക്കു നൾകിയ പ്രാധാന്യതയും, തൽഫലമായുണ്ടായ അഭിവൃദ്ധിയും അവരുടെ ഇന്നത്തെ നിലയും എല്ലാ ഭാരതീയവിദ്യാഭ്യാസപ്രവത്തകന്മാരുടേയും രാജ്യതന്ത്രജ്ഞന്മാരുടേയും ശ്രദ്ധക്കു വിഷയീഭവിക്കേണ്ടതാണെന്നുള്ളതിന് സംശയമില്ല.

ഫിൻലാൻറിൽ പ്രാഥമികപാഠശാലകളിൽതന്നെ കൃഷി പഠിപ്പിക്കുന്നു. ഹൈസ്ക്കൂളുകളിൽ അതു തുടൎന്നുപോകുന്നു. ജൎമ്മനിയിലും കാൎഷികാഭിവൃദ്ധിയുടെ പ്രധാനകാരണം വിദ്യാഭ്യാസമാണെന്ന് അവിടത്തെ ചരിത്രം തെളിയിക്കുന്നുണ്ട്. ജൎമ്മനിയിൽ ഉൽകൃഷ്ടമായ രീതിയിൽ നടപ്പെടുന്ന സാങ്കേതികവിദ്യാഭ്യാസം കൃത്രിമവളങ്ങൾ ഉണ്ടാക്കുന്നതിനു പഠിപ്പിച്ചു; പൎയ്യവേക്ഷണശാലകളിലെ പരിശോധനവളങ്ങളുടെ ഉപയോഗങ്ങൾ മനസ്സിലാക്കി. ചില സ്ഥാപനങ്ങളും, ലഘുലേഖകളും, കാൎഷികപത്രങ്ങളും, വിശ്വസനീയമായ ഉപദേശം നൽകി. എത്രയും താഴ്ന്ന നിലയിലുള്ള കൎഷകന്മാർപോലും ഈ രീതികൾ അനുസരിച്ചു കൃഷിചെയ്യുവാൻ തുടങ്ങി.

വിദ്യാലയങ്ങളിലെ തോട്ടങ്ങൾക്കുള്ള പ്രാധാന്യതയും ഈയവസരത്തിൽ സ്മരണീയമാണ്. അവ വിദ്യാലയത്തിൽ കാൎഷികമായ ഒരു അന്തരീക്ഷത്തെ സൃഷ്ടിക്കുന്നു. ഒരു സുന്ദരരംഗമായി പരിലസിക്കുന്നു. വിദ്യാൎത്ഥിമന്ദിരത്തിൻെറ ആവശ്യങ്ങളെ അവ നിറവേററുന്നു. വിദ്യാൎത്ഥികളുടെ മനസ്സിൽ പ്രയത്നമാഹാത്മ്യബോധം അങ്കുരിപ്പിക്കുന്നു. കൈത്തൊഴിൽ ഓരോ കുട്ടിയുടേയും വിദ്യാഭ്യാസത്തിൻെറ ഒരു ഭാഗമാക്കിയാൽ മാത്രമെ തൊഴിലിനോടുള്ള വെറുപ്പു നീങ്ങി പ്രയത്നമാഹാത്മ്യബോധം കുട്ടികളിൽ ഉണ്ടാകയുള്ളു.

കാൎഷികപഠനം ബുദ്ധിശക്തിയെ പോഷിപ്പിക്കുകയില്ലെന്ന് ചിലർ പറയാറുണ്ട്. അതു അബദ്ധമാണ്. ആ വാക്കിൽതന്നേ സംസ്കാരമുണ്ട്. കൃഷി ശരിയായി ചെയ്തു ശരിയായ വിളവുണ്ടാകണമെങ്കിൽ ബുദ്ധിശക്തിയെ ശരിയായി വ്യാപരിപ്പിക്കാതെ തരമില്ല. നിലം, വളം, വളൎച്ച മുതലായവയെപ്പററി കൎഷകൻ പഠിച്ചിരിക്കണം. സസ്യരോഗങ്ങളേയും അവ തടയേണ്ട വിധത്തേയും അയാൾ അറിഞ്ഞിരിക്കണം. ഇതെല്ലാം ബുദ്ധിശക്തി ഉപയോഗിക്കാതെ കഴിയുമോ?. കൃഷി ബുദ്ധിശക്തിയെ പോഷിപ്പിക്കുകയില്ല എന്നു പറയുന്നതിൽ വല്ല അൎത്ഥവുമുണ്ടോ.?

എല്ലാ രാജ്യങ്ങളിലും കൎഷകവൃത്തിയുടെ പ്രാധാന്യതയെ മനസ്സിലാക്കിവരുന്നു. വ്യവസായാഭിവൃദ്ധിയിൽ മുന്നണിയിൽ നില്ക്കുന്ന രാജ്യങ്ങൾ പോലും കൃഷിയെ പരിഷ്കരിക്കുന്നതിനും അതിനു നഷ്ടമായിട്ടുള്ള സ്ഥാനം നൽകുന്നതിനും ശ്രമിച്ചുവരുന്നു. കൃഷിക്കു നാശം വന്നാൽ വ്യവസായം നടക്കുകയില്ലല്ലോ. അതിനാൽ ഒരു കൎഷകരാജ്യമായ ഇൻഡ്യയിൽ ഇപ്പോൾ ഉടനടി ചെയ്യേണ്ടതു്, എല്ലാ പാഠശാലകളിലും കാൎഷികാഭ്യസനം നിൎബന്ധിതമാക്കുകയും, ധാരാളം കാൎഷികവിദ്യാലയങ്ങൾ നാനാഭാഗങ്ങളിലും സ്ഥാപിക്കുകയും പ്രയത്നമാഹാത്മ്യത്തെ മനസ്സിലാക്കുകയും ആകുന്നു. കൃഷിശാസ്ത്രം എന്നു പേരുള്ള ഒന്നോരണ്ടോ പുസ്തകങ്ങൾ ആ

ഴ്ചയിൽ ഒരുമണിക്കൂർ പ്രീതം കുട്ടികളെ പഠിപ്പിച്ചാൽമാത്രം പോരാ. കൃഷിക്ക് അതിനു പ്രകൃത്യായുള്ള പ്രാധാന്യത ലബ്ധമാകുമ്പോൾ നമ്മുടെ നാട്ടിലെ ദാരിദ്ര്യം നീങ്ങുന്നതും, ധനസമൃദ്ധി കളിയാടുന്നതും, തൊഴിലില്ലായ്മ അപ്രത്യക്ഷമാകുന്നതുമാണ്.

# * പ്രധാനവും അപ്രധാനവും.

### ഒരു കിൻററർഗാട്ടൻ വിദ്യാലയത്തിലെ പരിശോധനാഫലങ്ങൾ

"നമുക്ക് ഒരു കുട്ടിയെപ്പററി കശാപ്പുകാരൻേറയൊ കായികശാസ്ത്രജ്ഞൻേറയൊ ആരുടെ അഭിപ്രായമാണുള്ളത്? ഒരു തുന്നൽകാരൻേറയൊ ഭിഷഗ്വരൻേറയൊ? ശരീരപരിശോധകൻേറയൊ ചിത്രകാരൻേറയൊ? കലാവിദഗ്ദ്ധൻേറയൊ മനശ്ശാസ്ത്രജ്ഞൻേറയൊ? ഏതെല്ലാം ആശയങ്ങളാണ് ഒരു അദ്ധ്യാപകനുവേണ്ടതു്? ഒരു അദ്ധ്യാപകന് കുട്ടി ആരാണ്? ഒരു കുട്ടി എന്നു പറയുന്നതു് മാംസവും എല്ലും കൂടിയതൊ, വാസനകളും പരിണാമങ്ങളും കൂടിയതൊ, വികാരങ്ങളും വിചാരങ്ങളും കൂടിയതൊ ആയ ഒരു പിണ്ഡമാണോ? നമുക്ക് ഏതു ആശയമാണ് വേണ്ടതു്? നാം അറിയേണ്ടതിൽ പ്രാധാന്യമുള്ളതേതു്?"

## 1-ാം ഭാഗം

### ഒരുസംഭാഷണം

രാജ്യത്തിലെ ഉത്തമവിദ്യലയങ്ങളിൽ ഒന്ന് എന്നു വിചാരിച്ചിരുന്ന ഒരു കിൻഡർഗാട്ടൻ പാഠശാലയിൽ അവിടത്തെ മേലധികാരിയും അദ്ധ്യാപകന്മാരുമായി ഞാൻ സംഭാഷണം നടത്തുകയുണ്ടായി. അതു യഥാർത്ഥമായ വിധത്തിൽ ഞാൻ ഇവിടെവിവരിക്കാം. ഇവ ഉണ്ടായ സംഗതികളാണ്. പള്ളിക്കൂടങ്ങളെ ആക്ഷേപിക്കുന്നതിനൊ കുററപ്പെടുത്തുന്നതിനൊ ആയിയാതൊന്നും ഇവിടെ ഉദ്ദേശിച്ചിട്ടില്ല. രേഖപ്പെടുത്തുന്നതിനും ചിന്തിക്കുന്നതിനും ഉപയോഗകരം എന്നു തോന്നിയതുകൊണ്ടാണ് ഇവിടെ വിവരിക്കുന്നതു്. കിൻഡർഗാട്ടൻ വിദ്യാലയങ്ങളിൽ പോകുന്ന കുട്ടികൾ സാധാരണയായി ഏററവും ചെറിയശിശുക്കളാണെന്നും അവർ ഏതെങ്കിലും പാഠ്യവിഷയത്തിലൊ കലയിലൊ പ്രത്യേകവൈദഗ്ദ്ധ്യം നേടാൻപോകുന്നവരല്ലെന്നും കൂടിധരിക്കണം. നൃത്തം അഭ്യസിക്കുന്ന ഒരുകുട്ടി ഒരുനർത്തകനാകാൻ പോകുന്നി

* മി: എസ്സ്. സി. എൻ. റവുസംരോഡ് (ലക്ക്നൌ) എഡ്യൂക്കേഷനൽറവ്യൂയിൽ എഴുതിയതു്.

ല്ല. ചെളികൊണ്ടുള്ള കരകൌശലവിദ്യ അഭ്യസിക്കുന്ന ഒരു ബാലിക ആ തൊഴിലും പിന്നീട് സ്വീകരിക്കുകയില്ല. നൃത്തം ചിത്രീകരണം ചെളികൊണ്ടുള്ള പ്രതിമാനിർമ്മാണം മുതലായവ വിദ്യാഭ്യാസമാർഗ്ഗങ്ങളാണ്. ആദർശങ്ങളല്ല. അവിടെ ഉണ്ടായിരുന്ന കുട്ടികൾ അഞ്ചും എട്ടും വയസ്സിന്നു മദ്ധ്യെ പ്രായമുള്ളവരായിരുന്നു.

സാരോഡ്:— (അദ്ധ്യാപകനോട് സന്ദർശകൻ സംസാരിക്കുന്നു) നിങ്ങളുടെ കുട്ടികൾക്ക് കളിക്കുന്നതിനായി കളിക്കോപ്പുകൾ നൾകുമ്പോൾ നിങ്ങൾ എന്തിലാണ് ശ്രദ്ധിക്കുന്നത്? നിങ്ങൾ സാധാരണയായി എന്താണ് കാണുന്നത്?

അദ്ധ്യാപകൻ:— കുട്ടികൾക്ക് എന്താണ് കൂടുതൽ കൌതുകജനകങ്ങളെന്നു ഞാൻ നോക്കും.

സാ:— നിങ്ങൾ പറയുന്നത് എനിക്കു മനസ്സിലാകുന്നില്ല കുട്ടികൾക്കു ഏററവും ഇഷ്ടപ്പെടുന്ന വസ്തു എന്തെന്നു നിങ്ങൾ കണ്ടുപിടിക്കുന്നു എന്നാണോ പറഞ്ഞതിൻെറ താല്പര്യം?

അ:— അതെ, അവർ ഏതു തരത്തിലുള്ള വസ്തുവാണ് അധികം താല്പര്യപ്പെടുന്നതു എന്നു കണ്ടുപിടിക്കുവാൻ ഞാൻ ശ്രമിക്കുന്നു. ചെളികൊണ്ടുള്ള ജോലിയൊ, കടലാസ്സുമുറിക്കലൊ ഏതാണെന്ന്.

സാ:— അത് എത്ര അജ്ഞയായ മാതാവിന്നുകൂടി ചെയ്യുവാൻ കഴിയുമല്ലൊ. എന്നാൽ ഒരു പ്രത്യേക അദ്ധ്യാപകൻ എന്ന നിലയിൽ നിങ്ങൾ എന്താണ് നോക്കുന്നത്?

അ:— സർ. അവരുടെ ഇഷ്ടം അറിഞ്ഞതിന്നുശേഷം, വസ്തുക്കൾ കൊണ്ടുവന്ന്, കുട്ടികളെ ചെളികൊണ്ടുള്ള ജോലിയൊ, കടലാസു മുറിക്കലൊ, ഡ്രായിങ്ങൊ, ഗൃഹനിർമ്മാണമൊ •എന്തെങ്കിലും സ്വീകരിക്കുവാൻ കുട്ടികളെ ഞാൻ സ്വയമേവ വിടുകയാണ് ചെയ്യുന്നത്.

സാ:— നിങ്ങൾ കുട്ടികൾക്ക് അത്രത്തോളം സ്വാതന്ത്ര്യം കൊടുക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു. പിന്നീടും നിങ്ങൾ എന്തുചെയ്യുന്നു?

അ:— അവർ ജോലി ശരിയായി ചെയ്യുന്നുണ്ടോ എന്നു ഞാൻ നോക്കുന്നു.

സാ:— എന്തുജോലി?

അ:— ഡ്രായിങ്ങുവരക്കുന്ന കുട്ടി അതു ശരിയായി വരക്കുന്നുണ്ടൊ എന്നും കടലാസ്സുമുറിക്കലും മടക്കലും ശരിയായി ചെയ്യുന്നുണ്ടൊ എന്നും ആണ് ഞാൻ നോക്കുന്നത്.

സാ:— ശരിയായി എന്നു നിങ്ങൾ പറയുന്നതിൻെറ അർത്ഥം എന്താണ് സാർ.

അ:— അതായത് അതു് ശരിയൊ തെററൊ എന്ന്.

സാ:— ശരിയൊ! ആ വാക്കിന് നിങ്ങൾ എന്താണ് അർത്ഥം കല്പിക്കുന്ന

ത്ത്? നിങ്ങൾ ചെളികൊണ്ട് ഒരു മാതൃക ഉണ്ടാക്കുകയൊ, ഒരു ചിത്രം വരക്കുകയൊ, ഒരു മാതൃകാഗൃഹം നിർമ്മിക്കുകയൊ, ഒരു പുഷ്പം പറിച്ചെടുക്കുകയൊ ചെയ്തിട്ട് കുട്ടികളോടും അതുപോലെ ചെയ്യുവാൻ പറയുകയും, നിങ്ങൾ ചെയ്തതുപോലെ അവർ ചെയ്യുന്നുണ്ടോ എന്നു നോക്കുകയും ആണോ നിങ്ങൾ ചെയ്യുന്നത്?

അ:— അതെ അങ്ങിനെതന്നെ.

സാ:— അപ്പോൾ നിങ്ങൾ സ്വന്തമായി സാമർത്ഥ്യമാംവണ്ണം ചെയ്തുതീർത്തായ ഒരു ജോലിയുണ്ട്. നിങ്ങൾ വല്ല പുസ്തകവും നോക്കിയായിരിക്കാം അങ്ങനെ ചെയ്യുന്നത്?

അ:— അതെ കഴിവുള്ളിടത്തോളം. എന്നെ പരിശീലിപ്പിച്ചിട്ടുണ്ട്. ഞാൻ ഈ പുസ്തകം അനുസരിക്കുകയും അതിലെ മാതൃകകൾ സ്വീകരിക്കുകയും വേണം. ചിലപ്പോഴെല്ലാം എനിക്കിഷ്ടമുള്ള വസ്തുക്കളും ഞാൻ ഉണ്ടാക്കാറുണ്ട്.

സാ:— അപ്പോൾ നിങ്ങൾ ഇതാണ് ചെയ്യുന്നതല്ലെ? നിങ്ങളുടെ മാതൃക പകർത്തി കുട്ടികൾക്ക് നിങ്ങളെ തൃപ്തിപ്പെടുത്തുവാൻ കഴിയുമോ?

അ:— അതല്ലാതെ ഞാൻ എന്താണ് ചെയ്യേണ്ടത്? തന്നത്താൻ ആലോചിച്ചു പ്രവർത്തിക്കുന്നതിനു തക്ക പ്രായം അവക്കു വന്നിട്ടില്ല. മാതൃകകൾ പകർത്തുവാൻ അവക്കു സാധിച്ചില്ലെങ്കിൽ അവക്കു സാമർത്ഥ്യം എങ്ങനെയാണുണ്ടാകുന്നത്? അപ്പോഴും ചെളി എങ്ങനെ കുഴക്കണമെന്നും ഏതെങ്കിലും രൂപം കൊടുക്കുന്നതിന് എങ്ങിനെ പ്രവർത്തിക്കണമെന്നും എനിക്കു പറയേണ്ടിയിരിക്കുന്നു.

സാ:— ഈ ചെളി ഉപയോഗിക്കുന്നതിൽ നിങ്ങൾ ഒരുതരം ഡ്രില്ലാണു നൽകുന്നത് അല്ലെ. വൃത്തത്തിലുള്ളതൊ, കുഴൽപോലെയുള്ളതൊ ആയ ഒരു വസ്തു ഉണ്ടാക്കണമെങ്കിൽ, കൈകൾ എങ്ങനെ ഉപയോഗിക്കണമെന്നും, ഉള്ളംകയ്യും വിരലുകളും എങ്ങനെയിരിക്കണമെന്നും, എങ്ങനെ ചെളി കുഴയ്ക്കണമെന്നും മററും പറഞ്ഞുകൊടുക്കാറുണ്ട്, ഇല്ലെ?

അ:—അങ്ങനെതന്നെ.

സാ:— ഒരുകുട്ടിക്ക് ഒരു ഗോളമൊ, കുഴലൊ ഉണ്ടാക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ അവ അയാൾ കണ്ടിട്ടുള്ളപക്ഷം, മനഃപൂർവ്വമായ ചലനവും വ്യായാമങ്ങളും കൂടാതെതന്നെ-ഹസ്തങ്ങളും വിരലുകളും അറിയാതെതന്നെ-ജോലിചെയ്യുമെന്നു നിങ്ങൾക്ക് അറിഞ്ഞുകൂടേ?

അ:— അങ്ങനെയല്ല, സാധനനിർമ്മാണത്തിനു വേണ്ട ശരീരചേഷ്ട അറിയാമെങ്കിൽ അതു എളുപ്പമാണ്. കൂടാതെ ഒരു മാതൃക അനുസരിച്ച് നമുക്ക് ഒരു സാധനമുണ്ടാക്കാനുണ്ടെങ്കിൽ, വിദഗ്ദ്ധനെന്നു വിചാരിക്കുന്ന പ്രഥമപ്രയോക്താവിൻെറ ആ ചേഷ്ടയെതന്നെ ഉപയോഗിക്കണം. എ

ന്നാൽ മാത്രമെ നമുക്കു വിജയം ഹസ്തഗതമാകയുള്ളു.

സാ:— ഇതെല്ലാം വിഷമമുള്ളതെന്നും ഈ പ്രത്യേക ചേഷ്ടപറഞ്ഞുകൊടുക്കാതെതന്നെ അയാളുടെ ആഗ്രഹങ്ങളും ശക്തികളും അനുസരിച്ചു പ്രവൃത്തിക്കുകയാണെങ്കിൽ ഒരുകുട്ടി കുറെക്കൂടി ഉത്തമമായി പഠിക്കുമെന്നും നിങ്ങൾക്കറിഞ്ഞുകൂടേ? നിങ്ങൾ ഒരു കുട്ടിയോട് വലത്തുകൈ ഇളക്കുവാൻ പറയുക; അയാൾ അനക്കുന്നു. നിങ്ങൾ ഒരു കുട്ടിയോട് ഇടത്തുകൈ പൊക്കുവാൻ പറയുക; അയാൾ പൊക്കുന്നു. നിങ്ങൾ ഞെക്കുവാൻ പറയുക; അയാൾ ഞെക്കുന്നു. ഇങ്ങനെ നിങ്ങളുടെ ആജ്ഞകൾക്കായി അവൻ കാത്തിരിക്കുന്നു. ഒരു നല്ല കുട്ടിയെപ്പോലെ അനുസരിക്കുകയും പ്രവൃത്തിക്കുവാൻ പറയുന്നതു പ്രവൃത്തിക്കുകയും ചെയ്യും. വീണ്ടും എന്തെങ്കിലും ചെയ്യുവാൻ പറയുന്നതുവരെ അയാൾ കാത്തുനില്ക്കുന്നു. അത്തരത്തിലുള്ള കുട്ടിയെ നിങ്ങൾ ഇഷ്ടപ്പെടുന്നുവോ? അയാൾ ഒരു യന്ത്രംപോലെയാകുമെന്നും സൽബുദ്ധി നശിച്ചുപോകുമെന്നും നിങ്ങൾ അറിയുന്നുണ്ടോ?

അ:— ഇല്ല, സാർ. കുട്ടികളെ പറഞ്ഞു അനുസരിപ്പിക്കണം. അല്ലെങ്കിൽ അവൎക്ക പഠിക്കുവാൻ സാധിക്കയില്ല. അവരുടെ ഇഷ്ടംപോലെ വിട്ടാൽ അവൎക്ക പഠിക്കുവാൻ കഴികയില്ല. അവരുടെ വിവേകബുദ്ധി വളൎന്നിട്ടില്ലാത്തതുകൊണ്ട് എന്തുചെയ്യണമെന്ന് അവരോടു പറയണം. അതിനുംപുറമെ ഏഴൊ എട്ടൊ വയസ്സായ ഒരു കുട്ടിയിൽ, അവൻ ഒരു നല്ല ബുദ്ധിമാനല്ലെങ്കിൽ സൽബുദ്ധിയുണ്ടെന്നു നിങ്ങൾ വിചാരിച്ചുകൂടാ. എത്രയും രക്ഷാകരമായ മാൎഗ്ഗം അവരെ പഠിപ്പിച്ച് നിങ്ങളുടെ ആജ്ഞകളെ അനുസരിപ്പിക്കുകയാകുന്നു വേണ്ടതു്. അതു് കുട്ടിയുടെ നന്മക്ക് ഹേതുവുമായിത്തീരും. എന്റെ അദ്ധ്യാപകന്മാർ ഇതെല്ലാം എന്നെ പഠിപ്പിച്ചിരുന്നില്ലെങ്കിൽ ഞാൻ ഇതൊന്നും പഠിക്കുകയില്ലായിരുന്നു.

സാ:— നിശ്ചയമായിട്ടും നിങ്ങൾ പഠിക്കുകയില്ലായിരുന്നു. നിങ്ങളുടെ ബുദ്ധിപൂൎവ്വകമായ സംസാരത്തിൽനിന്നും ഞാൻ അങ്ങനെയാണ് മനസ്സിലാക്കുന്നതു്. എന്നാൽ ഇതൊന്നും കൂടാതെ മററു കുട്ടികൾക്ക് പഠിക്കുവാൻ കഴിയുമെന്നാണ് ഞാൻ വിചാരിക്കുന്നതു്. അവർ അവരുടെ ആഗ്രഹമനുസരിച്ച് ജോലിചെയ്യും. അദ്ധ്യാപകന്റെ ആജ്ഞ ആവശ്യമില്ല. അതുകൊണ്ട് ഇവിടെയുള്ള എല്ലാ കുട്ടികളും നിങ്ങളുടെ ആജ്ഞ അനുസരിച്ച് പ്രവൃത്തിക്കുവാൻ നിൎബ്ബന്ധിതരാകുന്നു. മാതൃകകൾ ശരിയായി ഉണ്ടാക്കിയില്ലെങ്കിൽ നിങ്ങൾ കുട്ടികളെ എന്തുചെയ്യും? നിങ്ങൾ അവരെ അടിക്കാറുണ്ടോ?

അ:— ഇല്ല. കുട്ടികളെ ശിക്ഷിക്കാനൊ, അടിക്കാനോ പാടില്ലെന്ന് ഗവമ്മെന്റ് ഉത്തരവുണ്ട്, ചിലപ്പോൾ അവർ ധിക്കാരം കാണിക്കുകയൊ മോഷ്ടിക്കുകയൊ മററൊ ചെയ്താൽ അവരെ മേലധികാരിയുടെ അടുത്തു

കൊണ്ടുപോകുന്നു. മേലധികാരികൾക്കും, പ്രഥമാദ്ധ്യാപകന്മാക്കും മാത്രമെ ശിക്ഷിക്കുവാനധികാരമുള്ളു. കുട്ടികൾ മാതൃകകൾ ശരിയായി ഉണ്ടാക്കിയില്ലെങ്കിൽ, അതു് ശരിയായി ചെയ്യുവാൻ പ്രാപ്തരാകുന്നതുവരെ, ഞാൻ വീണ്ടും വീണ്ടും പഠിപ്പിക്കും.

സാ:— നിങ്ങളുടെ മാതൃകകൾ ശരിയായി ഉണ്ടാക്കുവാൻ കുട്ടികൾക്ക് ദീർഘകാലം വേണ്ടിവരുന്നില്ലെ? ചിലപ്പോൾ അവക്ക് ഒരു ഡസൻ പ്രാവശ്യം ശ്രമിക്കേണ്ടിവരും; പല ആഴ്ചകളും ശ്രമിക്കേണ്ടിവരും, ഇല്ലെ?

അ:— അതെ. അല്ലാതെ മററു പ്രകാരത്തിൽ അവക്ക് എങ്ങിനെ പഠിക്കുവാൻ കഴിയും? അവർ പല ആഴ്ചകൾ ശ്രമിക്കാറുണ്ടു്.

സാ:— ഓരോ കുട്ടിയും നിങ്ങളുടെ ഇഷ്ടംപോലെ പ്രവൃത്തികൾ ചെയ്യുവാൻ, അവർ അതു ഇഷ്ടപ്പെടുന്നില്ലെങ്കിലും, നിർബന്ധിതനാകുന്നു, അല്ലെ?

അ—: അല്ല, അല്ല, നിങ്ങൾക്കു തെററിപ്പോയി. ഞാൻ ആദ്യംതന്നെ കുട്ടിയെ അയാൾക്കിഷ്ടമുള്ള ജോലി തിരഞ്ഞെടുക്കുവാൻ വിടുന്നു. പിന്നെ ഞാൻ ആ ജോലി പഠിപ്പിക്കുന്നു.

സാ:— ഒരിക്കൽ അതു് തിരഞ്ഞെടുത്താൽ, നിങ്ങൾ പറയുന്നതുപോലെ വേലചെയ്യണം, അല്ലെ? ആ വേലയിൽ എപ്പോഴെങ്കിലും അവക്കിഷ്ടമുള്ള എന്തെങ്കിലും ചെയ്യുവാൻ അനുവദിക്കാറുണ്ടൊ? ഗൃഹനിമ്മാണവസ്തുക്കളൊ അതുപോലെയുള്ള വേറെ വല്ല വസ്തുക്കളൊ നിങ്ങൾ നൾകി എന്നു വിചാരിക്കുക.

അ:— ഉവ്വ്. അവിടെ അവരുടെ ഇഷ്ടംപോലെ പ്രവത്തിക്കുവാൻ പലപ്പോഴും അനുവദിക്കാറുണ്ടു്. ഉദാഹരണമായി പ്രായമായ ചില കുട്ടികൾ ഗൃഹത്തിൻെറ മാതൃക നിമ്മിക്കുന്നതിൽ അവർ ആ മരക്കഷണങ്ങൾ ഉപയോഗിക്കാറുണ്ടു്. അല്ലെങ്കിൽ അങ്ങനെയുള്ള വേറെ ചില വസ്തുക്കൾ.

സാ:— പിന്നെ നിങ്ങൾ തെററുകൾ തിരുത്താറുണ്ടോ? ഡ്രായിങ്ങൊ, വായനയൊ, വാചകനിമ്മാണമൊ, കണക്കൊ മററൊ ആണെന്ന് വിചാരിക്കുക.

അ:— ഉവ്വ്. അവർ ജോലിചെയ്തു കഴിഞ്ഞ ഉടനെ ഞാൻ തെററുകൾ ചൂണ്ടിക്കാണിച്ചു്, തിരുത്തി, മാക്കുകൊടുക്കുന്നു.

സാ:— മാക്കൊ!

അ:— അതെ. ഞാൻ ഒരു മാക്കുരജിസ്റ്റർ സൂക്ഷിക്കുന്നുണ്ടു്.

സാ:— നിങ്ങൾ അവരോടു അവരുടെ തെററുകൾ കണ്ടുപിടിക്കുവാൻ പറയാറുണ്ടോ? അവരോടുതന്നെ തെററുകൾ തിരുത്തുവാൻ പറയാറുണ്ടോ? തെററുകൾ ചൂണ്ടിക്കാണിക്കുന്നതു് അവരുടെ മനസ്സിനേയും വികാരത്തേയും വേദനിപ്പിക്കുമെന്ന് നിങ്ങൾക്കറിഞ്ഞുകൂടേ? കൂടുതൽ തെററുചെയ്യുന്നവരെ നിരുത്സാഹരാക്കാറുണ്ടോ? അവരുടെ തെററുകൾ തന്നത്താൻ ക

ണ്ടുപിടിക്കുവാൻ ഒരിക്കലും പഠിക്കാറില്ല, അല്ലെ?

അ:— കുട്ടികൾക്ക് അവരുടെ തെററുകൾ കണ്ടുപിടിക്കുവാൻ സാധിക്കയില്ല. നാം ഇവിടെ എന്തിനാണ് വരുന്നതു്? മാർക്ക് കൊടുക്കുന്നതുകൊണ്ട് അവരുടെ ഇടയിൽ കഠിനമായ മത്സരമുണ്ട്. അവർ നല്ലപോലെ വേലചെയ്യുകയും ചെയ്യും. അതു അവരെ പ്രോത്സാഹിപ്പിക്കുന്നുമുണ്ട്.

സാ:— സർ, പല കാര്യങ്ങൾക്കും ഉത്തരം നൽകാതെ വിടേണ്ടിവന്നതിൽ വ്യസനമുണ്ട്. മത്സരത്തിന്റേയും, സമ്മാനദാനത്തിന്റെയും മററും ആപത്തുകൾ നിങ്ങൾ അറിയുന്നില്ല. മത്സരിക്കുവാൻ സാധിക്കാത്തവക്കും, മാർക്ക് കുറഞ്ഞുകിട്ടുന്നവക്കും, ഹൃദയവേദനയുണ്ടാകുന്നു. അതു് അവരെ തന്നെ ഹനിക്കുന്നു.

അ:— ഇല്ല. നല്ലപോലെ ചെയ്യാത്തവരെ, അടുത്തതവണ നല്ലതുപോലെ ചെയ്യുവാൻ ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു.

സാ:— പ്രോത്സാഹനത്തെപ്പററിയുള്ള വിശേഷമായ അഭിപ്രായങ്ങളാണ്! പിന്നെ എന്തിനാണു നിങ്ങൾ മാർക്കുകൊടുക്കുന്നതു്? മത്സരത്തിനും പ്രോത്സാഹനത്തിനും! അല്ലെങ്കിൽ ജോലിക്കുള്ള പ്രേരണക്ക്! കുട്ടികളെ വേലയുടെ അടിമകളാക്കുന്നതിന്. ഇതു ചെറുപ്പത്തിലെ സമ്മാനങ്ങളും! എല്ലാം അപൽക്കരമാണെന്നാണ് എന്റെ അഭിപ്രായം.

അ:— മാർക്കുകൊടുക്കാതെ അവരുടെ അഭിവൃദ്ധി ഞാൻ അറിയുന്നതെങ്ങിനെയാണ്? ഇതുകൊണ്ട് എനിക്ക് അവരുടെ അഭിവൃദ്ധി അറിയുവാൻ സാധിക്കുന്നു.

സാ:— അഭിവൃദ്ധി! അതു ഒരു നല്ല വാക്കുതന്നെ! നിങ്ങളുടെ മാർക്ക് അനുസരിച്ചുള്ള അഭിവൃദ്ധി! പകത്തുന്നതിനും അനുകരിക്കുന്നതിനും മാർക്ക്! അതുകൊണ്ടു പകത്തലും അനുകരണവും അഭിവൃദ്ധിയാണ് അല്ലെ! ഞാൻ ഇവിടെ ഒരു കുട്ടിയായിരുന്നെങ്കിൽ എനിക്കു ഒരിക്കലും ഒരു അഭിവൃദ്ധിയും ഉണ്ടാകയില്ലായിരുന്നു. ഞാൻ ഉപയോഗമില്ലാത്തവനായി കരുതപ്പെട്ടേനെ. പക്ഷെ ജീവിതത്തിനു കൊള്ളരുതാത്തവനായി! ഇതെല്ലാം നിങ്ങളുടെ പരിശോധനയും ശരിയായ വിധിയുമാണ്! നല്ല യോഗ്യതയുള്ള ആൾ തന്നെ! സർ! ഞാൻ എന്റെ ബാല്യകാലത്തെപ്പററി ചിന്തിക്കുവാൻ ഭയപ്പെടുന്നു!

ഒരു പ്രത്യേകജോലി ആവത്തിച്ചുചെയ്യുന്ന ഒരു കുട്ടി തീരേ പരിചയമില്ലാത്തവനേക്കാൾ ഓരോ പ്രാവശ്യം കഴിയുംതോറും ഉത്തമമായി ചെയ്യുവാൻ പ്രാപ്തനായിരിക്കും. പരിഭ്രമമുള്ള ഒരു കുട്ടിയുടെ കഥയെന്താണ്? ഇരുപതൊ മുപ്പതൊ പ്രാവശ്യം ശ്രമിച്ചാലും, സാമത്ഥ്യമുണ്ടെങ്കിൽ തന്നെ, അതു ചെയ്യുവാൻ സാധിക്കയില്ല. സുഖജീവിതമില്ലാത്തവനൊ, സുഖക്കേടുകാരനൊ, അശക്തനൊ ആയ ഒരു കുട്ടിക്കു സുഖവാനും ആരോഗ്യ

വാനമായ ഒരു കുട്ടിയെപ്പോലെ ജോലി ചെയ്യുവാൻ കഴികയില്ല. നിർഭാഗ്യവശാൽ അയാഠം അസാധാരണങ്ങളൊ അപരിചിതങ്ങളൊ ആയ സ്ഥിതിഗതികളിൽ പെട്ടിരിക്കയാണെങ്കിൽ അയാഠംക്ക സ്വാതന്ത്ര്യമായി ഒന്നുംതന്നെ പ്രവർത്തിക്കുവാൻ കഴികയില്ല. അയാഠംക്ക് ആ പ്രവൃത്തി ഇഷ്ടമില്ലെങ്കിൽ—പ്രത്യേകിച്ച് ഒരു പ്രവൃത്തി ആവർത്തിക്കുകയാണെങ്കിൽതന്നെ—ശ്രദ്ധിക്കുവാനോ സാമർത്ഥ്യം പ്രയോഗിക്കുവാനൊ സാധിക്കയില്ല. ഇതെല്ലാം നിങ്ങഠം എങ്ങിനെ തരംതിരിക്കും. എന്തു സമാധാനമാണ് നിങ്ങഠംക്ക പറയുവാനുള്ളതു്?

നിങ്ങഠം കൂടുതൽ പരിശോധിച്ചറിയുവാൻ ശ്രമിക്കുന്നുണ്ടോ? ശ്രമിച്ചിട്ടുണ്ടെങ്കിൽ, കുട്ടിയുടെ വളച്ച്യയിൽ നിങ്ങഠം അയാഠംക്ക് എങ്ങനെ സഹായിക്കുന്നു? നിങ്ങളുടെ പരിശോധനകളെ എങ്ങനെ തരംതിരിക്കുന്നു?

അ:— ഞാൻ ഇനി എന്തു പരിശോധിച്ചറിയണമെന്നാണ് നിങ്ങഠം ആഗ്രഹിക്കുന്നതു്?

സാ:— കുട്ടിയുടെ പ്രത്യേകശീലങ്ങഠം, സാമർത്ഥ്യം, വാസന മുതലായവ.

അ:— നിങ്ങഠം പറയുന്നതു് എനിക്ക മനസ്സിലാകുന്നില്ല.

സാ:— കുട്ടി ഏതു പ്രകാരത്തിൽ വളരുമെന്നും, അനന്തരജീവിതത്തിൽ ഏതു തൊഴിലിന് അയാഠം യോഗ്യനായിരിക്കും എന്നും, ഏതെങ്കിലും ഒരു മാർഗ്ഗത്തിൽ അയാഠം എങ്ങനെ ശോഭിക്കുമെന്നും, എന്തു വിജയം സിദ്ധിക്കുമെന്നും നിങ്ങഠം പരിശോധിച്ചു കണ്ടുപിടിക്കുന്നുണ്ടോ എന്നാണ് ഞാൻ ചോദിച്ചതിൻെറ അർത്ഥം.

അ:— ഒരു കുട്ടി ആശാരിപ്പണി തിരഞ്ഞെടുക്കുമ്പോഠം അയാഠം സ്വാഭാവികമായിട്ട് ഒരു ആശാരിയായിത്തീരുമല്ലൊ. അയാഠം ഒരു യന്ത്രകാരൻെറ മകനാണെങ്കിൽ യന്ത്രകാരനാകാൻ അയാഠം പഠിക്കുന്നു. എപ്പോഴും അയാഠം യന്ത്രജോലിതന്നെയാണല്ലൊ കാണുന്നതു്. പിതാവു പഠിപ്പിച്ചു എന്നും വരാം. പാരമ്പര്യവാസനയുള്ളതുകൊണ്ട് തന്നത്താൻ ആ ജോലി പഠിച്ചു എന്നും വരാം.

സാ:— അതുകൊണ്ട് ഒരു ആശാരിയുടെ പുത്രൻ ഒരു ആശാരിയായിതീരും, ഇല്ലെ? മററു ജോലികളിൽ പ്രവേശിക്കുവാൻ അയാഠംക്ക സാധിക്കുകയില്ല, അല്ലെ!

അ:— പാരമ്പര്യനിയമങ്ങഠം അനുസരിച്ച് അങ്ങനെവേണം സംഭവിക്കുവാൻ.

സാ:— ഒരു നെയിത്തുകാരൻെറ പുത്രനും, നെയിത്തുകാരൻെറ പരിസരത്തിൽ വളരുന്നവനും, സംഗീതം കേഠംക്കുവാൻ സൌകര്യമില്ലാത്തവനും, ആയ ഒരു കുട്ടി, സംഗീതത്തിൽ വലിയ വാസന കാണിക്കുന്നതിന് നിങ്ങഠം എന്തു സമാധാനം പറയുന്നു. അതു് പാരമ്പര്യസിദ്ധമൊ, പരിസ

രംകൊണ്ടൊ അല്ല. പരിസരത്തെപ്പററി എന്തു പറയുന്നു? ഒരു കണക്കശാസ്ത്രജ്ഞൻെറ പുത്രൻ കണക്കിൽ സാമർത്ഥ്യം കാണിച്ചില്ലെന്ന് വരാം. എന്നാൽ ഡ്രായിങ്ങൊ, സംഗീതമൊ മററൊ ഉള്ള പരിസരത്തിൽ വളരുന്നതുകൊണ്ട് ആ മാർഗ്ഗത്തിൽ പ്രശോഭിച്ചുകാണുന്നു.

അ:— അതെ, അതും ഗൌനിക്കേണ്ടതാണ്. അതുകൊണ്ട് ഒരു കുട്ടി തിരഞ്ഞെടുക്കുന്ന ജോലിയിൽ നമുക്ക് അയാളെ പരിശീലിപ്പിക്കാം. അങ്ങനെയുള്ള ഒരു പരിസരം ഞങ്ങൾ ഇവിടെ സൃഷ്ടിക്കുന്നതുകൊണ്ട് അയാൾക്ക് കളിക്കുന്നതിനും, പ്രവൎത്തിക്കുന്നതിനും മററും സാധനങ്ങൾ നല്കുന്നു.

സാ:— ഒരിക്കൽ കുട്ടിയുടെ ശക്തി കണ്ടുപിടിച്ചാൽ നിങ്ങൾ എങ്ങനെ തരംതിരിക്കുന്നു? എങ്ങനെ ഒരു പുതിയ പരിസരം സൃഷ്ടിക്കുന്നു?

അ:— നിങ്ങൾ പറയുന്ന തരംതിരിക്കൽ എന്താണ്?

സാ:— ശാസ്ത്രത്തിൽ അഭിരുചിയുള്ളവർ, സൌന്ദൎയ്യബോധമുള്ളവർ, ഭരണവാസനയുള്ളവർ, ബുദ്ധിയുള്ളവർ, ഭരണശീലമുള്ളവർ, നല്ല വേലക്കാരൻ, കലാവിദ്യക്കാർ മുതലായവരെ ഓരോ തരക്കാരായി വേർതിരിക്കുക.

അ:— എല്ലാ കാൎയ്യവും സ്വയമേവ പ്രവൎത്തിക്കുവാൻ എനിക്ക് അധികാരമുണ്ടായിരുന്നെങ്കിൽ ഇതെല്ലാം എനിക്ക് ചെയ്യാം. ബാഹ്യമായ അധികാരശക്തിയുടെ നിയന്ത്രണം കൂടാതെ പ്രവൎത്തിക്കുവാൻ ഞാൻ സ്വതന്ത്രനായിരുന്നെങ്കിൽ, എന്നാണ് ഞാൻ പറയുന്നതിൻെറ താല്പൎയ്യം. ഓരോ കല പഠിക്കുന്നതിനായി ഞാൻ പന്ത്രണ്ടൊ ഇരുപതൊ മുറികൾ സ്ഥാപിച്ചേനെ. ആശാരിപ്പണി, ഡ്രായിങ്ങ്, ചായപ്പണി, കടലാസ്സുമുറിക്കൽ ചെളികൊണ്ട് മാതൃക ഉണ്ടാക്കുക, ഗൃഹനിൎമ്മാണം, സംഗീതം, കണക്ക്, ഭാഷ മുതലായവക്ക് ഓരോന്നിനും ഓരോ മുറി ഏൎപ്പെടുത്തിയേനെ. കുട്ടികൾക്കിഷ്ടമുള്ള മുറിയിൽപോയി ഇഷ്ടമുള്ള ജോലി സ്വീകരിക്കുവാൻ ഞാൻ അനുവദിച്ചേനെ. ഇപ്രകാരം അവരുടെ ഇഷ്ടം അറിഞ്ഞു്, ആ കല പഠിക്കുന്നതിനും അതിൽ പ്രശോഭിക്കുന്നതിനും ഞാൻ സഹായിക്കും.

സാ:— ഒരു കുട്ടിയെ കളിക്കോപ്പുകളൊ സംഗീതമൊ ആകൎഷിച്ചു എന്നും അയാൾ അവിടെ പോയെന്നും വിചാരിക്കുക. കുറച്ചു നേരം കഴിഞ്ഞു് അയാൾക്ക് അതിൽ താല്പൎയ്യമില്ലാതെ അയാൾ തിരിച്ചുവരുന്നു. നിങ്ങൾ എന്തു ചെയ്യും? അയാളെ ആകൎഷിക്കുന്ന ഒരു സാധനമുള്ള വേറൊരു മുറിയിലേക്ക് അയാൾ വീണ്ടും പോയി എന്നും മുൻപറഞ്ഞ പ്രകാരം പ്രവൎത്തിച്ചു എന്നും വിചാരിക്കുക. ഒരോന്നായി എല്ലാമുറിയിലും അയാൾ പോകുന്നു. എല്ലാം അയാൾക്ക് മുഷിച്ചിലുണ്ടാക്കുന്നു. അല്ലെങ്കിൽ വീണ്ടും അവയിലൊന്നിൻെറ അടുത്തുപോകണമെന്നു തോന്നി മുൻപറഞ്ഞതുപോലെതന്നെ ചെയ്യുന്നു.

ഇങ്ങനെ കൂടക്കൂടെ അയാൾ മാറി, ഒന്നും മുറുകിപ്പിടിക്കാതെ, ഒന്നും പഠിക്കാതിരുന്നാൽ നിങ്ങൾ എന്തുചെയ്യും? ഒന്നും പഠിക്കുവാൻ കഴിയാതെയൊ, ചെയ്ത പ്രവൃത്തികൊണ്ട് തന്നത്താൻ തൃപ്തനാകാൻ സാധിക്കാതേയൊ അയാൾ ക്ഷീണിച്ച് മുഷിയുന്നു. നിങ്ങൾ അയാളെ എങ്ങനെ സഹായിക്കും? ഒരു കുട്ടി ഇഷ്ടപ്പെടുന്നത് അയാൾക്ക് ഉണ്ടാക്കുവാൻ വാസനയുള്ള സാധനമായിരിക്കണമെന്നില്ലെന്നുംകൂടി ഓർമ്മിക്കണം. നിറം, സംഗീതം, കളി മുതലായ പഞ്ചേന്ദ്രിയസുഖം നൽകുന്നവയായിരിക്കും അയാളെ ആകർഷിക്കുന്നത്. അനങ്ങുന്ന ഒരു വസ്തുവൊ, ജീവനുള്ള ഒരു ജന്തുവോ എന്തെന്ന് അറിയാനുള്ള ജിജ്ഞാസകൊണ്ട് ആകർഷിക്കപ്പെടുന്നതായി കുട്ടികളെ ചിലപ്പോൾ നിങ്ങൾക്ക് കാണാം. മറ്റു ചിലപ്പോൾ അവരുടെ ശ്രദ്ധയും ചിന്തയും വ്യാപരിപ്പിക്കുന്ന ബുദ്ധിജന്യങ്ങളായ വസ്തുക്കൾ ആകർഷിക്കുന്നുണ്ട്. ഇങ്ങനെയുള്ള കുട്ടികളെ അവരുടെ പ്രധാന വാസനാമാർഗ്ഗത്തിൽക്കൂടി കൊണ്ടുപോകുന്നതിന് നിങ്ങൾ എങ്ങനെ ശ്രമിക്കും?

(തുടരും)

# നിഴൽ.

(ജി. ശങ്കരക്കുറുപ്പ്)

1 ഞാനർത്ഥമറ്റനിഴ, ലസ്ഥിരമാംകിനാവു-
താനല്ലയോക്ഷണികമായമദീയജന്മം?
ആനന്ദവുംതെളിവുമററിഴയുന്നപാരിൻ-
കാനൽജ്ജലത്തിലൊരുനിദ്രയിൽമുങ്ങിമുങ്ങി.

2 ഘോരംനിദാഘവെയിലേററുതളർന്നുനിൽക്കും
നേരംതുന്നയ്ക്കുണയുമെൻകുളുർമേനിചാരി
സ്മേരംമുഖംനമിതമായ് ചുടുവീർപ്പുവിട്ടു
പാരംത്രപാമധുരമാംമലർനില്പുമൂകം.

3 മത്തിൽച്ചിരിച്ചുമരുവുംപകലിന്റെകണ്ണു-
പൊത്തി, സ്സനിദ്രവയലിന്റെകവിൾത്തടത്തിൽ,
മുത്തിക്കരിമ്പുമുളയാൽപുളകാങ്കുരംക-
ണ്ടുൾത്തിങ്ങിടുംസുഖമൊടങ്ങിനെഞാൻകളിപ്പൂ.

4 മാറുന്നമൽസ്ഥിതിയിടയ്ക്കിടെ; യുഗ്രവെയ്‌ലിൽ
നീറുന്നതാഴ്വരയിൽനിന്നറിയാതെതന്നെ

കേറുന്നശീതളമഹാദ്രിയി, ലെന്നെമിക്ക-
വാറുംനയിപ്പതൊരുദൃശ്യബലിഷ്ഠശക്തി.

5 ഗന്തവ്യമാകുമിടമേതി, വിടെക്കിടന്ന-
ത്യന്തംഭ്രമിപ്പതിനിയേതൊരുവസ്തുവിന്നോ?
എന്തന്തരംഗിരിനിരയ്ക്കുമെനിക്കുമൊന്നു-
കാന്തം, സ്ഥിരം, ചപലമന്യമരമ്യരൂപം.

6 അല്ലാ, മഹാഗിരിയുമാഴിയുമീനിലയ്ക്കു
നില്ലാതെമായണ, മതാണുനിസൎഗ്ഗരീതി
എല്ലാത്തിലുംപരമസുന്ദരമേകസത്യ-
മില്ലായ്കയില്ലി, വയതിൻെറബഹിഃസ്വരൂപം.

7 ഹാ! വന്നുസന്ധ്യ, രമണീയധരേ! പിരിഞ്ഞു-
പോവട്ടെഞാനിരുളിലാശുലയിക്കയായി.
ഏവംപൊഴിക്കരുതുപിച്ചകവല്ലി! കണ്ണീർ-
പ്പൂവല്പധൈൎയ്യമിവനുള്ളതലിച്ചിടൊല്ലേ.

## ഉദ്ധാരണങ്ങൾ.

### ഇംഗ്ലീഷുഭാഷമുഖേനയുള്ള അഭ്യസനം.

കാശി ഹിന്ദു സൎവ്വകലാശാലയിലെ വിജയികളായ വിദ്യാൎത്ഥികളോട് പണ്ഡിതമാളവ്യ ജി പ്രസംഗിച്ചപ്പോൾ അഭ്യസന ഭാഷയെപ്പററി പ്രതിവാദിക്കുകയുണ്ടായി. ഇൻഡ്യയിലെ വിദ്യാലയങ്ങളിലും കലാശാലകളിലും ഇംഗ്ലീഷുഭാഷയിൽകൂടിയുള്ള അഭ്യസനം ഭയങ്കരമായ ഒരു നഷ്ടമാണെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടതു്. ആ പ്രസംഗത്തിൻെറ ഒരുസംഗ്രഹം "സ്കാളർ"മാസികയിൽ ഇങ്ങനെ ചേൎത്തിരിക്കുന്നു:—

"എനിക്ക് ഏഴവയസ്സുപ്രായമായപ്പോഴാണ് ഞാൻ ഇംഗ്ലീഷുഭാഷപഠിക്കുവാനാരംഭിച്ചതെന്ന് നിങ്ങളോട് പറഞ്ഞുകൊള്ളുന്നു. നൂറുകൊല്ലമായിട്ട് ഞാൻ അതുപഠിക്കുകയും പ്രയോഗിക്കുകയും ചെയ്തുവരികയാണ്. അതു ഞാൻ വളരെ അധികം ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ എൻെറ മാതൃഭാഷ ഉപയോഗിക്കുന്നതിൽ പകുതി വിശ്വാസത്തോടുകൂടി അതു് ഉ

പ്രയോഗിക്കുവാൻ പ്രാപ്തനല്ലെന്ന് ഞാൻ പരസ്യമായി സമ്മതിക്കുന്നു. കഴിഞ്ഞനൂററാണ്ടിലെ മിക്ക ഭാരതീയപണ്ഡിതന്മാരും പൊതു പ്രവൎത്തകന്മാരുമായി പരിചയമാകുന്നതിന് എനിക്ക സാധിച്ചിട്ടുണ്ട്. ഇംഗ്ലിഷുകാരെപ്പോലെതന്നെ ആംഗലഭാഷ സംസാരിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരായ അവർ വളരെ ഇംഗ്ലീഷുകാരുടെ അഭിനന്ദനത്തിനുപാത്രീഭൂതരായിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസം സിദ്ധിച്ച ഒരു സാധാരണ ഇംഗ്ലീഷുകാരൻ അയാളുടെ മാതൃഭാഷ ഉപയോഗിക്കുന്നതുപോലെ ശരിയായും എളുപ്പമായും അവരിൽ അധികംപേൎക്കും ഉപയോഗിക്കുവാൻ സാധിച്ചിരുന്നില്ലെന്നുപറയുമ്പോൾ അവരോട് എനിക്ക് ബഹുമാനമില്ലെന്ന് ആരും ധരിച്ചു പോകരുത്. എന്നാൽ പിന്നെ നമ്മുടെവിദ്യാലയങ്ങളിലും, കച്ചേരികളിലും, സമിതികളിലും ഇംഗ്ലീഷുഭാഷ ഇത്രവളരെ ഉപയോഗിക്കുന്നതിൻെറ അൎത്ഥമെന്താണ്? അതിൻെറ അൎത്ഥം നമ്മുടെ ജനങ്ങളുടെ സമയത്തേയും ജീവശ്ശക്തിയേയും ഭയങ്കരമായ വിധത്തിൽ വ്യയംചെയ്യുന്നു എന്നുള്ളതാണ്. അതു പഠിക്കുന്നതിനുള്ള വലിയ ചിലവു നോക്കിയാൽ ഒരു സാധാരണ ഭാരതീയ യുവാവിന് ഇംഗ്ലീഷു ഭാഷയിൽ സിദ്ധിക്കുന്നഅറിവ് മോശവും, അയാളുടേ ഉദ്ദേശങ്ങൾക്ക് മതിയാകാത്തതും ആണെന്നുള്ളതാണ് ഏററവും സാഹസമായിട്ടുള്ളത്. ആ അറിവ് എത്രയും മോശമായിരിക്കുന്നതുകൊണ്ട്, ആ ഭാഷമൂലം പഠിക്കുന്ന വിഷയങ്ങളിൽ നല്ല പാണ്ഡിത്യം സമ്പാദിക്കുന്നതിനൊ, ലഭിക്കുന്ന അല്പമായ അറിവ് ആ ഭാഷയിൽ പ്രകടിപ്പിക്കുന്നതിനൊ അയാൾക്ക് പ്രതിബന്ധം നേരിടുന്നു. ഒരുവിഷയത്തെപ്പററിയുള്ള അയാളുടെ അറിവ്, മാതൃഭാഷയിൽകൂടി വിദ്യാഭ്യാസംചെയ്ത ഒരു ഇംഗ്ലീഷുയുവാവിന് അതേ വിഷയത്തെ സംബന്ധിച്ചുള്ളേടത്തോളം ഉത്തമമായിരിക്കുവാൻസാധിക്കയില്ല. ചിന്തയിലും പ്രകടനത്തിലും മററും ഭാരതീയയുവാവിന് തടസ്സം നേരിടുന്നു. അയാൾ ഒരു ദുൎഘടസ്ഥിതിയിലാണ് നിലകൊള്ളുന്നത്. അതുകൊണ്ട് മാതൃഭാഷയെ അഭ്യസനഭാഷയും പൊതുപ്രവൎത്തനഭാഷയുമാക്കി, അതിനു നഷ്ടംവന്നിട്ടുള്ള സ്ഥാനം നൽകാതെ, ദേശീയവിദ്യാഭ്യാസത്തെ ശരിയായ നിലയിലാക്കുവാൻ സാധിക്കുന്നതല്ല.

### പുസ്തകം സൂക്ഷിക്കേണ്ടതു്.

ഒരിക്കലും ഒരു പുസ്തകം നിലത്തിടരുതു്. വിരലുകൊണ്ട് ഓരോ വശവും മറിക്കരുതു്. തുറന്നിരിക്കുന്ന ഒരു പുസ്തകത്തിൽ ചാരുകയൊ അതിൽ ഇരിക്കുകയൊ ചെയ്യരുതു്. വേറൊരു പുസ്തകമൊ മററു സാധനമൊ അതിൻെറ മീതെ വയ്ക്കരുതു്.

ഒരു പെൻസിലൊ, കടലാസ്സൊ ഉള്ളിൽവച്ച് ഒരിക്കലും ഒരു പുസ്ത

കം അടക്കരുതു്.

അഴുക്കുള്ള കൈകൊണ്ടു് ഒരു പുസ്തകം ഒരിക്കലും തൊടരുതു്.

വിലയുള്ള പുസ്തകങ്ങൾ എല്ലാപ്പോഴും കുട്ടികൾക്കു് എത്താത്തതും ശുചിയും ചൂടുമുള്ളതും ആയ സ്ഥലത്തു് സൂക്ഷിക്കുക.

ഇരവുവാങ്ങിയ ഒരു പുസ്തകം നിങ്ങളുടെ കൈവശമിരിക്കുമ്പോൾ എല്ലാപ്പോഴും ഒരു കടലാസ്സുകൊണ്ടു് പൊതിഞ്ഞുവെക്കുക.

ഒരു പുസ്തകത്തിൻെറയോ മാസികയുടേയോ കടലാസ്സുകൾ ഒരിക്കലും അധികം മൂൎച്ചയുള്ള കത്തികൊണ്ടു് മുറിക്കരുതു്. അതു് അച്ചടി ചീത്തയാക്കും. എന്നാൽ തീരെ മൂൎച്ചയില്ലാത്ത സാധനംകൊണ്ടും മുറിക്കരുതു്.

'മൈ മാഗസീൻ'

## മാതാപിതാക്കന്മാൎക്കുള്ള ചോദ്യങ്ങൾ.

൧. നിങ്ങളുടെ കുട്ടികളുമായി കളിക്കുന്നതിനു് സമയം ഉണ്ടാക്കാറുണ്ടോ? അവരെ തന്നത്താൻ കളിക്കുന്നതിനു് പഠിപ്പിക്കാറുണ്ടോ?.

൨. നിങ്ങൾ കഥപറഞ്ഞോ വായിച്ചോ അവരെ കേൾപ്പിക്കാറുണ്ടോ?

൩. അവർ പള്ളിക്കൂടത്തിൽ പഠിക്കുന്നതെന്തെന്നു് അറിയാറുണ്ടോ?

൪. കുട്ടികളെ ബുദ്ധിപൂൎവ്വകമായി പരിശീലിപ്പിക്കുന്നതിനു് ഗ്രന്ഥശാല നിങ്ങൾ ഉപയോഗിക്കാറുണ്ടോ?

൫. നിങ്ങളുടെ ഗൃഹത്തിൽ നല്ലപുസ്തകങ്ങളും മാസികകളും ഉണ്ടോ?

൬. നിങ്ങൾ കൂടക്കൂടെ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾ സന്ദൎശിക്കാറുണ്ടോ?

൭. അവരുടെ അദ്ധ്യാപകന്മാരെ വീട്ടിൽ ക്ഷണിച്ചു് സല്ക്കരിക്കാറുണ്ടോ?

൮. യോഗ്യമായ ആഗ്രഹങ്ങളെ നിങ്ങൾ ഹൃദയപൂൎവ്വം പ്രോത്സാഹിപ്പിക്കാറുണ്ടോ?

൯. കുട്ടികളെ നല്ലതുചെയ്യിപ്പിച്ചു് അവരിൽ സ്വാശ്രയശക്തി ഉണ്ടാക്കാറുണ്ടോ?

൧൦. സ്വയമായി വളരുന്നതിനു് സന്ദൎഭങ്ങൾ നല്കാറുണ്ടോ?

൧൧. കുട്ടികൾ തന്നത്താൻ പണമുണ്ടാക്കി ചിലവുചെയ്യുവാൻ അവസരം നല്കി നിങ്ങൾ അവരെ പണത്തിൻെറ വില മനസ്സിലാക്കാറുണ്ടോ?

൧൨. നിങ്ങളുടെ പുത്രിയെ ഗൃഹഭരണം പഠിപ്പിക്കാറുണ്ടോ? നിങ്ങളു

ടെ പുത്രനെ യഥാൎത്ഥപ്രയത്നത്തിന്റെ അന്തസ്സ് മനസ്സിലാക്കാറുണ്ടോ?

൧൬. നിങ്ങളുടെ കുട്ടികളോട് ജീവിതത്തെപ്പററി സംസാരിക്കാറുണ്ടോ?

൧൭. അവരെ പരിശീലിപ്പിക്കുന്നതിനായി ദൈവസഹായത്തിന് നിങ്ങൾ പ്രാൎത്ഥിക്കാറുണ്ടോ?

൧൮. മററു മാതാപിതാക്കന്മാരെ സഹായിക്കുവാൻ നിങ്ങൾ ശ്രമിക്കാറുണ്ടോ?

മാതാപിതാക്കന്മാർ പുത്രന്മാൎക്കും പുത്രിമാൎക്കുംവേണ്ടി വിധികൾ കൊടുക്കരുത്. തന്നത്താൻ ബുദ്ധിപൂൎവ്വം തീരുമാനിക്കാൻ അവരെ പഠിപ്പിക്കുക. "എന്തുതന്നെയായാലും ഞാൻ കുട്ടിയെ കീഴടക്കും" എന്നു മാതാപിതാക്കന്മാർ പറഞ്ഞുകൂടാ. എന്നാൽ "അവനു എന്തുതന്നെയായാലും അവനെക്കൊണ്ടു കീഴടക്കുവാൻ ഞാൻ സഹായിക്കും" എന്നുവേണം പറയുവാൻ. നീന്തുവാൻ പഠിക്കുന്നതുപോലെ മനശ്ശക്തിയെ ഉപയോഗിക്കുവാൻ പഠിക്കുക.

'ചൈൽഡ് വെൽഫെയർ മാഗസിൻ'

## അദ്ധ്യാപകന്മാരുടെ പരിശീലനം.

"നിങ്ങൾ അനവധി ലക്ഷംപണം ഓടിനും കല്ലിനും ചിലവാക്കുമായിരിക്കാം. ആയിരംകണക്കിനു കുട്ടികളെ വിദ്യാലയങ്ങളിലേക്കു തള്ളുമായിരിക്കാം. എന്നാൽ അദ്ധ്യാപകവൃന്ദം പ്രാപ്തരല്ലാതിരിക്കുന്നിടത്തോളം കാലം നിങ്ങളുടെ പണച്ചിലവും പ്രയത്നവും വ്യൎത്ഥമാകാനെ തരമുള്ളു. പ്രഥമമായി നാം നമ്മുടെ അദ്ധ്യാപകന്മാരുടെ പരിശീലനത്തിലാണു് ശ്രദ്ധിക്കേണ്ടതു്"

ചെംസ്ഫോർഡ് പ്രഭു.

## പന്ത്രണ്ടു വ്യവസായതത്വങ്ങൾ.

൧. നല്ല അടിസ്ഥാനത്തിൽ നടത്തിക്കൊണ്ടുപോകുന്നതിന് വേണ്ട മൂലധനമില്ലാതെ വ്യവസായം തുടങ്ങരുത്. വിജയകരമായ വിധത്തിൽ ആരംഭിക്കുന്നതിന് ക്ഷമിച്ചിരുന്ന് പണം സമ്പാദിക്കുക.

൨. നിങ്ങൾക്ക് യോജിച്ചതാണെന്ന് തോന്നുന്നതുകൊണ്ടുമാത്രം ഒരു സ്ഥലത്ത് വ്യവസായം ആരംഭിക്കരുത്. അവിടത്തെ സ്ഥിതികൾ കുറേക്കൂടി മനസ്സിലാക്കുക. വിജയം ഉണ്ടാകുമെന്നു ബോദ്ധ്യംവരുന്ന സ്ഥലത്തെ തുടങ്ങാവൂ.

൩. ഒരു സ്ഥലം തിരഞ്ഞെടുക്കുമ്പോൾ ഏററവും കുറഞ്ഞ വാടകയു

ള്ളതാണ് ആദായമെന്നോ, ആവശ്യക്കാരെ വേട്ടയാടിക്കൊണ്ടുമാത്രമെ ന്നൊ ഉള്ള അബദ്ധം പിണയരുത്. ചുററിനടന്ന് സമയം നഷ്ടമാകുന്ന തിനേക്കാൾ അല്പം കൂടുതൽ വാടകകൊടുക്കുന്നതാണ് ആദായകരമായിട്ടുള്ളത്. എന്നാൽ വാടക നിങ്ങളുടെ സ്ഥിതിക്ക് ചേററിയതുമായിരിക്കണം.

ർ. കടം ഉണ്ടാകുന്നതു് സന്തോഷകരമല്ല. എന്നാൽ പഴയ കടത്തെ ഓർമ്മിച്ച് നല്ല ഒരു അവസരം ലഭിക്കുമ്പോൾ കടം വാങ്ങാതിരിക്കുന്നതും ഉത്തമമല്ല.

ൡ. നശിച്ചതൊ, അഭിവൃദ്ധിയില്ലാത്തതുകൊണ്ട് ഉടമസ്ഥൻ ഉപേക്ഷിച്ചതൊ ആയ ഒരു വ്യവസായത്തെ വിലക്കു വാങ്ങരുത്.

൩. നിങ്ങളോട് മത്സരിക്കുന്നവർ ബഹുമാന്യമുള്ളവരാണെന്ന വിചാരിക്കുക. അവരെപ്പററി നിങ്ങളുടെ ഇടപാടുകാർ പറയുന്നതെല്ലാം വിശ്വസിക്കരുത്. കച്ചവടക്കാരെ പരസ്പരം മത്സരിപ്പിക്കേണ്ടതു് സാമാനം വാങ്ങിക്കുന്നവരുടെ അവകാശമാണെങ്കിലും അത് ഒരു ചീത്തസ്വഭാവമാണ്.

൧. നിങ്ങളുടെ ഇടപാടുകാരോടു യോഗ്യമായ വിധത്തിൽ പെരുമാറണം. തെററിദ്ധരിപ്പിച്ച് അവരെ വഞ്ചിക്കരുത്. നിങ്ങളുടെ വ്യവസായരഹസ്യങ്ങളെപ്പററിയും അധികം അവരോട് സംസാരിക്കരുത്.

വ്വ. അറിയാത്ത ആളുകളിൽ നിന്നു രൊക്കം വില വാങ്ങിക്കുന്ന കാര്യത്തിൽ നിർബന്ധംവേണം. കഴിവുള്ളിടത്തോളം ആർക്കും കടം കൊടുക്കരുത്. കടംവാങ്ങുന്ന പത്തുപേരിൽ ഒരാൾ ചതിക്കും. മററു ഒൻപതുപേരിൽനിന്നും കിട്ടുന്ന ആദായത്തേക്കാൾ കൂടുതൽ നഷ്ടം അയാളിൽനിന്നും ഉണ്ടാകും. പുതിയ ആളുകളിൽ പ്രത്യേകം ശ്രദ്ധിക്കണം. അവർ ആദ്യം ചെറിയ തുകകൾക്ക് സാമാനംവാങ്ങി ഉടനടൻ പണം തരുമെങ്കിലും പിന്നീട് വലിയ സംഖ്യക്കു സാമാനംവാങ്ങി രൊക്കം പണം തരാതിരിക്കും.

ൻ. സഹായത്തിനായി സമർത്ഥന്മാരായ ആളുകളെ നിയമിക്കണം അവർക്ക് തൃപ്തികരമായ കൂലിയും കൊടുക്കണം. നിങ്ങളുടെ വ്യവസായവിഷയത്തിൽ അവർക്കു താല്പര്യം തോന്നത്തക്കവണ്ണം അവരോടു നല്ലവിധത്തിൽ പെരുമാറണം സങ്കുചിതമനസ്ഥിതിയോടുകൂടി പെരുമാറരുത്. എന്നാൽ അധികം അടുക്കുവാനും പാടില്ല. ഓരോരുത്തരുടെയും സാമർത്ഥ്യത്തെപ്പററി അന്വേഷിക്കുക. ഓരോരുത്തരോടും തന്നാലാവുന്നതു പ്രവൃത്തിക്കുവാൻ ആവശ്യപ്പെടുക.

൱. നിങ്ങളുടെ ഇടപാടുകൾ കണിശമായിതീർത്ത് അതിനുള്ള ഡിസ്കൊണ്ട് വാങ്ങണം.

൲. നിങ്ങൾക്ക് എന്തു ആദായം ലഭിക്കുന്നുണ്ടെന്ന് പറയരുത്. അങ്ങിനെയായാൽ നിങ്ങൾ മത്സരത്തെ ക്ഷണിച്ചുവരുത്തുകയാണ് ചെയ്യുന്നത്.

൧൨. നിങ്ങളുടെ നില സുരക്ഷിതമായാൽ നിങ്ങളുടെ സഹപ്രവൎത്തകന്മാരൊട് സങ്കുചിതബുദ്ധി കാണിക്കരുത്. നിങ്ങളുടെ അനുഭവം കൊണ്ട് അവൎക്കും ആദായം ഉണ്ടാകുവാൻ സഹായിക്കുക.

'മൈ മാഗസിൻ'

## സ്ത്രീവിദ്യാഭ്യാസത്തിന്റെ മാതൃക

ഈ വിഷയത്തെപ്പററി ശ്രീമതി ബി. കല്യാണിഅമ്മ ബി. എ., എൽ. ടി. "മലയാളമാസിക"യിൽ ഒരു ലേഖനമെഴുതിയിരിക്കുന്നു. അതിൽ ശ്രദ്ധേയമായ ഒരു ഭാഗം താഴെ ചേൎക്കുന്നു.

"ശിശുപാഠശാലകൾ—പാശ്ചാത്യരാജ്യങ്ങളിൽ പലേടത്തും ചെറിയ ശിശുക്കളെ അയച്ചു പഠിപ്പിക്കുന്ന പാഠശാലകൾ ഉണ്ട്. 'കിൻറർഗാർട്ടൻ'ശാലകളെന്നും, 'നേഴ്സറി' വിദ്യാലയങ്ങളെന്നുമാണ് ഇവയുടെ പേർ പറഞ്ഞുവരുന്നത്, ഇത്തരം പാഠശാലകൾ ഇന്ത്യയിലും സ്ഥാപിക്കണം. എന്നാൽ ഇവയ്ക്കടിസ്ഥാനമായിട്ടുള്ള മൂലതത്വങ്ങളെ മാത്രം എടുത്തു കാലദേശാവസ്ഥകൾക്കും, സമുദായവ്യവസ്ഥകൾക്കും, മതഭേദങ്ങൾക്കും യോജിക്കുന്ന വിധത്തിൽവേണം ഇത്തരം ശിശുപാഠശാലകൾ ഇവിടെ സ്ഥാപിച്ചു നടത്തുവാൻ. മൂന്നുവയസ്സിനു മേൽ ഏഴു വയസ്സിനു താഴെവരെയുള്ള എല്ലാകുട്ടികളേയും ലിംഗഭേദമൊ, വൎണ്ണവ്യത്യാസമൊ, മതഭേദമൊ കൂടാതെ, ഈ പാഠശാലകളിൽ ചേൎക്കണം. കുട്ടികളെ വളൎത്തി ശീലമുള്ളവരും, അവരുടെ പ്രകൃതിവികൃതികളെ കണ്ടു പരിചയിച്ചിട്ടുള്ളവരും, വിശാലമായ മാതൃഹൃദയമുള്ളവരും ആയ സ്ത്രീകൾ വേണം ഈ പാഠശാലകളിൽ അദ്ധ്യാപികമാരായിരിക്കാൻ. സ്വന്തം അച്ഛനമ്മമാരേയും, സഹോദരസഹോദരിമാരേയും, സ്വഗൃഹത്തേയും വിട്ട്, അന്യഗൃഹത്തിൽ അന്യജനങ്ങളുടെ ഇടയിലാണ് തങ്ങൾ വന്നിരിക്കുന്നതെന്ന വ്യത്യാസം കുട്ടികൾ അനുഭവിച്ചറിവാൻ ഇടയാകാത്തവിധം ഒരു ഗൃഹാന്തരീക്ഷത്തെ ഈ ശിശുപാഠശാലകളിൽ നിൎമ്മിക്കുവാൻ ഭാരവാഹികൾ എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ അതോടുകൂടിത്തന്നെ, സ്വന്തഭവനങ്ങളും മാതാപിതാക്കന്മാരും സഹോദരങ്ങളും ഉണ്ടെന്നു വരികിലും, എല്ലാ ശിശുക്കളും സമുദായമാകുന്ന ഒരു വലിയ കുടുംബത്തിലെ സന്തതികളാണെന്നും,

അങ്ങിനെയുള്ള ഒരു സമത്വവും സഹോദരത്വവും തങ്ങൾക്കുണ്ടെന്നും, തങ്ങൾ തമ്മിൽ ഒന്നൊരുമിച്ചു സ്നേഹാദരങ്ങളോടുകൂടെ വർത്തിക്കേണമെന്നുമുള്ള ഈ ബോധം ഈ ശിശുപാഠശാലകൾ ശിശുക്കളുടെ മനസ്സിൽ ജനിപ്പിക്കണം. ഇതു പ്രസംഗങ്ങൾ മുഖേനയല്ല, പ്രവൃത്തിമുഖേന വേണം നിറവേററാൻ. അദ്ധ്യാപികമാർ കുട്ടികളുമൊന്നിച്ച് നയിക്കുന്ന ജീവിതരീതിയും, പെരുമാററവും, കുട്ടികൾതമ്മിൽ പെരുമാറുന്ന സ്വഭാവവും ആണ് മേല്പറഞ്ഞ ബോധത്തിന്നു വിത്തുവിതയ്ക്കുന്നത്. ബാലികാബാലകന്മാർ ശിശുപാഠശാലകളെ വിട്ടു പ്രാഥമികപാഠശാലകളിലും, ഉന്നതവിദ്യാലയങ്ങളിലും പ്രവേശിച്ചു വിദ്യാഭ്യാസംചെയ്യുന്ന കാലത്ത് അവിടേയും സമത്വവും സാഹോദര്യവും പ്രമാണമാക്കീട്ടുള്ള ഒരന്തരീക്ഷം ലഭിച്ചാൽ, ശിശുപാഠശാലകളിൽ തങ്ങളുടെ ബാലഹൃദയങ്ങളിൽ വിതയ്ക്കപ്പെട്ട വിത്തുകൾക്കു പോഷണം ലഭിക്കുന്നതാണ്. ക്രമേണ നമ്മുടെ ബാലികാബാലകന്മാരുടെ ഹൃദയാങ്കുരങ്ങൾ വികസിച്ചു വരുമ്പോൾ, ഇപ്പോൾ നമ്മുടെ നാട്ടിനെ ഭിന്നിപ്പിക്കുന്ന അസമത്വങ്ങളും ജാതിവ്യത്യാസങ്ങളും താനെ മറയും. ശിശുപാഠശാലകൾക്കടിസ്ഥാനമായ പ്രമാണം ഇത്തരമായിരിക്കണം.

പാഠപദ്ധതി—ഈ ശിശുപാഠശാലകളിൽ എഴുത്തും വായനയും പഠിപ്പിക്കേണ്ടതില്ല. ബാലോചിതമായ കളികളിലും വിനോദങ്ങളിലും അവരുടെ സമയത്തിന്റെ അധികഭാഗവും വിനിയോഗിക്കണം. കൂട്ടുചേർന്നു കളിച്ചും രസിച്ചും അവരുടെ ശൈശവജീവിതം ആനന്ദമയമായിക്കഴിയണം. ഇതിന്നു വേണ്ടുന്ന ഏപ്പാടുകളൊക്കെ—കളിസാമഗ്രികൾ, വിശാലമായ കളിസ്ഥലങ്ങൾ മുതലായവ—ഈ പാഠശാലകളിൽ ഉണ്ടായിരിക്കണം. കളിയും വിനോദവും കഴിഞ്ഞാൽ കളിസ്ഥലങ്ങളെ വെടിപ്പാക്കുവാനും, സാമാനങ്ങളെ യഥാസ്ഥാനങ്ങളിൽ വൃത്തിയാക്കി സൂക്ഷിച്ചുവെക്കാനും കുട്ടികളെ ശീലിപ്പിക്കണം. കളിസ്സമയത്തു ദേഹവും വസ്ത്രങ്ങളും വൃത്തിഹീനമായാൽ അവയെ ശുചിപ്പെടുത്താൻ കുട്ടികളെ അഭ്യസിപ്പിക്കണം. കളിക്കാൻ വേണ്ട ഏപ്പാടുകളും കൂടെ ഇവിടെ ഉണ്ടായാൽ നന്ന്.

കളിയും കുളിയും കഴിഞ്ഞാൽ ആഹാരത്തിനും വിശ്രമത്തിനുമുള്ള സമയമായി. ആഹാരപാനീയങ്ങൾ സാവധാനത്തിൽ കഴിക്കുക, ഘനപദാർത്ഥങ്ങൾ നല്ലവണ്ണം ചവച്ചുതിന്നുക, ആഹാരം കഴിഞ്ഞാൽ കയ്യും വായും ശുദ്ധിയാക്കുക ഇക്കാര്യങ്ങളാണ് ഈ സമയം കുട്ടികളെ മനസ്സിലാക്കി ശീലിപ്പിക്കേണ്ടതു്. വിശ്രമസമയം കുട്ടികളുടെ പ്രായമനുസരിച്ചു ഉറക്കത്തിനൊ കഥപറയുന്നതിനൊ ഉപയോഗിക്കണം.

കഥകൾമുഖേനയാണ് കുട്ടികളുടെ ജിജ്ഞാസാശക്തിയെ ഉണ

ത്തേണ്ടതു്. കുട്ടികളുടെ ആഗ്രഹത്തിന്നനുസരിച്ച കഥകൾവേണം തിരഞ്ഞെടുപ്പാൻ. ചിലൎക്കു മൃഗങ്ങളെപ്പററിയുള്ള കഥകളായിരിക്കും ഇഷ്ടം. മററു ചിലൎക്കു യക്ഷികഥകൾ കേൾക്കാൻ കൌതുകമുണ്ടായിരിക്കും. വേറൊരുക്കൂട്ടൎക്കു കുടുംബസംബന്ധമായ കഥകളിലാവും രസം. ഇങ്ങിനെ കുട്ടികളുടെ ആഗ്രഹത്തിനും അഭിരുചിക്കും ചേൎന്ന കഥകൾ വേണം പറവാൻ. കഥകളുടെ വിഷയം എന്തായിരുന്നാലും, അവ കുട്ടികൾക്കു ഭയം ജനിപ്പിക്കത്തക്കതോ, അവരുടെ മൃദുലമനസ്സിനെ വേദനപ്പെടുത്തുന്നതോ ആയിരിക്കരുതു്. അവക്കു ഉത്സാഹവും ഉന്മേഷവും ജനിപ്പിക്കുന്നതും, സ്നേഹം, ദയ, അനുകമ്പ, മുതലായ മൃദുവികാരങ്ങളെ ഉണൎത്തുന്നതുമായിരിക്കണം; അവക്കു അഭിനയിച്ചു രസിക്കുവാൻ സൌകൎയ്യമുള്ളതുമായിരിക്കണം. അദ്ധ്യാപികമാർ ശിശുക്കളെ കഥകൾ പറഞ്ഞു രസിപ്പിക്കയും, സന്ദൎഭോചിതമായി അവയെ അവരേക്കൊണ്ടു് അഭിനയിപ്പിക്കയും ചെയ്കയല്ലാതെ, അവയിൽനിന്നുള്ള അനുമാനപാഠങ്ങളെ പ്രസംഗരൂപേണ അവരെ ഉൽബോധിപ്പിക്കുവാൻ ശ്രമിക്കരുതു്. അവരുടെ സ്വഭാവരൂപീകരണത്തിന്നുപകാരമായ വിത്തുകൾ ഈ കഥകൾവഴിയായി വിതയ്ക്കുക മാത്രമേ വേണ്ടു; അവയ്ക്കു വളമിടേണ്ടതും മുളപ്പിക്കേണ്ടതും വേറൊരു കാലത്താണു്."

## പുസ്തകാഭിപ്രായം.

### സമസ്തകേരളസാഹിത്യപരിഷത്തിൻെറ തൃതീയസമ്മേളനറിപ്പോൎട്ടു്.

പ്രസാധകൻ:— പി. വി. കൃഷ്ണവാൎയ്യർ. ലക്ഷ്മീസഹായം അച്ചുക്കൂടം, കോട്ടയ്ക്കൽ.

വില 2 രൂപ.

ഭാഷാസാഹിത്യത്തിൻെറ സൎവ്വതോമുഖമായ അഭിവൃദ്ധിയെ പുരസ്കരിച്ചു് ആരംഭിച്ചിട്ടുള്ള സാഹിത്യപരിഷത്തിനു് നാലുവയസ്സു് കഴിഞ്ഞിരിക്കയാണല്ലൊ. ഇടപ്പള്ളിയിൽവച്ചു പരിഷത്തു് ആരംഭിക്കുകയും, തൃശ്ശിവപേരൂർ, കോട്ടയ്ക്കൽ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽവച്ചു് അതിൻെറ ഓരോ സമ്മേളനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ടു്. അനവധി

യോഗങ്ങൾ കൂടുകയും, വളരെ അദ്ധ്യക്ഷന്മാർ പ്രസംഗിക്കുകയും, നിരവധി ഗദ്യപദ്യലേഖനങ്ങൾ വായിക്കുകയും, ധാരാളം പ്രാസംഗികന്മാർ കണ്ടു ക്ഷോഭം ചെയ്യുകയും, കണക്കില്ലാതെ പ്രമേയങ്ങൾ അംഗീകരിക്കുകയും, ടിക്കററുവച്ച് പണം പിരിക്കുകയും അതിൽ അല്പം മിച്ചമുണ്ടാക്കുകയും മററും ചെയ്തിട്ടും ഈ പരിഷത്തുകൊണ്ട് പറയത്തക്ക ഗുണമുണ്ടായിട്ടുണ്ടോ എന്നു സംശയിക്കുന്നു. ഓരോ സമ്മേളനത്തിലേയും നടപടികളെക്കുറിച്ചിട്ടുള്ള റിപ്പോർട്ട് പ്രസിദ്ധീകരിക്കേണ്ടതു് ആവശ്യംതന്നെ. ഇടപ്പള്ളിയിൽവച്ചു കൂടിയ പരിഷത്തിന്റെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചതിൽ സൌജന്യമായി കൊടുത്ത പ്രതികൾകൂടാതെ അധികം ചിലവായിട്ടില്ലെന്നാണ് ഞങ്ങളുടെ അറിവ്. തൃശ്ശിവപേരൂർവച്ചു നടന്ന പരിഷത്തിന്റെ റിപ്പോർട്ട് ഇതുവരെയായിട്ടും പുറത്തുവന്നിട്ടില്ല, കോട്ടയ്ക്കൽവച്ചു കൂടിയ പരിഷത്തിന്റെ റിപ്പോർട്ടാണ് ഇപ്പോൾ ഞങ്ങളുടെ അഭിപ്രായത്തിന് വിഷയീഭവിച്ചിരിക്കുന്നതു്. കാലംകുറെ കഴിഞ്ഞിട്ടാണെങ്കിലും ഇപ്പോഴെങ്കിലും ഇതു പുറത്തായതിൽ സന്തോഷമുണ്ട്. പ്രസാധകനായ മി: കൃഷ്ണവാര്യരെ ഞങ്ങൾ അഭിനന്ദിച്ചുകൊള്ളുന്നു. സാഹിത്യരസികനും, സാഹിത്യാഭിവൃദ്ധിയിൽ ആസക്തനും അനേകം മഹൽഗ്രന്ഥങ്ങളുടെ പ്രസാധകനുമായ മി. കൃഷ്ണവാര്യർ ഈ റിപ്പോർട്ട് പ്രസിദ്ധീകരിച്ചതിന് ഭാഷാപ്രണയികൾ കൃതജ്ഞതയുള്ളവരായിരിക്കേണ്ടതാണ്. പരിഷത്തിനെപ്പററിയുള്ള ഞങ്ങളുടെ അഭിപ്രായം അന്നു പറഞ്ഞിട്ടുള്ളതുകൊണ്ട് ഇപ്പോൾ ചർവ്വിതചർവ്വണം ചെയ്യേണ്ട ആവശ്യമില്ലല്ലൊ. ഇതിൽ ചേർത്തിട്ടുള്ള ഗദ്യപദ്യപ്രബന്ധങ്ങൾ എല്ലാം കഴമ്പുള്ളവയല്ലെങ്കിലും ഈ ഗ്രന്ഥം വായിക്കുന്നവർക്ക് അതുകൊണ്ട് പ്രയോജനമുണ്ടാകുമെന്നാണ് ഞങ്ങളുടെ അഭിപ്രായം. ചിലരുടെ പ്രസംഗങ്ങൾ അയച്ചുകൊടുക്കാത്തതുകൊണ്ട് ഈ റിപ്പോർട്ടിൽ ചേർക്കുവാൻ സാധിക്കാതെ മി. വാര്യർ കുണ്ഠിതപ്പെടുന്നുണ്ട്. എന്നാൽ ഈ മാന്യന്മാർ ആ ബഹളത്തിൽവച്ച് എന്തോ ചിലതൊക്കെ പറഞ്ഞു എന്നും, അവ പുറത്തിറക്കുവാനുള്ള ഭയംകൊണ്ടാണ് അയച്ചുതരാഞ്ഞതെന്നും വിചാരിക്കുന്നതിൽ തെററുണ്ടെന്ന് തോന്നുന്നില്ല. ഈ ഗ്രന്ഥത്തിൽ ചിത്രങ്ങൾ ചേർത്തിട്ടുള്ളതും ഉചിതമായിട്ടുണ്ട്. എന്നാൽ ഇതിന് രണ്ടുരൂപ വില വച്ചിരിക്കുന്നതു കുറെ കൂടുതലാണെന്നു തോന്നുന്നു. ഭാഷാഭിമാനികളായവർക്കെല്ലാം വാങ്ങത്തക്കവണ്ണം വില കുറെ കുറച്ചിരുന്നെങ്കിൽ ഗ്രന്ഥത്തിനു കൂടുതൽ പ്രചാരം സിദ്ധിച്ചേനെ. ഏതായാലും ഇതിനു ഭാഷാസാഹിത്യലോകത്തിൽ ഒരു നല്ല സ്ഥാനമുണ്ടെന്നു തന്നെയാണ് ഞങ്ങളുടെ അഭിപ്രായം.

## ലക്ഷ്മീഭായി രജതജൂബിലി ലക്കം.

മാനേജർ, ലക്ഷ്മീഭായി, തൃശ്ശിവപേരൂർ. വില 1 ക. 8 ണ.

ലക്ഷ്മീഭായിമാസികയുടെ ൨൫ വയസ്സ് തികയുന്ന ൧൧൦൫ മീനമാസത്തിലെ ലക്കമാണ് രജതജൂബിലി ലക്കമായി പ്രസിദ്ധീകരിച്ചിട്ടുള്ളത്. മലയാളക്കരയിൽ അനവധി മാസികാശിശുക്കൾ ജനിച്ച് ബാല്യദശയിൽ തന്നെ അകാലമൃത്യുവിനിടയായിത്തീരുന്നത് സർവ്വസാധാരണമായിത്തീർന്നിരിക്കുന്നതുകൊണ്ട് ഇത്രയുംകാലം ഈ മാസിക നടത്തി അതിന്റെ രജതജൂബിലി ആഘോഷിക്കുവാൻ തൽപ്രവർത്തകന്മാർക്ക് ഇടവന്നതിൽ അവരെപ്പോലെ ഞങ്ങൾക്കും സന്തോഷമുണ്ട്.

ഈ രജതജൂബിലി ലക്കത്തിൽ സാഹിത്യസഖി ടി. സി. കല്യാണിയമ്മ, ആർ. ഈശ്വരപിള്ള, എം. ഭാഗീരഥിഅമ്മതമ്പുരാൻ, എ. കൃഷ്ണപ്പിഷാരടി, ബി. കല്യാണിഅമ്മ, ടി. സി. ജാനകിഅമ്മ, വൈദ്യൻ വി. നാരായണൻനായർ, തരവത്തു അമ്മാളുഅമ്മ, മൂർക്കോത്തു കുമാരൻ, കൊട്ടാരത്തിൽ ശങ്കുണ്ണി, പി. കെ. വാരിയർ, കേരളവർമ്മ അമ്മാമൻതമ്പുരാൻ, വി. കെ. രാമൻമേനോൻ, അമ്പാടി നാരായണപ്പുതുവാൾ എന്നിവരുടെ ഗദ്യലേഖനങ്ങളും, കുണ്ടൂർ നാരായണമേനോൻ, ഓടാട്ടിൽ കേശവമേനോൻ, കടത്തനാട്ട് ശങ്കരവർമ്മതമ്പുരാൻ, പെട്ടരഴിയത്ത് രാമൻ ഇളയത്, സി. എസ്സ്. സുബ്രഹ്മണ്യൻപോററി, ടി. ഭാരതിയമ്മ, ആലത്തൂർ അനുജൻ നമ്പൂരിപ്പാട്, എളമനമഠത്തിൽ കൃഷ്ണമേനോൻ, കോങ്ങോട്ട് രാമൻകുട്ടിനായർ എന്നിവരുടെ കവിതകളും അടങ്ങിയിരിക്കുന്നു. ഇവയിൽ ഈശ്വരപിള്ള, ആററൂർ, വി. കെ. രാമൻമേനോൻ, കല്യാണിയമ്മ, ടി. സി. ജാനകിയമ്മ മുതലായവരുടെ ഗദ്യലേഖനങ്ങളും, കുണ്ടൂർ, സുബ്രഹ്മണ്യൻപോററി എന്നിവരുടെ പദ്യങ്ങളും നന്നായിട്ടുണ്ടെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഇന്നത്തെ ചില മഹാകവികൾ—സാഹിത്യലോകത്തിൽ കാലെടുത്തുവച്ചകാലത്ത് ലക്ഷ്മീഭായിയുടെ നാനാതരത്തിലുമുള്ള സഹായങ്ങൾ ലഭിച്ച ചില മഹാകവികൾ—ഈ അവസരത്തിൽ ലക്ഷ്മീഭായിയെ വിസ്മരിച്ചതു കൃതഘ്നതതന്നെയാണെന്നു തോന്നുന്നു. ലക്ഷ്മീഭായിയുടെ ഇരുപത്തഞ്ചുമുള്ള ചരിത്രം അതിലെ പ്രസ്താവനയിൽനിന്നും മനസ്സിലാക്കാവുന്നതാണ്. "ലേഖനത്തിനുവേണ്ടി ആരേയും സ്തുതിക്കാറില്ല, താണുകേണപേക്ഷിക്കാറുമില്ല; സാഹിത്യസംഘങ്ങളിലും പരിഷത്തുകളിലുംചെന്ന് സത്രങ്ങളിൽ കാക്കാലന്മാർ എച്ചിലില ഇരക്കുന്നതുപോലെ ലേഖനങ്ങൾക്കുവേണ്ടി ചെയ്തിട്ടില്ല. ലേഖനദൌർല്ലഭ്യംകൊ

ണ്ട് ഇതുവരെ മാസിക അച്ചടിക്കേണ്ടതിനു താമസം നേരിട്ടിട്ടുമില്ല." എന്ന് പ്രസ്താവനയിൽ പറഞ്ഞിട്ടുള്ളത് ഭംഗിക്കുവേണ്ടി പറഞ്ഞിട്ടുള്ളതാണെന്നു മാത്രമെ ഞങ്ങൾ വിചാരിക്കുന്നുള്ളൂ. ഈ ലക്കത്തിൽ പലരുടേയും അനുമോദനങ്ങളും ഛായകളും ഉള്ളതു് കൗതുകകരമായിരിക്കുന്നു. ആ കണ്ണാടെ നോക്കുകയാണെങ്കിൽ ഇതു് ഒരു നല്ല പ്രസിദ്ധീകരണമാണെന്നാണ് ഞങ്ങളുടെ അഭിപ്രായം.

## കുറിപ്പുകൾ.

### പാഠ്യപുസ്തകനിർണ്ണയം.

പാഠ്യപുസ്തകങ്ങളുടെ വിഷയവും അവയുടെ പ്രതിപാദനരീതിയും ഭാഷയും വിദ്യാർത്ഥികളുടെ പ്രാപ്തിക്കും പക്വതയ്ക്കും യോജിക്കുന്ന വിധമായിരിക്കണമെന്നുള്ളതു് എല്ലാവരും സമ്മതിക്കുന്നതാകുന്നു. എന്നാൽ അതു് പ്രയോഗത്തിൽ വരുത്തുമ്പോൾ തൽഭാരവാഹികളെ വിഷമിപ്പിക്കുന്ന പ്രതികൂലശക്തികളുടെ അനിയന്ത്രിതമായ പ്രവർത്തനത്താൽ നിഷ്ഫലമായി തീരുന്നുവെന്നു വ്യസനസമേതം പറയാതെ നിവൃത്തിയില്ല. ഇയ്യാണ്ടത്തെ പാഠ്യപുസ്തകലിസ്റ്റ് ഇതിന് ഒരു ഉത്തമോദാഹരണമാണ്. ഇയ്യാണ്ടത്തെ ലിസ്റ്റ് പരിശോധിക്കുന്ന ഒരു സമ്യക്ദൃഷ്ടിക്ക് ഔചിത്യരഹിതമായ പാഠപുസ്തകനിർണ്ണയത്തെ തെളിയിക്കുന്ന ധാരാളം ദൃഷ്ടാന്തങ്ങൾ കാണാൻ കഴിയുന്നതാണ്.

പാഠ്യപുസ്തകോപജീവികളായ പുസ്തകനിർമ്മാതാക്കളും വെറും പ്രസാധകന്മാരും ഇത്രവളരെ വർദ്ധിച്ചിട്ടുള്ള ഈ സമീപകാലത്തു് പുസ്തകത്തിന്റെ നന്മതിന്മയേക്കാൾ രചയിതാവിന്റേയോ പ്രസാധകന്റേയോ സ്വാബലവും സ്വാധീനശക്തിയുമാണ് അവയെ പാഠ്യപുസ്തകസ്ഥാനത്തേക്ക് വരുത്തുന്നതു് എന്ന് പ്രസിദ്ധമാണല്ലൊ. അഥവാ ഈ യോഗ്യതകളില്ലാത്ത ഗ്രന്ഥകാരന്മാരാൽ രചിക്കപ്പെട്ട സൽഗ്രന്ഥങ്ങൾ വിദ്യാലയങ്ങളിൽ പ്രവേശനാനർഹങ്ങളെന്നു വരുത്തുന്നതും മറെറാന്നുമായിരിക്കയില്ലല്ലൊ. പാഠപദ്ധതിയെ അനുക്രമിച്ച് പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നില്ല. രചയിതാവിനൊ പ്രസാധകനൊ അത്യാവശ്യമുള്ള പണത്തിന്റെ തോതനുസരിച്ച് അവ ഓരോ ക്ലാസിലേക്ക് നിർണ്ണയിക്കപ്പെടുന്നു. പാഠ്യപുസ്തകനിർണ്ണയത്തിൽ കമ്മററിക്കാർ ഇക്കൊല്ലം ചെയ്തിട്ടുള്ള സാഹസങ്ങൾ അനിർവചനീയങ്ങളാണ്. പാഠ്യപുസ്തകമായിത്തീർന്നാൽ പുസ്തക

ങ്ങൾക്ക് വിലയേറുകയും വിശേഷാൽ അബദ്ധങ്ങൾ പലതും അതിൽ ക ടന്നുകൂടുകയും ചെയ്യുന്നതും അസാധാരണമല്ല. പ്രൂഫ് നോക്കി അച്ച് പിഴ തിരുത്താത്തത് പഠിക്കുന്നവർക്കും പഠിപ്പിക്കുന്നവർക്കും അത്രയെങ്കിലും ആലോചനക്കിടം കിട്ടട്ടെ എന്നു വിചാരിച്ചാണൊ എന്നും തോന്നിപ്പോകാറുണ്ട്. ദ്രുതഗതിയിലുള്ള പ്രസിദ്ധീകരണംകൊണ്ട് അത്രപോലും മനസ്സിരുത്താൻ സമയംകിട്ടാത്ത പുസ്തകനിർമ്മാതാക്കളും ധാരാളം ഉണ്ട്. വിദേശകമ്പനിക്കാരുടെവക ഇംഗ്ലീഷുപാഠ്യപുസ്തകങ്ങൾ പള്ളിക്കൂടംതുറന്ന് രണ്ടുമാസമായിട്ടും കിട്ടിയിട്ടില്ല. ഇതിനെല്ലാം സങ്കടപ്പെടേണ്ടവർ പാവപ്പെട്ട വിദ്യാർത്ഥികളാണെന്നു വരുന്നത് നാടിനോട് ചെയ്യുന്ന അക്ഷന്തവ്യമായ അപരാധമായി ഗണിക്കാതിരിക്കാൻ നിവൃത്തിയും കാണുന്നില്ല. പാഠ്യപുസ്തകം നിർണ്ണയിച്ച കമ്മററിക്ക് പാഠപദ്ധതിയേക്കുറിച്ച് യാതൊരു ഗന്ധവുമില്ലെന്നു കാണിക്കാൻ ഒരു ചെറിയ ഉദാഹരണം ഇവിടെ പറയാം. ൧൯൩൧-ലെ വർണാക്യുലർ സ്കൂൾലീവിംഗ് പരീക്ഷക്ക് രണ്ടു പദ്യപുസ്തകങ്ങളും രണ്ടു ഗദ്യപുസ്തകങ്ങളും നിശ്ചയിച്ചിട്ടുണ്ട്. പദ്യപുസ്തകങ്ങളിൽ രാമായണം സുന്ദരകാണ്ഡം ഭാഷാശുദ്ധിയും സാഹിത്യസൌന്ദര്യവും തികഞ്ഞ കവിതയാണെന്നു സശിരക്കമ്പം സമ്മതിക്കുന്നതിൽനിന്ന് തൽക്കർത്താവായ തുഞ്ചത്തു ഗുരുനാഥനോടുള്ള ഭക്തിബഹുമാനങ്ങൾ പ്രസ്പഷ്ടമാകുന്നതാണ്. രാമായണം ആറു കാണ്ഡവും ഉത്തരരാമായണവുംകൂടി ചിത്രസഹിതം അച്ചടിച്ചത് നാലു അണ വിലക്ക് സുലഭമായി ലഭിക്കുമെന്നിരിക്കെ സുന്ദരകാണ്ഡംമാത്രം അച്ചടിച്ചതിനു പാഠ്യപുസ്തകമായിട്ടപ്പോയതുകൊണ്ടല്ലെ വില ഇരട്ടിച്ചത്. ഏറ്റകെട്ട പരീക്ഷാവിജയംകൊണ്ടുള്ള പ്രയോജനം കാണാതെ നിരാശാബദ്ധരായി സ്കൂളിൽവരുന്ന സാധുവിദ്യാർത്ഥികളോട് ചെയ്യുന്ന മഹാപരാധമല്ലേ ഇത്. ആയിരത്തിഅഞ്ഞൂറോളം വരികൾ രാമായണംസുന്ദരകാണ്ഡത്തിൽ ഉണ്ട്. അത് ശരിയായി വായിപ്പിച്ചും ആശയം ഗ്രഹിപ്പിച്ചു ഭാഷയുടെ ഘടനയും സാഹിത്യചമൽകൃതിയും ഗ്രഹിപ്പിക്കുന്നതിന്, പാഠപദ്ധതി ൧൦൦൦ വരി പദ്യം പഠിപ്പിക്കണമെന്നു നിർദ്ദേശിക്കുന്ന ഏഴാംക്ലാസിൽ ൧൨൦ ദിവസംകൊണ്ടു സാദ്ധ്യമാണൊ?. അതിനുംപുറമെ ഏഴു പാഠങ്ങളിലായി രണ്ടായിരത്തിഇരുന്നൂറു വരിയോളം സാഹിത്യാമൃതവും ഏഴാംക്ലാസുവിദ്യാർത്ഥികൾക്ക് വിളമ്പികൊടുക്കണം. ഉണ്ണുന്നവൻെറ ദീപനശക്തിയറിയാതെ വിളമ്പുന്നതെല്ലാം തിന്നുകൊള്ളണമെന്നു നിർബന്ധിക്കുന്നതിൻെറ ഫലം അജീർണ്ണവും അരോചകവും കൊണ്ടു മൃതിയടയുകയല്ലെങ്കിൽ പിന്നെയെന്തായിരിക്കും?. പ്രൌഢങ്ങളായ സാഹിത്യാംശങ്ങളെ താരതമ്യംചെയ്തു ഗ്രഹിക്കാനുള്ള പ്രാപ്തി ഏഴാംക്ലാസുവിദ്യാർത്ഥികൾക്കുണ്ടോ?. അവരുടെ ഗ്രന്ഥപരിചയം പരിമിതവും പരിശ്രമം തുച്ഛവുമല്ലെ?. അമൃതാണെങ്കിലും അമിതമായി പാനംചെയ്താൽ

അതിനു സ്വാദുണ്ടാകുമോ? ആയിരം വരി പഠിപ്പിക്കണമെന്നു പാഠപദ്ധതി നിർദ്ദേശിച്ചിരിക്കെ മൂവ്വായിരത്തി എഴുന്നൂറോളം വരികൾ പഠിപ്പിക്കണമെന്നുണ്ടോ?. ഇല്ലെങ്കിൽ സുന്ദരകാണ്ഡത്തിൽനിന്നൊ സാഹിത്യാമൃതത്തിൽനിന്നൊ ൧൦൦൦ വരി പഠിക്കാൻ ഏർപ്പാടുചെയ്താൽ പോരായ്മയുണ്ടോ? അങ്ങിനെ ചെയ്താൽ ഒരു ദോഷംമാത്രമെ ഞങ്ങളുടെ ദൃഷ്ടിയിൽ പെടുന്നുള്ളു. സാധുവിദ്യാർത്ഥികൾ അതു എഴുതിയിട്ടു പഠിക്കും. അപ്പോൾ പ്രസാധകന്മാരെ പ്രസാദിപ്പിക്കാൻ നിവൃത്തിവരുകയില്ല. കൂടാതെ പഠിപ്പിക്കുന്നതു വിദ്യാർത്ഥികൾ വേണ്ടപോലെ ഗ്രഹിക്കയും ചെയ്യും. നിശ്ചയിക്കുന്ന പാഠപുസ്തകത്തിൽനിന്നു ൧൦൦ പുറങ്ങളോളം ഗദ്യം വിവരമായി പഠിക്കണമെന്നേ പാഠപദ്ധതി നിർദ്ദേശിക്കുന്നുള്ളു. അതിനു ൪൦൦ പുറങ്ങളിൽ കൂടുതൽ വരുന്ന രണ്ടു പുസ്തകങ്ങളാണു നിശ്ചയിച്ചിട്ടുള്ളതു്. അതിൽ വിവരമായി ൧൦൦ പുറങ്ങളോളം പഠിച്ചാൽ മതിയൊ?, ശേഷം മുന്നൂററിൽചില്വാനം പുറങ്ങൾ വിവരംകൂടാതെ പഠിച്ചാൽ മതിയായിരിക്കുമൊ.? ഇതുപോലെ മററു ക്ലാസിലെ പാഠപുസ്തകങ്ങളെ സംബന്ധിച്ചും പറയാനുണ്ടു്. അതെല്ലാം പറഞ്ഞുതുടങ്ങിയാൽ ഈ കുറിപ്പു് വളരെവലിയ ലേഖനമായി പരിണമിച്ചേക്കും. മലയാളഭാഷയുടെയൊ, പാഠപദ്ധതിയുടേയൊ ഗന്ധംപോലും ഇല്ലാത്ത പലരുംകൂടിയാണു് ഇക്കൊല്ലത്തെ പാഠപുസ്തകങ്ങൾ നിർണ്ണയിച്ചതെന്നും ഞങ്ങൾ കേൾക്കുന്നു. ഏതായാലും ഇക്കൂട്ടരേക്കാൾ ഈ കാര്യത്തിനു പററിയ യോഗ്യന്മാർ തിരുവിതാംകൂറിൽ ഇല്ലാതെയില്ല. ഈ വിഷയത്തെപ്പററി കൂടുതലായി യഥാവസരം ഞങ്ങൾ പ്രസ്താവിച്ചുകൊള്ളാം.

## പരേതനായ ദേശാഭിമാനി ശ്രീമാൻ ടി. കെ. മാധവൻ

വളരെ കാലം നാനാതരത്തിലുള്ള അസമത്വം അനുഭവിച്ചു് ഈയിടെ അഭിവൃദ്ധി പ്രാപിച്ച ഒരു സമുദായമാണു് ഈഴവസമുദായം. പ്രാപ്തന്മാരായ നേതാക്കന്മാരുടെ അഭാവമാണു് അവരുടെ അഭ്യുന്നതിക്കു വിഘാതമായിരുന്നതു്. ശരിയായ സമുദായസംഘടനയൊ, വിദ്യാഭ്യാസമൊ കർമ്മശൂരന്മാരായ നേതാക്കന്മാരൊ അവരുടെ ഇടയിൽ ഇല്ലാതിരുന്നതുകൊണ്ടു് ദീർഘകാലം ഈ സമുദായത്തിനു് അധഃപതനഗർത്തത്തിൽ ആണ്ടുകിടക്കേണ്ടിവന്നു. എന്നാൽ അടുത്തകാലത്തു വിദ്യാഭ്യാസം പ്രചരിക്കുകയും ലോകകാര്യങ്ങൾ മനസ്സിലാക്കുകയും, നേതാക്കന്മാർ രംഗപ്രവേശം ചെയ്യുകയും, മററു സമുദായക്കാരുടെ സഹായം ലഭിക്കുകയും ചെയ്തതോടുകൂടി ഈ സമുദായം പുരോഗതിമാർഗ്ഗത്തിൽ കൂടി ത്വരിതഗമനം ചെയ്യുവാൻ തുടങ്ങി. ഇവരുടെ സമുദായസംഘടനക്കുവേണ്ടി അശ്രാന്തപരിശ്രമം ചെയ്യുകയും അവരെ ഇന്നത്തെ നിലയിൽ എത്തിക്കുന്നതിനു് തീവ്രയത്നം ചെയ്യുകയും ചെയ്ത നേതാക്കന്മാരിൽ അഗ്രഗണ്യനായ ഒരാളായിരുന്നു പരേതനായ ശ്രീമാൻ ടി. കെ. മാധവൻ. അദ്ദേഹത്തിന്റെ അകാലചരമത്തിൽ ഞങ്ങൾ അത്യന്തം വ്യസനിക്കുന്നു. ശ്രീമാൻ ടി. കെ. മാധവൻ കായംകുളത്തിനടുത്തു കോമലേഴത്തു എന്ന ഒരു ശ്രേഷ്ഠകുടുംബത്തിൽ ജനിച്ചു. വലിയ വിദ്യാഭ്യാസം ഒന്നും ചെയ്യുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. ഹൈസ്കൂളിലെ പഠ

നത്തിനു ശേഷം അദ്ദേഹം പത്രപ്രവൎത്തനത്തിൽ ഏൎപ്പെട്ടുകയും, പത്രദ്വാരേണ ഈഴവരുടെ സ്ഥിതിയും, അവരുടെ അഭിവൃദ്ധിമാൎഗ്ഗങ്ങളും സ്പഷ്ടമായി ചൂണ്ടിക്കാണിക്കുകയും ചെയ്തു. ഗ്രന്ഥങ്ങൾ വായിച്ചും, ലോകചരിത്രം മനസ്സിലാക്കിയും വിദ്യാഭ്യാസവിഷയത്തിൽ ഉണ്ടായിരുന്ന ന്യൂനതയെ ഏറെക്കുറെ അദ്ദേഹം സ്വയം പരിഹരിച്ചു. അദ്ദേഹത്തിന്റെ ശ്രദ്ധ പ്രധാനമായി പതിഞ്ഞിരുന്നതു് സമുദായസംഘടനയിലും ദുരാചാരദൂരീകരണത്തിലും ആയിരുന്നു. എസ്സ്. എൻ. ഡി. പി. യോഗത്തിന്റെ കാൎയ്യദൎശിയായിരുന്നു് അതിനു വരുത്തിയ വ്യാപ്തിയും സംഘടനയും എല്ലാവൎക്കും അറിയാവുന്നതാണല്ലോ. എസ്സ്. എൻ. ഡി. പി. യോഗത്തിന്റെ ജീവൻ മി. മാധവനായിരുന്നു എന്നു് പറയുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല.

ഒരു സമുദായനേതാവിനു വേണ്ട പല ഗുണങ്ങളും അദ്ദേഹത്തിലുണ്ടായിരുന്നു. ധീരത, കൎമ്മകുശലത, സ്ഥിരത, ആത്മശുദ്ധി, നിഷ്കപടത, മുതലായവ അദ്ദേഹത്തിന്റെ ഗുണങ്ങളിൽ ചിലതാണു്. മനസ്സാക്ഷിക്കു വിരോധമായി അദ്ദേഹം പ്രവൎത്തിക്കാറു പതിവില്ലായിരുന്നു. എന്നാൽ കേവലം ഉപരിപ്ലവബുദ്ധിയായിരുന്നില്ല. ഒരു കാൎയ്യത്തെപ്പറ്റി നല്ലപോലെ ചിന്തിച്ചു മനസ്സിലാക്കിയിട്ടേ അക്കാൎയ്യത്തിനായി പുറപ്പെട്ടിരുന്നുള്ളു. സാമുദായികകാൎയ്യങ്ങളിലെന്നപോലെ രാഷ്ട്രീയകാൎയ്യങ്ങളിലും അദ്ദേഹം ഒരു ഉല്പതിഷ്ണുവായിരുന്നു. ന്യൂനപക്ഷക്കാരായ സ്വസമുദായത്തിന്റെ അവശതകൾ നീങ്ങി, അവകാശങ്ങൾ ലഭിച്ചതിനുശേഷമേ രാജ്യത്തെ പൊതുവെ ബാധിക്കുന്ന സൽകൃത്യങ്ങൾ നടപ്പിൽ വരാവൂ എന്നും, അവയിൽ പങ്കുകൊള്ളുകയുള്ളു എന്നും ഉള്ള അന്തസ്സാരവിഹീനമായ മൎക്കടമുഷ്ടി അദ്ദേഹത്തിനുണ്ടായിരുന്നില്ല. യോഗ്യന്മാരെ അകാരണമായി ആക്ഷേപിച്ചു യോഗ്യനെന്നു നടിക്കുകയോ, അന്യസമുദായക്കാരെ ആക്ഷേപിക്കുകയോ, മനസ്സാക്ഷിയെ വഞ്ചിച്ചു പ്രവൎത്തിക്കുകയോ ചെയ്തിരുന്നില്ല. അദ്ദേഹം ഒരു യഥാൎത്ഥഹിന്ദുവായിരുന്നു. ഹിന്ദുസമുദായത്തിലുള്ള ദോഷങ്ങൾ അറിഞ്ഞു് അവയെ പരിഹരിക്കുന്നതിനാണു് അദ്ദേഹം ശ്രമിച്ചിരുന്നതു്. വളരെക്കാലമായി ദൃഢമൂലമായിക്കിടക്കുന്ന അനാചാരങ്ങൾ ഒന്നോ രണ്ടോ ദിവസം കൊണ്ടു നീങ്ങിപ്പോകുമെന്നോ, നീക്കാമെന്നോ അദ്ദേഹം വിചാരിച്ചിരുന്നില്ല. ഹിന്ദുമതത്തിൽനിന്നു, ക്രിസ്തുമതത്തിലേക്കും, ബുദ്ധമതത്തിലേക്കും, നിരീശ്വരമതത്തിലേക്കും, പിന്നീടു യുക്തിമതത്തിലേക്കും പിന്നെ തിരിച്ചും മറിച്ചും ഇന്നു ചില പ്രമാണികൾ ചാടുന്നതുപോലെ അദ്ദേഹം ചെയ്തിരുന്നില്ല. നല്ലപോലെ സംസാരിക്കുന്നതിനും അദ്ദേഹത്തിനു വശമായിരുന്നു. ഈ വക ഗുണങ്ങൾ കൊണ്ടാണു് അദ്ദേഹം ഈഴവസമുദായത്തിന്റെ സൎവ്വസമ്മതനായ നേതാവായിത്തീൎന്നതു്. ഇന്നു അദ്ദേഹത്തെപ്പോലെയുള്ള ഒരു നേതാവു് ഈഴവസമുദായത്തിലില്ല. അദ്ദേഹം മരിച്ചിട്ടു് ഒരുമാസം കഴിയുന്നതിനു മുമ്പുതന്നെ എസ്സ്. എൻ. ഡി. പി. യോഗത്തിൽ കശപിശയുണ്ടായി പിരിഞ്ഞതു ആ സമുദായത്തിനും അതിലെ ഇന്നത്തെ നേതാക്കന്മാൎക്കും ആക്ഷേപാൎഹമാണല്ലോ.

മി: മാധവൻ കാസരോഗബാധിതനായിട്ടു വളരെക്കാലമായിരുന്നു. സമുദായത്തിനു വേണ്ടിയുള്ള അദ്ദേഹത്തിന്റെ അക്ഷീണപരിശ്രമമാണു് ആരോഗ്യത്തെ നശിപ്പിച്ചു ഇത്രവേഗം മൃത്യുവിനിരയാക്കിത്തീൎത്തതു്. അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തിയെ പ്രാൎത്ഥിക്കുന്നു.

ഈയവസരത്തിൽ ഈഴവസമുദായത്തോടു രണ്ടുവാക്കുകൂടി പറഞ്ഞുകൊള്ളുന്നു. സമുദായപരിഷ്കാരം ലഘുസാദ്ധ്യമായ ഒരു ജോലിയല്ല. അതു് ദീൎഘകാലത്തെ അതിപരിശ്രമംകൊണ്ടേ സാധിക്കയുള്ളു. ശരിയായി ആലോചിക്കാതെ, ഉപരിപ്ലവബുദ്ധികളും, സ്വാൎത്ഥതല്പരരും, കപടസന്ന്യാസികളുമായ ചില നേതാക്കന്മാരുടെ ദുരുപദേശം കേട്ടു കാലുതെറ്റി വീഴരുതു്. സധൈൎയ്യം ഓരോ കാൎയ്യങ്ങൾക്കായി ശ്രമിച്ചു്, അതു സാധിക്കുക. മറ്റു സമുദായക്കാരെ ദുഷിക്കാതെ അവരുടെ സഹായത്തെ സമ്പാദിക്കുക. വിശ്രുതിപെറ്റ റോമാസാമ്രാജ്യത്തിന്റെ പ്രഭുവൎഗ്ഗക്കാരായ 'പെറ്റീഷ്യൻ'കാരുടേയും അധഃകൃതവൎഗ്ഗക്കാരായിരുന്ന 'പ്ലെബിയൻ'കാരുടേയും ചരിത്രത്തേയും, അവൎതമ്മിലുണ്ടായിരുന്ന മത്സരത്തേയും, അവർ ഉപയോഗിച്ച മാൎഗ്ഗങ്ങളേയും, അവിടെ ലഭിച്ച സഹായങ്ങളേയും, സിദ്ധിച്ച വിജയത്തേയും പറ്റി അവധാനപൂൎവ്വം ചിന്തിക്കുക.

## DO YOU KNOW.

THAT

# The "Indian Educator"

is high class illustrated monthly of literary, scientific and educational interest.

It contains a choice variety of articles on all topics of interest and importance, contributed by men and women of eminent scholarships and high academic attainments.

It has got Subscribers in all parts of the world, and is becoming increasingly popular.

It reaches all classes of people, in all walks of life.

It is controlled by an highly influential and capable Editorial Board.

It is the best medium for Reviews of books for, "**The Indian Educator**" goes to all educational institutions, clubs, libraries and Reading Rooms.

It is the best and cheapest mediun for Advertisements.

THEREFORE SUBSCRIBE TO AND ADVERTISE IN

THE "INDIAN EDUCATOR"

*Managing Editor*—Mr. Aravamuda Aiyengar B. A. L. T.

Representative—Mr. K. P. Padmanabhan Thampi.

| | | | |
|---|---|---|---|
| *Subscription Rates* | INDIA | Rs. | 2 |
| | AMERICA | $ | 1 |
| | EUROPE | Sh. | 4 |

*For further Particulars please apply to;*

Mr K P. Padmanabhan Thampi.

Representative "THE INDIAN EDUCATOR"

**"New Lodge," Chettikulangara,**

Trivandrum Post, Travncore State S. INDIA

---

## ഈശ്വരവിലാസം പുസ്തകശാല

## പറവൂർ

ഇവിടെ ഉള്ളൂർ, വള്ളത്തോൾ, കുമാരനാശാൻ, ഈശ്വരപിള്ള, അപ്പൻതമ്പുരാൻ മുതലായ സാഹിത്യകാരന്മാരുടെ കൃതികൾ വില്പാനുണ്ട്. കൂടാതെ, വൈദ്യം, ജ്യോതിഷം, വേദാന്തം, മുതലായ വിഷയങ്ങളെ സംബന്ധിച്ചുള്ള പുസ്തകങ്ങളും പലതരം നോവലുകളും കിട്ടുന്നതാണ്.

മാനേജർ.

ഈശ്വരവിലാസം പുസ്തകശാല

(തി) പറവൂർ.